www.malankaralibrary.com



# രജതരശ്മികൾ

വി. കിളിഞ്ഞിമല

www.malankaralibrary.com

# രജതരശ്മികൾ

SACRED HEART LEAGUE
ALWAYE

www.malankaralibrary.com

[Malayalam]

RAJATHA RASMIKAL

( Biographical Sketches )

By

*V. Kilichimala*

First Published, October 1990

Publishers
S. H. League, Alwaye-683 103
Kerala, India

Copies 1500

Price Rs. 12

Cover: Raju

Copyright
V. Kilichimala

Printed at
J. M, Press, Alwaye-3

www.malankaralibrary.com

# രജതരശ്മികൾ

വി. കിളിച്ചിമല

പ്രസാധകർ

എസ്. എച്ച്. ലീഗ്,

ആലുവാ-683 103

വില 12 രൂ.

www.malankaralibrary.com

## വി. കിളിച്ചിമലയുടെ കൃതികൾ

അന്നം പാലേ കുടിച്ചിട്ട (സാഹിത്യലേഖനങ്ങൾ)

പുലരിപ്പൂക്കൾ (കവിതാസമാഹാരം)

മാർ ഈവാനിയോസ്, ഒരു പഠനം

വി. ജോൺ വിയാനി (ജീവചരിത്രം)

മോൺ. വടക്കേര (,, )

വി. ബർണർദീത്താ (,, )

ആദർശദീപങ്ങൾ (ജീവിതചിത്രീകരണം)

രജതരശ്മികൾ ,,

വിശ്രമവും വിചിന്തനവും (പ്രബന്ധങ്ങൾ)

എക്യുമെനിസം (പ്രബന്ധം)

ഐക്യത്തിന്റെ വിളി ,,

അന്ത്യോക്യയോ റോമയോ? ,,

കണ്ണുതുറപ്പിച്ച വട്ടിപ്പണം (കഥാപ്രസംഗം)

www.malankaralibrary.com

# പ്രസ്താവന

തൻകാര്യം കാണലിനോടൊപ്പം ആത്മത്രാണനം; തൻകാര്യത്തിനുവേണ്ടി അന്യകാര്യഹനനം; തൻകാര്യം വെടിഞ്ഞുപോലും പരസേവനം — പല തരക്കാരാണ് ആളുകൾ. ഒന്നും രണ്ടും ഗണത്തിൽ ഏറെപ്പേരുകാണും. മൂന്നാം നിരക്കാർ ചുരുങ്ങും. അത്തരം ആറുപേരുടെ ചിത്രീകരണമാണ് "രജതരശ്മികൾ". കേരളത്തോടു ബന്ധപ്പെട്ടവരാണെല്ലാം. ഈ മണ്ണിൽപിറന്നു വളർന്നവരത്രേ രണ്ടുപേർ; ഭാരതപൗരത്വം സ്വീകരിക്കയും കേരളത്തിൽ ജീവിക്കയും ചെയ്ത ഹിസ്പാനിയാക്കാരാണ് ഇരുവർ; സന്ദർശനംകൊണ്ടു കേരളത്തെ ധന്യമാക്കിയ വിശ്വപ്രസിദ്ധരായ രണ്ടു പോളണ്ടുകാരത്രേ ശേഷിക്കുന്നവർ.

പ്രചോദനമരുളുന്നതാണ് ഓരോ ചിത്രവും. ആത്മത്യാഗത്തിന്റെ അന്യാദൃശത, ആത്മാഹൂതിയുടെ അനർഘത, ആധ്യാത്മികോദ്ധൃതിയുടെ ഉത്തുംഗത, അനുരഞ്ജനത്തിന്റെ വശ്യത, ധാർമ്മികസ്ഫുലിംഗത്തിന്റെ ചാരുത, രക്തസാക്ഷിത്വത്തിന്റെ സാഹസികത തുടങ്ങി ഉദാത്തതയുടെ കഥ ഓരോ ചിത്രവും പറയും.

ഭാവഗംഭീരതയുടെ ഉടമകളാണ് അണിനിരക്കുന്നതു്. "വിമാനത്തിൽ പറന്നുയരുമ്പോൾ സ്വർഗ്ഗത്തോടു സമീപസ്ഥമാകു"മെന്നു ഒരുവൻ; "വിശുദ്ധജീവിതം ദുസ്തരമല്ലേ"ന്നു അപരൻ; "ആധ്യാത്മികത കൂടാതെ ഭൗതികത മുററുകയില്ലേ"ന്നു മൂന്നാമൻ; സർവ്വാതിശാ

www.malankaralibrary.com


യിയായ സൗഹൃദവാദി ഇനിയൊരുവൻ; സാമ്രാജ്യിക ക്രമം നേരിടുന്ന ഭീഷണിയാണ് ഇന്നത്തെ വിപത്തെന്നു കരുതുന്ന ശുലികായോധൻ; കടലും കരയും നാട്ടാർക്കുവേണ്ടി താണ്ടുന്നതു് അധികപ്പററല്ലെന്നു കാട്ടുന്ന കർമ്മസിദ്ധൻ — ധീരമതികളുടെ സജീവസാന്നിധ്യം ഓരോ ചിത്രത്തേയും ജീവത്താക്കും.

സ്ക്വാഡ്രൺ ലീഡർ മാത്യു സിറിയക്കിനെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചുതന്നതു് അദ്ദേഹത്തിൻെറ പിതൃസഹോദരനായ ഫാ. ജോസഫ് വടക്കേക്കരയാണ്. അന്യഥാ ലഭ്യമല്ലാതിരുന്ന രേഖകൾ നല്കിയതിനു ആ പ്രിയ സുഹൃത്തു് അർഹിക്കുന്നതു ചെറിയ കടപ്പാടല്ല.

ആലുവാ ജെ. എം. പ്രസ്സിൻെറ മുദ്രണകുശലത ഇക്കൃതിയുടെ ആകൃതിഭംഗിയെ തലോടിയിട്ടുണ്ടു്.

ആദർശചിത്രങ്ങൾ ആരായുന്നവർക്കു ''രജതരശ്മികൾ'' സൗഹിത്യമേകട്ടെ!

ഗ്രന്ഥകർത്താ

പൊന്തിഫിക്കൽ സെമിനാരി
ആലുവാ—683 103
12—10—1990

www.malankaralibrary.com

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| | പ്രസ്താവന | v |
| 1. | സ്ക്വാഡ്രൺ ലീഡർ മാത്യു സിറിയക്ക് | 9 |
| 2. | മാക്സിമില്യൻ കോറംബേ | 43 |
| 3. | മലയാളക്കരയെ സ്നേഹിച്ച രണ്ടു ദൈവദാസന്മാർ | 58 |
| 4. | ഫാ. സക്കറിയാസ്, അനന്തരഞ്ജനദ്ദുതൻ | 66 |
| 5. | ബിഷപ്പ് വൊയ്ററീവ | 79 |
| 6. | മാർ യൗസേപ്പ് കരിയാററി | 93 |

www.malankaralibrary.com

# I

# സ്ക്വാഡ്രൺ ലീഡർ മാത്യു സീറിയക്ക്*

## ആത്മത്യാഗത്തിൻെറ ഒരു സംഭവവിവരണം

### I രാഷ്ട്രത്തിൻെറ അനുശോചനം

''ന്യൂഡൽഹി
നവംബർ 5, 1979

പ്രിയ ശ്രീമതി മാത്യു,

വിമാനദുരന്തത്തിൽനിന്നു കഷ്ടിച്ചു രക്ഷപ്പെട്ടു ഞാൻ തിരച്ചെത്തിയതേയുള്ളു. നിങ്ങളുടെ ഭർത്താവിനു ആ അപകടക്കെണിയിൽനിന്നു വിടുതൽ കിട്ടിയില്ല. ആ ധീരയുവാവിനു ജീവത്യാഗം ചെയ്യേണ്ടി വന്നു. മരണം മടിയിലെടുക്കുന്നതിനുമുമ്പു ആ സാഹസികനു സംഭവിച്ചതെല്ലാം നേരിൽ കണ്ടുകൊണ്ടു ഞാൻ കൂടെയുണ്ടായിരുന്നു. നികത്താനാവാത്ത ആ നഷ്ടത്തെപ്പററി

---

* പ്രേഷിതകേരളം 1989 ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, ഡിസംബർ ലക്കങ്ങളിൽ പ്രസിദ്ധീകരിച്ചത്.

www.malankaralibrary.com


യറിഞ്ഞു നിങ്ങളും കുടുംബവും അനുഭവിച്ച വേദനയുടെ കഠോരത എങ്ങനെ കുറയ്ക്കും ? ഇത്തരം സന്ദർഭങ്ങളിൽ ആശ്വാസവാക്കുകൾ എത്ര അപര്യാപ്തം ! ആത്മാർത്ഥമായ അനുശോചനവും സഹതാപവും അറിയിക്കാനേ എനിക്കു സാധിക്കൂ. വിധിയുടെ നീക്കത്തോടു ചേർന്നു പോകാതെ ഗത്യന്തരമില്ലല്ലൊ. നിങ്ങളോടുള്ള സഹതാപസൂചകമായി 10000/– രൂപയുടെ ചെക്ക് ഇതോടൊപ്പം അയയ്ക്കുന്നു. സദയം സ്വീകരിക്കുക.

ആത്മാർത്ഥതയോടെ,

മൊറാർജിദേശായി''

ഇന്ത്യൻ പ്രധാനമന്ത്രിയുടെ സാന്ത്വനസന്ദേശമാണിത്. രാഷ്ട്രത്തിനുവേണ്ടി ത്യാഗത്തിൻെറ ബലിപീഠത്തിനു മുമ്പിൽ വീരമരണം ഏററുവാങ്ങിയ ഒരു ധീരയുവാവിൻെറ സാഹസികതയാണ് ഇവിടെ എടുത്തുകാട്ടുന്നത്. അതുമൂലം അകാലവൈധവ്യം പ്രാപിച്ച മധ്യവയസ്കയായ സാധ്വിയുടെയും കുടുംബത്തിൻെറയും പേർക്കു രാഷ്ട്രനേതാക്കന്മാരുടെ അനുശോചനങ്ങൾ ഒഴുകി. ശ്രീമതി ഇന്ദിരാഗാന്ധി എഴുതി:

''പരിചയസമ്പന്നനും നല്ലവനുമായ വൈമാനികനായിരുന്നു സ്ക്വാഡ്രൺ ലീഡർ മാത്യുസിറിയക്ക്. ആ വിമാനാപകടം ഞങ്ങളെ ഞെട്ടിച്ചു. അപ്രതീക്ഷിതമരണം ആരെയാണ് ദുഃഖത്തിലാഴ്ത്താതിരിക്കുക ! നിങ്ങളെ ആശ്വസിപ്പിക്കാൻ വാക്കുകൾക്കു ആവില്ല. രാജ്യം മുഴുവൻ നിങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്നു. നിങ്ങളെപ്രതി, നിങ്ങളുടെ മക്കളെപ്രതി ഈ ദുഃഖം സഹിക്കുന്നതിനുള്ള ശക്തി നിങ്ങൾക്കു ലഭിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

www.malankaralibrary.com



"വിമാനത്തിൽ പറന്നുയരുമ്പോഴ് സ്വർഗ്ഗത്തോടും ദൈവത്തോടും സമീപസ്ഥമാകുകയാണ്. അവിടെനിന്നു സ്വർഗ്ഗത്തിലെത്താൻ എളുപ്പമാണ്"

സ്ക്വാഡ്രൺ ലീഡർ മാത്യു സിറിയക്ക്.

www.malankaralibrary.com



നിങ്ങൾക്കും കുടുംബത്തിനും ആത്മാർത്ഥമായ അനുശോചനങ്ങൾ.

ഇന്ദിരാഗാന്ധി''

കർത്തവ്യനിർവ്വഹണത്തിനിടയിലെ ധീരമരണം. വീരോചിതമെന്നാണു അതു വിശേഷിപ്പിക്കപ്പെട്ടതു്. വീരന്മാരുടെ പാരമ്പര്യം മുറുകെപ്പിടിക്കുകയാണു് സ്ക്വാഡ്രൺ ലീഡർ മാത്യു ചെയ്തതെന്നത്രേ ഇന്ത്യാഗവർമ്മേൻറിൻെറ സംസ്ഥാനവിദ്യാഭ്യാസമന്ത്രിണി ശ്രീമതി രേണുകാദേവി ബർകടകി അനുശോചനസന്ദേശത്തിലൂടെ പ്രസ്താവിച്ചതു്.

''ഭർത്താവിൻെറ മരണം എന്തൊരു നഷ്ടമാണു് നിങ്ങൾക്കുണ്ടാക്കിയിരിക്കുന്നതെന്നു് ഒരു സ്ത്രീയെന്നനിലയിൽ എനിക്കറിയാം. ഈ അഗാധദു:ഖം താങ്ങുന്നതിനുള്ള ശക്തി സർവ്വേശ്വരൻ നല്കട്ടെ! ആ രാജ്യസ്നേഹിയുടെ ആത്മാവിനു നിത്യശാന്തി ലഭിക്കട്ടെ!

സമർത്ഥനായ ഒരു യോദ്ധാവായിരുന്നു സ്ക്വാഡ്രൺ ലീഡർ മാത്യു. ചുമതലാനിർവ്വഹണത്തിനിടയിലാണു് ആ സാഹസികൻ മരണം കൈവരിച്ചതു്. അതുമൂലം ഈ രാജ്യത്തെ വീരന്മാരുടെ പാരമ്പര്യം ആ യുവസിംഹം മുറുകെപ്പിടിച്ചിരിക്കുന്നു. ആ ആകസ്മിക നിര്യാണവാർത്ത എന്നെയും കുടുംബത്തെയും ഞെട്ടിച്ചു.

രേണുകാദേവി ബർകടകി''

കമാൻഡിംഗ് ഓഫീസർ ക്യാപ്ററൻ മൽഹോത്ര (Malhotra) രേഖപ്പെടുത്തിയതു് നികത്താനാവാത്ത ഒരു നഷ്ടം രാജ്യത്തിനു മൊത്തത്തിൽതന്നെ ശ്രീ. മാത്യുവിൻെറ തിരോധാനം വരുത്തിയിട്ടുണ്ടെന്നത്രേ.

www.malankaralibrary.com



''പ്രിയ മിസിസ് മാത്യു,

ഈ സ്ക്വാഡ്രനിലെ ഓരോ വ്യക്തിയുടെയും പേരിൽ ആത്മാർത്ഥമായ അനുശോചനം അറിയിക്കട്ടെ! കർത്തവ്യനിർവ്വഹണത്തിനിടയിലെ ധീരമായ ജീവത്ത്യാഗമാണിത്. സേവനരംഗത്തിന്റെ നല്ല പാരമ്പര്യം അനുഷ്ഠിക്കലത്രേ ഉദാത്തമായ ഈ ജീവിതസമർപ്പണം.

നിങ്ങൾക്കോ ഞങ്ങൾക്കോ ഇൻഡ്യൻ എയർഫോഴ്സിനോ മാത്രമല്ല ഭാരതത്തിനു മൊത്തം തന്നെ ഈ യുവയോദ്ധാവിന്റെ വിയോഗം ഒരു തീരാനഷ്ടമാണ്.

അദ്ദേഹത്തെ ഞങ്ങൾ എന്നും ഓർമ്മിക്കും. അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കും. നിങ്ങൾക്കു വേണ്ട മനോധൈര്യം ആശംസിക്കയും ചെയ്യുന്നു.

ക്യാപ്റ്റൻ മൽഹോത്ര''

## II ഓർക്കാപ്പുറത്തുണ്ടായ ഷോക്ക്

അപ്രതീക്ഷിത ദുരന്തം — അതത്രെ മിസ്സിസ്സ് കാതറയിൻ മാത്യുവിന്റെ വേദനയെ ഏറെ ദുർവ്വഹമാക്കിയത്. അന്നവൾ ന്യൂഡൽഹിയിൽ ബി. എഡിനു പഠിക്കുകയാണ്. അവിടെ വി. ഐ. പി. സ്ക്വാഡ്രണിലാണ് മാത്യുവിനു ജോലി. ആ ദമ്പതികൾക്കു ക്രൂപ എന്ന ഏക മകൾ മാത്രമാണുള്ളത്. ക്രൂപയുടെ അഞ്ചാം പിറന്നാൾ നവംബർ 6–നാണ് ആഘോഷിക്കേണ്ടിയിരുന്നത്. ആ സന്തോഷത്തിൽ പങ്കുകൊള്ളുവാൻ പുത്രീവത്സലനായ പ്രിയപിതാവു ഇല്ലാതെ പോയി. രണ്ടുദിവസം മുമ്പുള്ള വേർപിരിയൽ!

www.malankaralibrary.com


പൈലററിംഗിൽ വിദഗ്ദ്ധനായിരുന്നു മാത്യു. രാഷ്ട്രപതി, പ്രധാനമന്ത്രി തുടങ്ങിയവരെ വ്യോമസേനാ വിമാനത്തിൽ കൊണ്ടുപോകുന്നതിനു പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ചുരുക്കം ചിലരിൽ ഒരാളായിരുന്നു ആ വൈമാനികൻ. ഇന്ദിരാഗാന്ധിയുടെ പൈലററായി അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ടു്. സുമാർ 43 ദിവസംമുമ്പു സെപ്റ്റംബർ 22-ാം തീയതി പ്രധാനമന്ത്രി മൊറാർജി ദേശായി കേരളം സന്ദർശിച്ചു. അന്നു വിമാനം പൈലററു ചെയ്തിരുന്നതു് മാത്യൂസ് ആയിരുന്നു. തദവസരത്തിൽ ആ യുവാവു മുക്കടയുള്ള സ്വവസതിയിലെത്തുകയും മാതാപിതാക്കന്മാരെ കാണുകയും ചെയ്തു. അതു അന്ത്യസന്ദർശനമായിരുന്നുവെന്നു മാതാപിതാക്കന്മാരോ കേരളദേശമോ കരുതിയിരുന്നില്ല.

27 ദിവസംകൂടി കഴിഞ്ഞു മാത്യൂസിൻെറ 36-ാം ജന്മദിനം ആഘോഷിക്കേണ്ടിയിരുന്നതാണു്. അതു സംഭവിച്ചില്ല. ഭൂമിയിലെ ആഘോഷങ്ങളിൽ ഇനി സംബന്ധിക്കേണ്ടതില്ല, സ്വർഗ്ഗത്തിലുള്ളതുമതി എന്ന സ്ഥിതിയിൽ ധീരനായ ആ പൈലററു് എത്തിക്കഴിഞ്ഞു.

## III ജോർഹട്ടു് വിമാനദുരന്തം

ആസാമിനടുത്താണു് ജോർഹട്ടു്. 1977 നവംബർ 4-ാം തീയതി അവിടെ വിമാനാപകടം ഉണ്ടായി. ഇന്ത്യയെ ഞെട്ടിച്ച ആ ദുരന്തം. പ്രധാനമന്ത്രി മൊറാർജിദേശായി സഞ്ചരിച്ച വിമാനമാണു് അപകടത്തിൽപ്പെട്ടതു്. ആ വാർത്ത മാധ്യമങ്ങളെല്ലാം ആവർത്തിച്ചു. ''ജോർഹട്ടു് വിമാനാപകടം'', ''വിമാനം നശിച്ചു'', ''അഞ്ചു് ജീവനക്കാർ മരിച്ചു'', ''ചതുപ്പുപാടത്തിൽ

www.malankaralibrary.com


വിമാനം ഇടിച്ചിറങ്ങി'' — എന്നെല്ലാമാണ് വാർത്തകഠം ഉയന്നത്.

വടക്കുകിഴക്കൻപ്രദേശങ്ങഠം സന്ദർശിക്കുന്നതിനാണ് ശ്രീ. ദേശായി ഡൽഹിയിൽനിന്നും തിരിച്ചത്. ആറു ദിവസത്തേക്കായിരുന്നു പരിപാടി. വൈകിട്ട് 6.45-നു പ്രധാനമന്ത്രിയും സംഘവും ജോർഹട്ട് വിമാനത്താവളത്തിൽ എത്തുമെന്നായിരുന്നു കണക്കുകൂട്ടൽ. വിമാനത്തിനു അവിടെ ഇറങ്ങാൻ കഴിഞ്ഞില്ല. പ്രതികൂല കാലാവസ്ഥയായിരുന്നു കാരണം. റൺവേ വിട്ടുപാഞ്ഞ വ്യോമയാനം ഒരു ചതുപ്പുപാടത്തിൽ ഇടിച്ചിറങ്ങി. ടെട്ടലഗോണിലായിരുന്നു ആ ചതുപ്പുപാടം. വിമാനത്തിന്റെ യന്ത്രത്തകരാർ ജീവനക്കാർ കണ്ടുപിടിച്ചു. പ്രധാനമന്ത്രിയേയും സംഘത്തേയും രക്ഷിക്കാൻ ക്രാഷ് ലാൻഡുചെയ്യൽ മാത്രമേ നിർവ്വാഹമുള്ളു എന്നവർ തീരുമാനിച്ചു. ആ തീരുമാനം ഗ്രൗണ്ടുകൺട്രോളിനെ അവർ അറിയിക്കയും ചെയ്തു.

നാട്ടുമ്പുറത്തെ ദൃക്സാക്ഷികഠം ഈ അപകടത്തെപ്പറ്റിപ്പറയുന്നു: ജോർഹട്ട് വിമാനത്താവളത്തിലെ റൺവേയിലിറങ്ങാൻ വിമാനത്തിനു കഴിഞ്ഞില്ല. അകലെ ഇടിച്ചിറങ്ങുന്നതിനുമുമ്പായി വിമാനം രണ്ടു പ്രാവശ്യം വിമാനത്താവളത്തെ ചുററിപ്പറന്നു. അതിനിടയിൽ ഒരു മരത്തിലിടിച്ച് വിമാനത്തിന്റെ ഒരു ചിറകു തകൎന്നു. തുടർന്നു നിലത്തേക്കു ഇടിച്ചിറങ്ങിയ വിമാനം ചതുപ്പായ നെൽപ്പാടത്തിലൂടെ കുറെ ദൂരം പാഞ്ഞോടി; നിബിഡമായ ഒരു മുളങ്കാടിനടുത്തു ചെന്നുനിന്നു. വിമാനത്തിന്റെ കോക്കപിററ് ആകെ തകർന്ന നിലയിലായി. ഇടിച്ചിറങ്ങിയ ഉടൻ വിമാനത്തിന്റെ ഒരു വശത്തു തീപിടിത്തമുണ്ടായി. ഉടനെതന്നെ ജീവന

www.malankaralibrary.com



ക്കാർ അതു കെടുത്തി; എമർജൻസികവാടങ്ങൾ തുറന്നു് അകത്തുണ്ടായിരുന്നവരെ രക്ഷപ്പെടുത്താൻ സഹായിച്ചു.

ഇന്ത്യയിൽ ഒരു പ്രധാനമന്ത്രി ഉൾപ്പെട്ട വിമാനാപകടം മുമ്പുണ്ടായിട്ടില്ല. ഡപ്യൂട്ടി പ്രധാനമന്ത്രിയായിരുന്ന സർദാർ പട്ടേലിനു് ഒരനുഭവമുണ്ടായിട്ടുണ്ടു്. 1948-ലാണതു്. ജയ്പൂരിലേക്കു പോകുന്ന വഴിക്കു് സർദാർ സഞ്ചരിച്ചിരുന്ന വിമാനം ഇടിച്ചിറങ്ങേണ്ടിവന്നു. 1965-ൽ ഗുജറാത്തു് മുഖ്യമന്ത്രിയായിരുന്ന ബൽവന്തറായിമേത്ത വിമാനാപകടത്തിൽ മരിച്ചു. ഇന്ത്യാ-പാക് യുദ്ധം നടക്കുന്ന കാലമായിരുന്നു അതു്. വെടിയേററാണത്രേ ആ വിമാനം തകർന്നതു്. കേന്ദ്രമന്ത്രിയായിരുന്ന മോഹൻ കുമാരമംഗലം മദ്രാസിൽനിന്നു ഡൽഹിക്കു ഇന്ത്യൻ എയർലൈൻസു് വിമാനത്തിൽ പറന്നു. ഡൽഹിയിലെത്തുന്നതിനു തൊട്ടുമുമ്പു് വിമാനം തകർന്നു. ജോർഹട്ടു് അപകടം ഇതിൽ നിന്നെല്ലാം വ്യത്യസ്തമാണു്. ഇന്ത്യൻ എയർഫോഴ്സിൻെറ പ്രത്യേക വിമാനമാണതു്. പ്രസിഡണ്ടിനോ പ്രധാനമന്ത്രിക്കോ മാത്രം യാത്രചെയ്യാൻ ഉപയോഗിക്കുന്നതാണാ വിമാനം. ടി. യു. 124 മോഡലിലുള്ള ഈ വിമാനം സോവ്യററു് യൂണിയനിൽ നിർമ്മിച്ചതാണു്. എൻജിൻ തകരാറത്രേ അപകടഹേതുവെന്നു പറയപ്പെടുന്നു. ജോർഹട്ടിലെ കാലാവസ്ഥ വളരെ മോശമായിരുന്നെന്നതും കാരണമാണു്.

ജോർഹട്ടു് വിമാനത്താവളവുമായുള്ള റേഡിയോ ബന്ധം വിമാനത്തിനു നഷ്ടപ്പെട്ടു. അപകടസ്ഥിതി മണത്തറിഞ്ഞ ഐ. എ. എഫ്. ഹെലികോപ്ടർ ഉടൻ തന്നെ ജോർഹട്ടിൽനിന്നു വിമാനംതേടി പുറപ്പെട്ടുകഴിഞ്ഞിരുന്നു. ആസാം മുഖ്യമന്ത്രി എസ്. സി. സിൻഹ

www.malankaralibrary.com


യും മന്ത്രിമാരും ചീഫ് സെക്രട്ടറി ഭട്നഗറും മററു സീനിയർ പോലീസ് ഉദ്യോഗസ്ഥന്മാരും അപകട സ്ഥലത്തേക്ക പാഞ്ഞെത്തി.

## IV അത്ഭുതകരമായ രക്ഷപ്പെടൽ

''ദേശായിയുടെ രക്ഷപ്പെടൽ'', ''എങ്ങും ആശ്വാസം'' എന്ന വാർത്തയാണ് എവിടെയും മുഴങ്ങിക്കേട്ടതു്. ടെട്ടലഗോണിലെ ചതുപ്പുപാടത്തിൽ ഇടിച്ചു വീണ വിമാനത്തിൽനിന്ന ദേശായി രക്ഷപ്പെട്ടു; നെൽപ്പാടത്തിലൂടെ കുറച്ചു ദൂരം നടന്നു. നാലഞ്ചു ഗ്രാമീണർ ചേർന്നു അദ്ദേഹത്തെ അടുത്ത ഗ്രാമത്തിലെത്തിച്ചു. മുറിവേററ ചുണ്ടിൽനിന്ന ചോര വാർന്നൊലിച്ചുകൊണ്ടിരുന്നു. യാതൊരു പരിഭ്രമവും അദ്ദേഹത്തിനുണ്ടായിരുന്നില്ല. ഒരു ഗ്രാമവസതിയിൽ എത്തിയ അദ്ദേഹത്തിന്റെ ചുണ്ട് കഴുകിവൃത്തിയാക്കി; അവിടെയുണ്ടായിരുന്ന മരുന്നുപുരട്ടി. അദ്ദേഹത്തെ ഭക്ഷണത്തിന അവർ ക്ഷണിച്ചു. ''പഴവർഗ്ഗങ്ങളാണു് തന്റെ ആഹാരം'' എന്നുപറഞ്ഞു് ക്ഷണം അദ്ദേഹം കൃതജ്ഞതാപൂർവ്വം നിരാകരിച്ചു. ജോർഹട്ട് എയർഫോഴ്സ് ആശുപത്രിയിൽ ഉടനെതന്നെ അദ്ദേഹത്തെ പ്രവേശിപ്പിച്ചു.

അത്യത്ഭുതകരമായി രക്ഷപ്പെട്ട പ്രധാനമന്ത്രിക്ക രാഷ്ട്രപതിയും കേന്ദ്രമന്ത്രിമാരും ആയിരക്കണക്കിന ആരാധകരുംചേർന്നു് ഡൽഹിയിൽ ആവേശോജ്വലമായ സ്വീകരണം നല്കി. പത്രലേഖകരുടെ ചോദ്യങ്ങൾക്ക് അദ്ദേഹം മറുപടി നല്കി: ''എനിക്ക പൂർണ്ണസുഖം തോന്നുന്നു.''

''വിമാനം നിലത്തു ഇടിച്ചിറങ്ങിയപ്പോൾ അങ്ങേയ്ക്കു് എന്തു തോന്നി?'' ഒരാൾ ചോദിച്ചു.

www.malankaralibrary.com



"എനിക്കു യാതൊരു വ്യത്യാസവും തോന്നിയില്ല." മറുപടി.

"അപകടം എങ്ങനെയുണ്ടായി?"

"ഇപ്പോഴാകട്ടെ ഒന്നും പറയാനാവില്ല. അതൊരു അപകടമായിരുന്നു. ...ദൈവാനുഗ്രഹം രക്ഷിച്ചു. ഇതു എനിക്കു മറെറാരു പരീക്ഷണമായിരുന്നു."

അപകടത്തിൽ മരിച്ച അഞ്ചുപേരെപ്പററി പറഞ്ഞപ്പോഠം ആ നേതാവിൻെറ കണ്ണുമിടറി. അദ്ദേഹം പറഞ്ഞു: "അവർ ധീരന്മാരായിരുന്നു. അവരുടെ കുടുംബങ്ങഠംക്കു ഗവമ്മേൻറു എല്ലാ സഹായവും ചെയ്യും."

അപകടത്തെക്കുറിച്ചു സൂക്ഷ്മമായ അന്വേഷണം എയർചീഫ് മാർഷൽ എച്ച്. മൽഗാവ്ക്കർ നടത്തി. യാതൊരു അട്ടിമറിയും അപകടത്തിൻെറ പിന്നിലില്ലെന്നത്രേ അദ്ദേഹത്തിൻെറ സുചിന്തിതമായ അഭിപ്രായം.

## V സമാചാർലേഖകൻെറ ദൃക്സാക്ഷി വിവരണം

സമാചാർ ലേഖകനായ എൻ. വി. ആർ. സ്വാമി പ്രധാനമന്ത്രി മൊറാർജിദേശായിയോടൊപ്പം വിമാനത്തിലുണ്ടായിരുന്നു. വിമാനാപകടത്തെക്കുറിച്ചു അദ്ദേഹം നല്കുന്ന വിവരണം ശ്രദ്ധേയമാണ്.

"ന്യൂഡൽഹി, നവംബർ 6

വൈകിട്ട് അഞ്ചുമണി കഴിഞ്ഞപ്പോഠം പാലം വിമാനത്താവളത്തിൽനിന്നു പുഷ്പക് ജററ് യാത്രതിരിച്ചു. തികച്ചും സാധാരണമായിട്ടാണ് വിമാനം പറന്നുപൊങ്ങിയതു്. വരാനിരിക്കുന്ന അപകടത്തെക്കുറിച്ചു

www.malankaralibrary.com


യാതൊരു സൂചനയുമില്ലായിരുന്നു. മിനിററുകരംക്കകം അതു ഒൻപതിനായിരം മീററർ ഉയരത്തിലെത്തി. ആകാശവാണിയിലെ ഗോവിന്ദൻകുട്ടിയും ഞാനും പിന്നിൽ സംസാരിച്ചുകൊണ്ടിരുന്നു.

''സന്ധ്യ രാത്രിക്കു വഴിമാറി. ഗംഗാസമതലവും ബ്രഹ്മപുത്രാതാഴ്വരയും പിന്നിട്ടുകഴിഞ്ഞു; ഏഴരമണിയായപ്പോരം സീററുബെൽററു മുറുക്കാൻ നിർദ്ദേശം കിട്ടി. 15 മിനിട്ടിനകം വിമാനം ജോർഹട്ടിൽ ഇറങ്ങുമെന്നായിരുന്നു പ്രതീക്ഷ.

''പെട്ടെന്നു വിമാനമൊന്നു കുലുങ്ങി. താഴോട്ടുള്ള ഇറക്കത്തിനിടയ്ക്കു വിമാനം ചാഞ്ചാടുന്നതുപോലെ തോന്നി. അതിൽ അസാധാരണത്വമൊന്നും ചിന്തിച്ചില്ല. പുറത്തു കുററാക്കൂരിരുട്ട്. അതിനിടയ്ക്കു നക്ഷത്രങ്ങളെപ്പോലെ ജോർഹട്ടുപട്ടണത്തിലെ വിളക്കുകരം.

''വിമാനം നിലത്തെത്തുന്നതുംകാത്തു ഞങ്ങരം ഇരുന്നു. പെട്ടെന്നതു മേലോട്ടുപൊങ്ങി. ഉടനെ വീണ്ടും കീഴ്പോട്ടുതന്നെ പ്രയാണം തുടർന്നു.

''പരുക്കൻമട്ടിൽ കുലുങ്ങിത്തെറിച്ചുകൊണ്ട് ഞൊടിയിടയിൽ വിമാനം നിലംതൊട്ടു. ഇരുവശത്തേക്കും അതു ചാഞ്ചാടിക്കൊണ്ടിരുന്നു. ലഗ്ഗേജുറാക്കിലിരുന്ന സാധനങ്ങളെല്ലാം താഴെവീണു. വിമാനത്തിലെ വിളക്കുകരം അണഞ്ഞു. ഞാൻ അന്തംവിട്ടിരുന്നു. എന്റെ കണ്ണട തെറിച്ചുപോയി.

''പുറത്തുകടക്കൂ...... പിന്നിൽനിന്നും ഈ ആക്രോശം കേട്ടു. ഒരു വിമാനജോലിക്കാരൻ പിൻവാതിൽ തുറന്നുതന്നു. ഞങ്ങരം പുറത്തേക്കുചാടി. ചെളിയിലാണു

www.malankaralibrary.com


വീണതു്. ഏതാനും അടി മുന്നോട്ടുവെച്ചപ്പോൾ അരു ണാചൽ മുഖ്യമന്ത്രി പ്രേംതുംഗന്റെ ഞരക്കം കേട്ടു. അദ്ദേഹത്തെ പിടിച്ചെഴുന്നേല്പിച്ചപ്പോഴാണു് പ്രധാന മന്ത്രി എവിടെയെന്നു ഞങ്ങളോർത്തതു്.

''പിന്തിരിഞ്ഞുനോക്കി. വിമാനം കിടക്കുന്നിടത്തു തീ കണ്ടു. ഇന്റലിജൻസ്ബ്യൂറോ ജോയിന്റു ഡയറ ക്ടർ ജോൺ ലോബോയും പ്രധാനമന്ത്രിയുടെ രക്ഷാ ഉദ്യോഗസ്ഥനായ എം. എൻ. ജെസ്സുയും ചേർന്നു മൊ റാർജിയെ താഴെ ഇറക്കിക്കൊണ്ടുവന്നിരുന്നു. വി. ഐ. പി. സീററിലിരുന്നു ഞരങ്ങിക്കൊണ്ടിരുന്ന കാന്തി ലാൽ ദേശായിയെ ഇറക്കിക്കൊണ്ടുവരാൻ ലോബോ വിമാനത്തിനടുത്തേക്കു തിരിച്ചുപോയി.

''കാന്തിലാലിനെ ലോബോ സീററുബൽറേറാടെ തന്നെ വലിച്ചു പുറത്തെടുത്തു. ജെസ്സാ കൈപിടിച്ചു നടത്തിക്കൊണ്ടുവരികയായിരുന്ന പ്രധാനമന്ത്രിയുടെ മ റേറക്കൈയിൽപിടിച്ചു ഞാൻ അദ്ദേഹത്തെ നടക്കാൻ സഹായിച്ചു. ചെളിനിറഞ്ഞ പാടത്തു്. തുംഗൻ ഇരി ക്കുന്നതിനടുത്തേക്കു മൊറാർജിയെ എത്തിച്ചു.

''വിമാനത്തിനടുത്തുകണ്ട തീ അപ്പോഴേക്കും കെ ട്ടിരുന്നു. അപകടം പററാതിരുന്ന വിമാനജോലിക്കാർ ചേർന്നു അകത്തുള്ള മററു യാത്രക്കാരെ ഇറക്കിക്കൊണ്ടു വരാൻ ശ്രമം തുടങ്ങി.

''മൊറാർജി ശാന്തനും അക്ഷോഭ്യനുമായിരുന്നു. മററു യാത്രക്കാരെക്കുറിച്ചായിരുന്നു അദ്ദേഹത്തിനു ഉൽ ക്കണ്ഠ. എഴുന്നേററുനില്ക്കാൻ വിഷമിക്കുന്ന സർവ്വോദയ നേതാവായ നാരായൺദേശായിയെ പരിചരിക്കുന്നു

www.malankaralibrary.com


തിരക്കിലായിരുന്നു ആകാശവാണി ലേഖകനായ ഗോവിന്ദൻകുട്ടി.''

സമാചാർ ലേഖകൻ വിശേഷിപ്പിക്കുന്നതു് സ്വന്തം ഔദ്യോഗികജീവിതത്തിനിടയ്ക്കു കിട്ടുന്ന ഏററം വലിയ വാർത്തയാണീ സംഭവമെന്നത്രേ. ഇതു ലോകസമക്ഷം എത്തിക്കുന്നതിനുള്ള ഉത്തരവാദിത്വം നിറവേററാൻ ചെയ്യ കാര്യങ്ങളെക്കുറിച്ചാണു് അദ്ദേഹം തുടന്നു പറയുന്നതു്.

''ശ്വാസം വീണ്ടുകിട്ടിയപ്പോഠം ഗോവിന്ദൻകുട്ടിയും ഞാനും അതിപ്രധാനമായ ജോലി ചെയ്യുതീക്കാനുള്ള ഞങ്ങളുടെ ഉത്തരവാദിത്വത്തെക്കുറിച്ചാണു് ആദ്യം ഓത്തതു്. ഞങ്ങളുടെ ഔദ്യോഗികജീവിതത്തിനിടയ്ക്കു കിട്ടുന്ന ഏററം വലിയ വാർത്ത ലോകസമക്ഷം അറിയിക്കേണ്ടതാണു്.

''ഒരു യുവാധ്യാപകനേയും മറെറാരു ഗ്രാമീണനേയും ഞങ്ങഠംക്കു കൂട്ടുകിട്ടി. ഒരു അർമി സ്റ്റോഴ്സ് ഡിപ്പോയിൽ അവർ ഞങ്ങളെ എത്തിച്ചു. വഴുക്കുന്ന വഴിയിലൂടെ നൂറു മിനിററു നടക്കേണ്ടിവന്നു. സൈനികട്രക്കിൽ ആയി പിന്നത്തെ യാത്ര. അങ്ങനെ വ്യോമസേനാ ഹോസ്പിററലിലെത്തി. അവിടെനിന്നു കൽക്കത്തയ്ക്കു ഞാൻ ഒരു ഫോൺകോഠം ബുക്കുചെയ്യു. അപ്പോഴേക്കും വ്യോമസേനാംഗങ്ങഠം ഞങ്ങഠംക്കു ചായയും സിഗററും തന്നു.''

ടി. വി. ആർ. ഷേണായ് എന്ന വാർത്താലേഖകൻ വിമാനാപകടത്തിന്റെ കാരണങ്ങളിലേക്കത്രേ ദൃഷ്ടി തിരിക്കുന്നതു്. അദ്ദേഹത്തിന്റെ നിഗമനങ്ങഠം കേഠംക്കുക:

www.malankaralibrary.com



''പുഷ്പക് ജററ് അത്യുന്നതഭരണാധികാരികൾക്കായി പ്രത്യേകം സൂക്ഷിച്ചിട്ടുള്ളതാണ്. ഇത്തരം എയർഫോഴ്സു വിമാനത്തിൻെറ കാര്യത്തിൽ അട്ടിമറി സാധാരണയായി ഉണ്ടാവാനിടയില്ല. രക്ഷാനടപടികൾ അത്ര പൂർണ്ണമാണതിൽ. ആകാശത്തു പൊട്ടിത്തെറി എന്തെങ്കിലും ഉണ്ടായതായി അറിവില്ല. അപ്പോൾ ബോംബുസ്ഫോടനവും നടന്നിട്ടില്ലെന്നു പറയാം. യന്ത്രത്തകരാർ എന്തോ ആയിരുന്നെന്ന് എല്ലാവരും സമ്മതിക്കുന്നു......യുക്തിപൂർവ്വം ചിന്തിച്ചാൽ അട്ടിമറിയെ ഒഴിച്ചുനിർത്തിയേ തീരൂ.

ജോർഹട്ടിനു ചുററുമുള്ള പ്രദേശങ്ങളിൽ സാധാരണ രാത്രികാലത്തു വിമാനം പറപ്പിക്കാറില്ല. സിവിലിയൻ വിമാനങ്ങൾക്കോ എയർഫോഴ്സുവിമാനങ്ങൾക്കുതന്നെയോ പ്രത്യേക ആവശ്യത്തിനുവേണ്ടി മാത്രമേ രാത്രി പറക്കാൻ അനുവാദം ലഭിക്കൂ.

ഇതിനു രണ്ടു കാരണങ്ങളാണുള്ളതു്. ഒന്ന്, ഈ പ്രദേശത്തു് കാലാവസ്ഥ എപ്പോഴും മോശമാണ്. മഴയും കാററും മിക്കപ്പോഴുമുണ്ടാകും. അന്തരീക്ഷം മേഘാവൃതമാകയാൽ ശരിക്കു കാഴ്ച കിട്ടുകയില്ല.

രണ്ട്, ഇവിടെയുള്ള വിമാനത്താവളങ്ങളെല്ലാം ചെറുതാണ്. ആധുനികഉപകരണങ്ങൾ അവിടെയില്ല.

വിമാനം സുരക്ഷിതമായി ജോർഹട്ടിൽ എത്തിയെന്നതിൽ സംശയമില്ല. അവിടെയാകട്ടെ, കാലാവസ്ഥ വളരെ മോശവുമായിരുന്നു.

പിന്നീടു എന്തു സംഭവിച്ചുവെന്നു വ്യക്തമല്ല. അണ്ടർകാര്യേജു തുറക്കുകയോ ചക്രങ്ങൾ പുറത്തുവരിക

www.malankaralibrary.com



യോ ചെയ്യില്ലെന്നതാണു കുഴപ്പമെന്നു സംശയിക്കപ്പെട്ടു. വിമാനത്തിന്റെ അടിഭാഗം മുട്ടിച്ചിറങ്ങലാണ് പിന്നീടുള്ള പോംവഴി. ജോർഹട്ട് വിമാനത്താവളം അതു സാധ്യമാക്കിയില്ല. അങ്ങനെ ഇറങ്ങിയാലുണ്ടാവുന്ന ഉരസൽ വളരെ അപകടകരമാകുമായിരുന്നു. അല്പം മാർദ്ദവമുള്ള സ്ഥലം നോക്കി ''നിയന്ത്രിതമായ ഇടിച്ചിറങ്ങലി''ന പൈലററ് തീരുമാനമെടുത്തത് അതുകൊണ്ടാണ്.

അതുമാത്രമായിരുന്നു അപ്പോഴത്തെ പരിത:സ്ഥിതിയിൽ ആശാസ്സു വഴിനല്കുന്നത്. കോക്കപിററിലുണ്ടായിരുന്ന വൈമാനികർ — അഞ്ച് വിമാനജീവനക്കാർ — ഇടിച്ചിറങ്ങലിന്റെ ഭാരം സ്വയം താങ്ങി. അവരെല്ലാം ജീവൻ ബലിയർപ്പിച്ചു.

വിമാനത്തിലെ റേഡിയോ - റാഡർ സംവിധാനങ്ങളും പ്രവർത്തിച്ചിരുന്നില്ലെന്നു വ്യക്തമാണ്. അവ പ്രവർത്തനരഹിതമായതു തകർച്ചയ്ക്കു മുമ്പോ പിമ്പോ എന്നു വ്യക്തമല്ല.

രണ്ട് കാര്യം മാത്രമേ തൽക്കാലം പ്രസക്തമായുള്ളു. മൊറാർജി രക്ഷപ്പെട്ടതിലുള്ള ആഹ്ലാദം. വൈമാനികരുടെ മരണത്തിലുള്ള അഗാധ ദു:ഖം.

## VI ത്യാഗത്തിന്റെ ബലിവേദിയിൽ

മൊറാർജി ദേശായി ദൈവഗത്യാ രക്ഷപ്പെട്ടു. അല്ല, ധീരജവാന്മാരുടെ ആത്മത്യാഗം പ്രധാനമന്ത്രിയെ രക്ഷപ്പെടുത്തി. ധീരോദാത്തതയുടെ ഉജ്ജ്വലാധ്യായമാണ് ആത്മാഹുതിയിലൂടെ അഞ്ചു രാജ്യസ്നേഹികൾ ര

www.malankaralibrary.com



ചിച്ചിരിക്കുന്നതു്. ഇന്ത്യൻ വ്യോമസേനയുടെ ചരിത്രത്തിൽ തങ്കലിപികളിൽ ലേഖനം ചെയ്യേണ്ട സന്ദർഭം. സ്ക്വാഡ്രൺ ലീഡർ മാത്യു സിറിയക്കിനോടൊപ്പം ഈ ധീരതയ്ക്കു നട്ടനായകത്വം വഹിച്ചിട്ടുള്ളവർ വിംഗ് കമാൻഡർ സി. ജെ. ഡിലിമ, വിംഗ് കമാൻഡർ ജോഗിന്ദർസിംഗ്, സ്ക്വാഡ്രൺ ലീഡർ വി. വി. എസ്. ശങ്കർ, ഫ്ളൈററ് ലഫ്ററനൻറ് ഒ. പി. അറോറ എന്നിവരാണു്. വിമാനത്താകർച്ചയുടെ റിപ്പോർട്ടു നല്കുന്ന സമാചാർ ലേഖകൻ എൻ. വി. ആർ. സ്വാമി ഇവരെക്കുറിച്ചും പറയുന്നുണ്ടു്:

''അപ്പോഴാണു് പൈലററിനേയും മററു വൈമാനികരേയുംപററി ഞങ്ങൾ ഓർത്തതു്. തകർന്നുകിടക്കുന്ന കോക്കപിററിലായിരുന്നു അവർ. ഞങ്ങൾ രക്ഷപ്പെട്ടിറങ്ങിയ വയലിൽ ഒരു മീററർ ഉയരത്തിൽ നെൽച്ചെടികൾ ഉണ്ടായിരുന്നു. അതിനാൽ ഒന്നും കാണാൻ കഴിഞ്ഞിരുന്നില്ല. കമാൻഡർ ഡിലിമായെ എഴുന്നേല്പിച്ചുനിർത്തുവാൻ ലോബോ ശ്രമിച്ചുനോക്കി. പക്ഷേ, ആ പൈലററിനു മാരകമായ മുറിവേററിരുന്നു.

''അപ്പോഴേക്കും ചില ഗ്രാമവാസികൾ ഒരു ബഞ്ചു കൊണ്ടുവന്നു. പൈലററിനെ അതിൽ കിടത്തി. ലോബോയും മററും ചേർന്നു് അദ്ദേഹത്തിൻെറ നെഞ്ചു തടവിക്കൊടുത്തു. കൃത്രിമശ്വാസോച്ഛ്വാസം നല്കാൻ ലോബോ ശ്രമിച്ചുകൊണ്ടിരിക്കുന്നതിനിടയ്ക്കു് ജീവൻ ആ ശരീരത്തെ വിട്ടകന്നു.

''കൈയും കാലും ചതഞ്ഞ സ്ക്വാഡ്രൺ ലീഡർ മാത്യു സിറിയക്കു് താഴെ മരിച്ചുകിടക്കുന്നതു കണ്ടു. ആസമീസ്ഭാഷ അറിയാവുന്ന ആഭ്യന്തരമന്ത്രാലയ

www.malankaralibrary.com


ത്തിലെ ഉദ്യോഗസ്ഥനായ എം. എൽ. കമ്പാനി ആ സമയത്തു രക്ഷാപ്രവത്തനത്തിനുവേണ്ടി അധികൃതരെ വിവരമറിയിക്കാൻ പാടുപെടുകയായിരുന്നു.''

അത്യപൂർവ്വമായ ഒരനുഭവമാണു് ഈ വിമാനദുരന്തം ഉളവാക്കിയതു്. കോക്കപിററിലുണ്ടായിരുന്ന വൈമാനികർ ഒന്നടങ്കം കൊല്ലപ്പെട്ടു. യാത്രക്കാർ ഇരുപത്തിയഞ്ചുപേരും സുരക്ഷിതരായി, രണ്ടുമൂന്നുപേർക്കു പരിക്കുപററിയെന്നുമാത്രം. വിമാനം മൂക്കു (Nose) കുത്തി വീഴാൻ ഇടവരുത്തിയതിൻെറ ഫലമാണിതു്. വൈമാനികർ പൊടുന്നനെ സ്വീകരിച്ച തീരുമാനം! അറിഞ്ഞുകൊണ്ടുതന്നെയാണീ നിശ്ചയമെടുത്തതു്. അതവരെ അപകടത്തിൽപ്പെടുത്തി, ആ ആത്മത്യാഗംകൊണ്ടുമാത്രമേ മൊറാർജി ഉൾപ്പെടുന്ന പ്രമുഖരുടെ സംഘത്തെ രക്ഷിക്കാൻ സാധിക്കുവെന്നവർ കരുതി. സ്വന്തം ജീവൻ ഉപേക്ഷിച്ചുകൊണ്ടുപോലും രാഷ്ട്രനേതാവിനെ രക്ഷിക്കാനുള്ള ത്യാഗധീരത! വിമാനത്തിൻെറ പുച്ഛാഗ്രം (tail) കുത്തി നിലംപതിച്ചിരുന്നെങ്കിൽ ഫലം നേരെമറിച്ചാകുമായിരുന്നു. കോക്കപിററിലുള്ളവർക്കു് സുരക്ഷിതത്വമേറും, വിമാനബോർഡിലുള്ളവർക്കു് അപകടസാധ്യത വർദ്ധിക്കും.

അസാധാരണസാഹചര്യങ്ങളിൽ ക്രാഷ്ലാൻഡു ചെയ്യേണ്ടിവരുമ്പോൾ സാധാരണഗതിയിൽ വിമാനം പള്ളയടിച്ചാണിറങ്ങാറു്. ഇവിടെ നേരെ വിപരീതമായി മൂക്കുകുത്തി വിമാനം ഇടിച്ചിറങ്ങിയതു് വൈമാനികരുടെ മനപ്പൂർവ്വമായ കരുതൽകൊണ്ടുതന്നെ. എയർ ചീഫ് മാർഷൽ മൂൾഗാവ്കർ ഈ അഭിപ്രായമാണു പ്രകടിപ്പിച്ചിട്ടുള്ളതു്. ഇടിച്ചിറങ്ങുമ്പോഴുണ്ടാകുന്ന ആഘാതം കോക്കപിററിനകത്തുമാത്രം ഒതുക്കിനിർത്തണം;

www.malankaralibrary.com



എങ്കിൽ പ്രധാനമന്ത്രിയെ ഏതുവിധവും രക്ഷപ്പെടുത്താനായേക്കും—വൈമാനികരെ നയിച്ച ചിന്ത ഇതായിരിക്കണം. ആ സാഹസികപരിശ്രമത്തിൽ അവർ ജീവനർപ്പിച്ചു. രാഷ്ട്രനേതാവിനുവേണ്ടി വീരമൃത്യു! ഇന്ത്യൻ വ്യോമസേനേ, അഭിമാനിക്കൂ! സ്വന്തം കാര്യത്തിനുവേണ്ടി അന്യനെ ഹനിക്കുന്നവൻ മാത്രമല്ല ലോകത്തിലുള്ളതു്.

വൈമാനികരുടെ ഈ ആത്മാർപ്പണം അന്നത്തെ വിമാനസഞ്ചാരികൾ മനസ്സിലാക്കിയിരുന്നു. അപകടത്തിൽ പരിക്കേററിയ ശ്രീ നാരായൺദേശായി എഴുതാനുള്ള സ്വാധീനം ലഭിച്ചപ്പോൾ ആദ്യമായി സ്മരിച്ചതു് ഈ വീരാഗ്രണികളുടെ ത്യാഗത്തെയാണു്. സ്ക്വാഡ്രൺ ലീഡർ മാത്യു സിറിയക്കിന്റെ കുടുംബത്തിനു് അദ്ദേഹമെഴുതി:

''പ്രിയ സുഹൃത്തുക്കളെ,

നവംബർ 4-ാംതീയതി ദുർവ്വിധി ബാധിച്ച ആ വിമാനത്തിൽ ഞാനും ഒരു യാത്രക്കാരനായിരുന്നു. ജോർഹട്ടിലുള്ള വ്യോമസേനാശുപത്രിയിൽനിന്നു ഞാൻ തിരിച്ചെത്തിയതേയുള്ളു. പേന രണ്ടുകൈകൊണ്ടും പിടിച്ചാണു് ഞാനിവിടെ പേരെഴുതി ഒപ്പിടുന്നതു്. അപകടത്തിനുശേഷം ഇദംപ്രഥമമായി ഞാൻ എഴുതുന്നതു് നിങ്ങൾക്കാണു്. നിങ്ങളുടെ പ്രിയപ്പെട്ടവർ തങ്ങളുടെ മഹനീയമായ ത്യാഗത്താൽ ഇപ്പോൾ രാജ്യത്തിനു മുഴുവൻ പ്രിയങ്കരരായിരിക്കുന്നു. ആ അഞ്ചു മഹാന്മാരെ കുറിച്ചോർക്കുമ്പോൾ ഉണ്ടാകുന്ന വികാരങ്ങൾ വെളിപ്പെടുത്തുവാൻ എനിക്കു വാക്കുകളില്ല. എന്റെ ഹൃദയംഗമമായ അനുശോചനങ്ങൾ ദയവായി സ്വീകരിക്കുക.

ആത്മാർത്ഥതയോടെ, നാരായൺ ദേശായി.''

www.malankaralibrary.com



ഈ വികാരവായ്പുതന്നെയാണ് രാഷ്ട്രം ഒന്നടങ്കം പ്രകടമാക്കിയത്. ധീരജവാന്മാരുടെ മൃതദേഹങ്ങൾക്ക നല്കപ്പെട്ട ആദരാഞ്ജലി ഇതു വെളിപ്പെടുത്തുന്നു. ഒരു പ്രത്യേക വിമാനമാർഗ്ഗം മൃതദേഹങ്ങൾ അഞ്ചും നവംബർ 6-ാംതീയതി ന്യൂഡൽഹിയിൽ കൊണ്ടുവന്നു. ശോകമൂകമായ അന്തരീക്ഷം ഡൽഹിവിമാനത്താവളമാകെ തളംകെട്ടിനിന്നു. വ്യോമസേനയുടെ വി. ഐ. പി. കമ്മ്യൂണിക്കേഷൻസ് സ്ക്വാഡ്രൺ അംഗങ്ങൾ തോക്ക തിരിച്ചുപിടിച്ച തങ്ങളുടെ സഹപ്രവർത്തകരുടെ മൃതദേഹങ്ങൾ ഏറ്റുവാങ്ങി. കറുത്തപെട്ടികളിലടച്ചു സൂക്ഷിച്ചിരുന്ന മൃതദേഹങ്ങൾ വിമാനത്തിൽനിന്നു പുറത്തെടുത്തപ്പോഴേക്കും കൂടിനിന്ന എല്ലാവരുടെയും കണ്ണുകൾ നിറഞ്ഞുകവിഞ്ഞു. എയർ ചീഫ്മാർഷൽ മൂൽഗാവ്കറും മററ് ആഫീസർമാരും നിരവധി പത്രലേഖകരും ദു:ഖമടക്കുന്നതു കാണാമായിരുന്നു.

സമ്പൂർണ്ണസൈനികബഹുമതികളാണ് മൃതിയടഞ്ഞ ആഫീസർമാർക്ക് അർപ്പിക്കപ്പെട്ടത്. വ്യോമസേനയുടെ എല്ലാ വിഭാഗങ്ങളും അതിൽ ഒത്തുചേർന്നു. രാഷ്ട്രപതിക്കുവേണ്ടി മൃതദേഹങ്ങളിൽ ആദ്യം റീത്തുകൾ സമർപ്പിച്ചതു് മൂൽഗാവ്കറാണ്; പ്രധാനമന്ത്രിക്കുവേണ്ടി ഇൻറലിജൻസ് ബ്യൂറോ ജോയിൻറ് ഡയറക്ടർ ജോൺ ലോബോ; പ്രതിരോധമന്ത്രിയെ പ്രതിനിധാനം ചെയ്ത വ്യോമസേനാ ഉപമേധാവി എയർമാർഷൽ ലത്തീഫ്. മൃതിയടഞ്ഞ ആഫീസർമാരുടെ കുടുംബാംഗങ്ങൾ പ്രാർത്ഥിക്കുകയും റീത്തുകൾ വയ്ക്കുകയും ചെയ്തു. കുടുംബാംഗങ്ങൾ ദു:ഖമടക്കാൻ കഴിയാതെ പൊട്ടിക്കരഞ്ഞുപോയി. മൂൽഗാവ്കറുടെ മാതാവ് സുലോചനാ മൂൽഗാവ്കറും പത്നി താതാമൂൽഗാവ്കറും അവരെ ആശ്വസിപ്പിച്ചു.

www.malankaralibrary.com


ശോകമൂകതയുടെ ഈ അന്തരീക്ഷത്തിൽനിന്നു കോൺഗ്രസ് അധ്യക്ഷൻ കെ. ബ്രഹ്മാനന്ദറെഡ്ഡി മാറിനിന്നില്ല. അപകടത്തിൽ മരണമടഞ്ഞ വ്യോമസേനാ വിമാനജീവനക്കാരുടെ ധീരതയേയും ത്യാഗമനോഭാവത്തേയും അദ്ദേഹം പ്രകീർത്തിച്ചു. അവരുടെ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുകയും ചെയ്തു.

ഈ ദുഃഖത്തിൽ രാജ്യം മുഴുവൻ പങ്കുചേരുന്നുവെന്നത്രേ പ്രതിരോധവകുപ്പുമന്ത്രി ശ്രീ ജഗജീവൻ റാം മൃതിപ്പെട്ട സൈനികരുടെ ബന്ധുക്കളെ അറിയിച്ചതു്. മിസിസ് മാത്യുവിനു് അദ്ദേഹമെഴുതി:

"Ministry of Defence, India, New Delhl,
2th November 1977

പ്രിയ മിസിസ് മാത്യു,

ജോർഹട്ടിനടുത്തുവെച്ചു വിമാനാപകടത്തിൽ കൊല്ലപ്പെട്ട നിങ്ങളുടെ ഭർത്താവു് സ്ക്വാഡ്രൺ ലീഡർ ശ്രീ മാത്യു സിറിയക്കിന്റെ അകാലനിര്യാണത്തിൽ എന്റെ അഗാധമായ അനുശോചനം അറിയിക്കട്ടെ. നികത്താനാവാത്ത ഈ നഷ്ടം സഹിക്കുന്നതിനാവശ്യമായ ധൈര്യം നിങ്ങൾക്കും കുടുംബത്തിനും ദൈവം നല്കട്ടെ. നിങ്ങളുടെ ദുഃഖത്തിൽ രാജ്യമാസകലം പങ്കുചേരുന്നു. കുടുംബാംഗങ്ങൾ ഏവരേയും എന്റെ അനുശോചനം ദയവായി അറിയിക്കുക.

ആത്മാർത്ഥതാപൂർവ്വം, ജഗജീവൻറാം.

രാജ്യത്തിനുവേണ്ടിയുള്ള ആത്മത്യാഗമെന്ന പരിഗണന മരിച്ചവരുടെ കുടുംബങ്ങൾക്കു എക്സ്ഗ്രേഷ്യാ നഷ്ടപരിഹാരം നിശ്ചയിക്കുന്നതിൽ ഗവൺമെൻറിനെ

www.malankaralibrary.com


പ്രേരിപ്പിച്ചു. സാധാരണയിൽക്കവിഞ്ഞ ഒരു പരിഹാരത്തുകയാണ് സർക്കാർ സന്നദ്ധമായതു്. മരണമടഞ്ഞ അഞ്ചു ധീരജവാന്മാരുടെ കുടുംബങ്ങൾക്കും ഒരുലക്ഷം രൂപാവീതം എക്സ്ഗ്രേഷ്യാ നഷ്ടപരിഹാരം നല്കുന്നതിനാണ് പ്രതിരോധമന്ത്രി ജഗജീവൻറാം അനുമതിയായതു്. സാധാരണയായി 41000 ക. യാണ് ഇത്തരം അപകടങ്ങളിൽപ്പെട്ടുന്നവർക്ക നഷ്ടപരിഹാരം.

മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക ലഭിക്കേണ്ടുന്ന മറെറല്ലാ ആനുകൂല്യങ്ങൾക്കും പുറമേയായിരിക്കുമിതെന്നു പ്രതിരോധമന്ത്രാലയം ഒരു പത്രക്കുറിപ്പിൽ വെളിപ്പെടുത്തി. മരണറിട്ടയർമെൻറു്, ഗ്രാററുവിററി, പ്രത്യേക കുടുംബപെൻഷൻ, കുട്ടികൾക്കുള്ള അലവൻസ് എന്നിവയ്ക്കെല്ലാം പുറമെയായിരിക്കും ഒരുലക്ഷം രൂപാവീതം നഷ്ടപരിഹാരം ലഭിക്കുന്നതു്. വിമാനജോലിക്കാരെല്ലാവരും 60000 രൂപാവീതം ഗ്രൂപ്പു ഇൻഷുറൻസ് എടുത്തിരുന്നു. വിങ്ങ്കമാൻഡർമാർക്ക് 6000 ക. യും സ്ക്വാഡ്രൺ ലീഡർമാർക്ക് 4000 ക. യും ഫ്ളൈററ് ലഫ്ടനൻറുമാർക്ക് 2670 ക. യും വീതവും കുടുംബഗ്രാററുവിററിക്കു് അർഹതയുണ്ടു്.

പന്ത്രണ്ടുമാസത്തെ ശമ്പളത്തിനു തുല്യമായ സംഖ്യയാണ് ഓരോ കുടുംബത്തിനും മരണ–റിട്ടയർമെൻറു് ഗ്രാററുവിററിയായി ലഭിക്കുക.

## VII ഞെട്ടിച്ച വാർത്ത

സ്ക്വാഡ്രൺ ലീഡർ മാത്യുവിനെ പുത്രനെന്നു വി. ജി. സിറിയക്കും പൗത്രനെന്നു ഷെവ. വി. സി. ജോർജ്ജും 'കുടുംബശ്രീ'യെന്നു വടക്കേക്കരെത്തറവാട്ടും ദേ

www.malankaralibrary.com


ശതിലകം എന്ന കുറവിലങ്ങാട്ടും അഭിമാനിക്കുന്നു. പല ജില്ലകളിലും കലക്ടറായി ജോലിചെയ്തിട്ടുള്ളവനാണു് ശ്രീ സിറിയക്കു്; റവന്യൂബോർഡു് സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ടു്. ഷെവ. വി. സി. ജോർജ്ജു് കത്തോലിക്കാകോൺഗ്രസ്സ് പ്രസിഡണ്ടായും ചരിത്രഗവേഷകനായും വിദ്യാഭ്യാസവിചക്ഷണനായും പ്രകീർത്തിതനത്രേ. പൗത്രന്റെ കുതിച്ചുകയററത്തിൽ പിതാമഹനും പിതാമഹന്റെ യശോധവളിമയിൽ പൗത്രനും പരസ്പരം ധന്യത നേടി.

പുളിങ്കുന്നു പഴയപറമ്പിൽ തൊമ്മിച്ചന്റെ പുത്രി ചാച്ചിയമ്മ (കാതറൈൻ) യാണു് മാത്യുവിന്റെ സഹധർമ്മിണി; ആ ദാമ്പത്യവല്ലരിയിൽ ഒരു സന്താനവുമുണ്ടു്.

ശ്രീ സിറിയക്കിന്റെ രണ്ടാമത്തെ പുത്രനാണു് മാത്യു. അദ്ദേഹത്തിനു മൂന്നു സഹോദരന്മാരും നാലു സഹോദരിമാരുമുണ്ടു്. ജ്യേഷ്ഠസഹോദരൻ ബാബു അന്നു തൃശ്ശൂർ ഡി. വൈ. എസ്സ്. പി. യാണു്. ഡോമിനിക്കും ജോസുമത്രേ അനുജന്മാർ. ഡോമിനിക്കു് അമേരിക്കയിലെ ബിസിനസ്സ് അഡ്മിനിസ്ട്രേഷനിൽ പഠനം നടത്തുന്നു. ജോസ്സ് നാട്ടിലുണ്ടു്. ഇൻഡ്യാനാ യൂണിവേഴ്സിററി ലക്ചറർ ജോസഫിന്റെ ഭാര്യയാണു് മൂത്തസഹോദരി ലീലാമ്മ. അടുത്ത സഹോദരി പോത്താനൂറിലെ കോൺവെൻറിൽ കന്യാസ്ത്രീയാണു്. സൗദിഅറേബ്യയിൽ ഡോക്ടറായ ഏബ്രഹാമിന്റെ സഹധർമ്മിണീപദം അലങ്കരിക്കുന്നു മൂന്നാമത്തെ സഹോദരി അൽഫോൻസാ. തിരുവനന്തപുരം വിമൻസ് കോളജിൽ വിദ്യാർത്ഥിനിയായ പുഷ്പ ഏററം ഇളയസഹോദരിയാണു്.

www.malankaralibrary.com


ശ്രീ മാത്യു വീട്ടുകാർക്ക് പ്രിയങ്കരനായി, സഹപാഠികൾക്ക് കണ്ണിലുണ്ണിയായി; എയർഫോഴ്സുകാർക്ക് ആശാകാരണമായി.

ശ്രീ സിറിയക്ക് റിട്ടയർമെൻറുജീവിതം നയിച്ചിരുന്നതു തിരുവനന്തപുരത്താണ്, മുട്ടടയുള്ള വസതിയിൽ. തിരുവനന്തപുരത്തുവച്ചു നടത്തപ്പെട്ട ലോകമലയാളസമ്മേളനത്തിൽ പങ്കെടുക്കാൻ 92-കാരനായ ഷെവ. വി. സി. ജോർജ്ജ് എത്തിയിരുന്നു. നവംബർ 4-ാംതീയതി അദ്ദേഹം കുറവിലങ്ങാട്ടിനു മടങ്ങി. പിറേറന്നാണ് ജോർഹട്ടുദുരന്തം സ്റ്റോപ്പ്പ്രസ്സായി പത്രത്തിൽ വന്നതു്. വീട്ടുകാർ പരിഭ്രാന്തരായി. ന്യൂഡൽഹിയിലെ എയർഫോഴ്സ് ഹെഡ്ക്വാർട്ടേഴ്സുമായി അവർ ബന്ധംപുലർത്തി. പത്രവാർത്ത സ്ഥിരീകരിച്ചുകൊണ്ടുള്ള അറിയിപ്പാണുണ്ടായതു്. കേരള മുഖ്യമന്ത്രി ശ്രീ എ. കെ. ആൻറണി അന്നു ഡൽഹിയിലുണ്ടായിരുന്നു. സംസ്ഥാന ആഭ്യന്തരമന്ത്രി ശ്രീ കെ. എം. മാണി, ചീഫ് സെക്രട്ടറി മി. ഭാസ്കരൻനായർ തുടങ്ങിയവർ കുടുംബാംഗങ്ങൾക്കു വിവരമെത്തിക്കുവാൻ സത്വരനടപടികൾ സ്വീകരിച്ചു. ശോകമൂകങ്ങളായ ദിനങ്ങളാണ് തുടർന്നുണ്ടായതു്. ഉറക്കമില്ലാത്ത ദിനരാത്രങ്ങൾ!

## VIII വീരപുത്രന് ആദരാഞ്ജലി

മുട്ടടയുള്ള ശ്രീ സിറിയക്കിൻെറ ഭവനത്തിൽ മരണത്തിൻെറ കരിനിഴൽ പരന്നു. അവിടെ സന്ദർശകർ നിറഞ്ഞു. നാട്ടുകാരും കൂറുകാരും കൂട്ടത്തിലുണ്ടായിരുന്നു. ആധ്യാത്മികആചാര്യന്മാരും രാഷ്ട്രീയനേതാക്കന്മാരും അവിടെ പാഞ്ഞെത്തി.

www.malankaralibrary.com

അനുശോചനസന്ദേശങ്ങൾ നാടിന്റെ നാലുഭാഗത്തുനിന്നുമൊഴുകി. പ്രധാനമന്ത്രി മൊറാർജി ദേശായി, ശ്രീമതി ഇന്ദിരാഗാന്ധി, ഡിഫൻസ് മിനിസ്റ്റർ ജഗജീവൻ റാം, ഡിഫൻസ് മന്ത്രാലയത്തിന്റെ സംസ്ഥാനമന്ത്രി ഷേർസിങ്ങ്, എയർ ഹെഡ്ക്വാർട്ടേഴ്സിൽനിന്ന് എം. എം. തക്ലെ (Tkle), എയർ ചീഫ് മാർഷൽ കെ. മൾഗവ്കർ, നാഷണൽ പീപ്പിൾസ് കമ്മിററി ജനറൽ സെക്രട്ടറി നാരായൺ ദേശായി, ബ്രിഗേയ്ഡർ എം. എൽ. വിഗ്ഗ്, കമാൻഡിംഗ് ഓഫീസർ ക്യാപ്ററൻ മൽഹോത്ര, വിദ്യാഭ്യാസകാര്യങ്ങൾക്കുവേണ്ടിയുള്ള സംസ്ഥാനമന്ത്രിണി ശ്രീമതി രേണുകാദേവി തുടങ്ങിയവരുടെ സന്ദേശങ്ങൾ എടുത്തുപറയേണ്ടവയാണ്.

മാത്യു സിറിയക്കിനെക്കുറിച്ചുള്ള കൂടുതൽ വാർത്ത പത്രത്തിൽ വന്നു. മൃതദേഹം നവംബർ 6-ാംതീയതി ഞായറാഴ്ച രണ്ടുമണിക്ക് ഡൽഹിയിലെത്തുമെന്നും തിങ്കളാഴ്ച തിരുവനന്തപുരത്തെത്തുമെന്നുമാണ് വാർത്ത.

തിങ്കളാഴ്ച രാവിലെ ഏഴുമണിക്കുതന്നെ ബന്ധുക്കളും സുഹൃത്തുക്കളും വിമാനത്താവളത്തിലെത്തി. തൊഴിൽമന്ത്രി ഉമ്മൻചാണ്ടി, ചീഫ് സെക്രട്ടറി എൻ. ഭാസ്കരൻനായർ, ജില്ലാ കളക്ടർ എൽ. ഓമനക്കുഞ്ഞമ്മ, പൊളിററിക്കൽ വകുപ്പ് ഉദ്യോഗസ്ഥന്മാർ തുടങ്ങിയവർ കൂട്ടത്തിലുണ്ടായിരുന്നു. മാത്യുവിന്റെ മാതാപിതാക്കന്മാരും സഹോദരീസഹോദരന്മാരും വികാരം നിയന്ത്രിക്കാൻ പാടുപെട്ടു.

പ്രത്യേക ഐ. എ. എഫ്. വിമാനം 7.45-ന് എത്തി. നിരവധി എയർഫോഴ്സ് ഉദ്യോഗസ്ഥന്മാർ

www.malankaralibrary.com


മൃതദേഹത്തിന് അകമ്പടി സേവിച്ചു. നാലു സ്ക്വാഡ്രൺ ലീഡർമാർ കൂട്ടത്തിലുണ്ടായിരുന്നു. ചാച്ചിയമ്മയും അഞ്ചുവയസ്സുള്ള പുത്രി രൂപയും മൃതദേഹത്തിന് അടുത്തുതന്നെ സ്ഥാനംപിടിച്ചിരുന്നു.

വിമാനം ആകാശത്തു പ്രത്യക്ഷപ്പെട്ടപ്പോഴേക്കു ജനങ്ങൾ വിമ്മിക്കരഞ്ഞു. ആർമിബാൻഡു വിലാപഗാനം മുഴക്കി.

വിമാനത്തിൽനിന്നു ചാച്ചിയമ്മയും പുത്രിയും വെളിയിൽ വന്നപ്പോൾ ബന്ധുജനങ്ങളുടെ എല്ലാ നിയന്ത്രണങ്ങളും ഭേദിക്കപ്പെട്ടു. തേങ്ങിക്കരച്ചിൽ ഏറെനേരം ഉയർന്നുനിന്നു. മകൾ രൂപ എല്ലാം പകച്ചു നോക്കിക്കാണുന്നതും ഇടയ്ക്കിടെ ഉറക്കെ നിലവിളിക്കുന്നതും അവിടെ കൂടിയിരുന്നവരുടെ കണ്ണുകൾ ഈറനണിയിച്ചു.

മൃതദേഹം ഏറ്റുവാങ്ങുന്നതിനുള്ള വാൻ സജ്ജമാക്കിയിരുന്നു. വിമാനത്തിൽനിന്നു വാനിലേക്കു മൃതദേഹമെത്തിച്ചതു് എയർഫോഴ്സ് സ്ക്വാഡ്രൺ ലീഡർമാർതന്നെയാണ്. കറുപ്പുപെട്ടിയിൽ അടക്കംചെയ്തു് റീത്തുകൾകൊണ്ടു പൊതിഞ്ഞാണ് മൃതദേഹം കൊണ്ടുവന്നതു്.

വിമാനത്താവളത്തിൽനിന്നും നിരവധി വാഹനങ്ങളുടെ അകമ്പടിയോടെ മൃതദേഹം മുട്ടടയുള്ള വസതിയിലേക്കു കൊണ്ടുപോയി. മാർഗ്ഗമധ്യേ ലൂർദ്ദുദേവാലയത്തിൽവച്ചു വി. കുർബ്ബാനയും സംസ്കാരശുശ്രൂഷകളും നടത്തി.

പത്തുമണിയോടെയാണ് മൃതദേഹം മുട്ടടയുള്ള വ
 സതിയിലെത്തിയതു്. ആദരാഞ്ജലികൾക്കായി ഒരു

www.malankaralibrary.com



വലിയ പുരുഷാരം അവിടെ കൂടിയിരുന്നു. കേരള ഗവർണർ, മുഖ്യമന്ത്രി എ. കെ. ആൻറണി, മന്ത്രിമാരായ കെ. എം. മാണി, ഉമ്മൻചാണ്ടി തുടങ്ങിയവരും, ഉദ്യോഗസ്ഥന്മാർ, മററു പ്രമുഖവ്യക്തികൾ എന്നിവരും വസതിയിലെത്തി റീത്തു സമർപ്പിച്ചവരിൽപ്പെടുന്നു.

ശവസംസ്കാരവേളയിൽ ആർമി ബാൻഡുസംഘം വിലാപഗാനം ആലപിച്ചു; സായുധസേനാവിഭാഗം സല്യൂട്ട നല്കി. തോക്ക തിരിച്ചുപിടിച്ചായിരുന്നു സല്യൂട്ട്. മുട്ടട ഹോളിക്രോസ് പള്ളിയിലാണ് മൃതദേഹം സംസ്കരിച്ചതു്. തിരുവനന്തപുരം ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമനസ്സുകൊണ്ടു് ചടങ്ങുകൾക്ക നേതൃത്വം നല്കി. പരേതൻെറ സ്യാലൻ ഫാ. മാത്യു പരുത്തിക്കലും ഒരു സംഘം വൈദികരും ചേർന്ന് സമൂഹബലിയർപ്പിച്ചു. മാർ ഈവാനിയോസ് കോളെജു പ്രിൻസിപ്പൽ റവ. ഡോ. ഗീവറുഗീസ് പണിക്കരാണ് ഹൃദയസ്പൃക്കമായ ചരമപ്രഭാഷണം നടത്തിയതു്.

സായംസൂര്യൻ ചരമാബ്ധിയിലിറങ്ങി; സ്ക്വാഡ്രൺലീഡർ മാത്യു നിത്യതയിലുറങ്ങി; ആ വീരചരമം ചരിത്രത്തിൻെറ താളുകളിൽ തിളങ്ങി.

## IX സഹനധീരത

കടനഭാരം ധീരതയോടെ ഏററുവാങ്ങി മാത്യുവിൻെറ ഉററവർ. ''ദൈവം തന്നു, ദൈവമെടുത്തു്'' എന്ന മനോഭാവം സ്വീകരിക്കുവാൻ ഹൃദയം നുറുങ്ങിയ പിതാമഹൻ ഷെവ. ജോർജിനു പ്രയാസമുണ്ടായില്ല. ''ആ അസുലഭകുസുമം ഉരുവാക്കിയതും വളർത്തിയതും ദൈ

www.malankaralibrary.com


വമത്രേ. അവിടുന്നു അതു ഇറുത്തെടുത്തെങ്കിൽ കാവൽക്കാരൻ എന്തിനു പരിഭവിക്കണം?'' എന്ന ചിന്തയാണ് ശ്രീ വി. ജി. സിറിയക്കിനെ ആശ്വസിപ്പിച്ചതു്. അനിതരസാധാരണമായ ഈ സഹനധീരത പ്രശംസസ്ലപാത്രമായി. അടുത്തബന്ധുവായ ശ്രീ ടി. കെ. വക്കി ചേർത്തല 29-12-77-ൽ എഴുതി:

''പ്രിയപ്പെട്ട പാപ്പച്ചാ, തങ്കമ്മേ,

നമുക്കെല്ലാവർക്കും ഒരുപോലെ പ്രിയങ്കരനായിരുന്ന മത്തച്ചന്റെ വേദനാജനകമായ വേർപാടു വരുത്തിയ മനപ്രയാസം ഒട്ടുശമിച്ചുവരുന്ന ഈ ഘട്ടത്തിൽ എന്റെ കത്തിനു പാപ്പച്ചൻ എഴുതിയ 26-12-ലെ മറുപടി കിട്ടി. സ്വന്തം കയ്പടയിലെഴുതിയ പാപ്പച്ചന്റെ കത്തു ഞാൻ മനസ്സിരുത്തി വായിച്ചു.

നല്ലവനായ ദൈവം നമ്മളോടു കുറച്ചുകൂടിയ കടുംകൈയാണു ചെയ്തതെങ്കിലും അതെല്ലാം സഹിച്ചു മുന്നോട്ടുപോകുവാനുള്ള ഒരു പ്രത്യേകകഴിവുകൂടി നിങ്ങൾക്കിരുവർക്കും ദൈവം കാരുണ്യപൂർവ്വം നല്കിയിരിക്കുന്നുവെന്നു ഞാൻ മനസ്സിലാക്കുന്നു. ഈ അനുഗ്രഹത്തിനു ദൈവത്തെ മഹത്വപ്പെടുത്തുന്നു.

ഈ വേർപാടു നാമെല്ലാവർക്കും തീരാത്ത സങ്കടവും നഷ്ടവും വരുത്തിവച്ചുവെന്നതു നേരുതന്നെ, എങ്കിലും നമ്മുടെ പ്രധാനമന്ത്രി മൊറാർജിദേശായിയെപ്പോലെയുള്ള ഒരു അതിശ്രേഷ്ഠവ്യക്തിക്കുവേണ്ടി സ്വയം ജീവാർപ്പണം ചെയ്യുകയും യാതൊരു പോറലുമേൽക്കാതെ അദ്ദേഹത്തെ രക്ഷപ്പെടുത്തുകയും ചെയ്തുവെന്നതു സത്യമല്ലേ? ഇതുമൂലം, എന്നാളും ചരിത്രവും ഭാരതീയരും ന

www.malankaralibrary.com



മ്മുടെ പ്രിയപ്പെട്ട മത്തച്ചനെ അനുസ്മരിക്കയും പ്രകീത്തിക്കയും ചെയ്യാതിരിക്കുമോ? ഇതു നിസ്സാരകാര്യമല്ലല്ലോ

ചാച്ചിയമ്മയുടെ മാനസികമായ തളർച്ചയും ക്ഷീണവും വേഗം ദൈവം തീത്തുതരുമാറാകട്ടെ. ഇൻഡ്യാ ഗവമ്മേൻറു മനസ്സറിഞ്ഞു നമ്മളോടു കാണിച്ച ഔദാര്യവും സഹായവാഗ്ദാനവും നമ്മളെ സംബന്ധിച്ചിടത്തോളം അത്ര വലുതായി ഗണിക്കാനില്ലെങ്കിലും ഇത്തരം അപകടാവസരങ്ങളിൽ നല്കാറുള്ള ആശ്വാസപ്രവത്തനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇതു തെല്ലുഭേദമാണെന്നും കാണാമല്ലോ..........

ടി. കെ. വക്കി തീയാട്ടുപറമ്പിൽ ചേത്തല''

## X മാത്യുസ്ഥാപനത്തിൽ സ്മാരക ട്രോഫി.

''സ്ക്വാഡ്രൺ ലീഡർ മാത്യുവിനെക്കുറിച്ചു ഈ കലാലയം അഭിമാനംകൊള്ളുന്നു.'' മാർ ഈവാനിയോസ് കോളജു പ്രിൻസിപ്പൽ റവ. ഡോ. ഗീവറുഗീസ് പണിക്കരുടെ വാക്കുകളാണിവ. കോളജിലെ ഏററം നല്ല ഫുട്ബോൾ താരത്തിനു ലഭിക്കത്തക്കവണ്ണം ഒരു എവർ റോളിംഗു ട്രോഫി ഉൽഘാടനം ചെയ്തുകൊണ്ടു പറഞ്ഞതാണിതു്. സ്ക്വാഡ്രൺ ലീഡർ മാത്യു സിറിയക്കിൻെറ സ്മരണ നിലനിത്തുന്നതിനുവേണ്ടിയുള്ളതാണീട്രോഫി. ഫാ. പണിക്കർ തുടന്നു: ''1959 മുതൽ 63 വരെ ഈ കലാലയത്തിലെ ഒരു വിദ്യാത്ഥിയായിരുന്നു മാത്യു. എൻ. സി. സി. എയർവിംഗു കേഡററായിരുന്നു ആ വിദ്യാത്ഥി. വിമാനം പറപ്പിക്കലിൽ അസാ

www.malankaralibrary.com



മാന്യ വിരുതാണ് അന്നവൻ പ്രകടിപ്പിച്ചതു്. തുടർച്ചയായി എട്ടു മണിക്കൂർവരെ വിമാനം പൈലട്ടുചെയ്യാനുള്ള പാടവം! ഒരു കായികതാരമായിരുന്ന മാത്യു, ഫുട്ബോൾകളിയിൽ അതിവിദഗ്ധനും. ബുദ്ധിസാമർത്ഥ്യം ഉന്മേഷം, നല്ല പെരുമാററം, സേവനസന്നദ്ധത എന്നീ ഗുണങ്ങൾ അവനെ എല്ലാവർക്കും പ്രിയങ്കരനാക്കി.

മാത്യുവിൻെറ വ്യോമസേനാപ്രവേശം 1964-ലാണ്. എ. സി. സി പൈലട്ടായിത്തീർന്നു, സ്ക്വാഡ്രൺ ലീഡർപദവിലേക്കുയർന്നു, പ്രമുഖവ്യക്തികളുടെ വിമാനം പൈലട്ടുചെയ്യുന്നതിൽ നിയുക്തനായി. പ്രധാനമന്ത്രി മൊറാർജിദേശായിയേയും വഹിച്ചുകൊണ്ടുള്ള പറക്കലിൽ കാലാവസ്ഥയുടെ പ്രാതികൂല്യം കൊണ്ടു വിമാനദുരന്തമുണ്ടായി. പ്രധാനമന്ത്രിയെ രക്ഷിക്കാനുള്ള വലിയ ബലിയർപ്പണത്തിനിടയിൽ സ്വജീവനെ ആ ധീരൻ വെടിയേണ്ടിവന്നു.

ആ സാഹസികനെ ഈ മാതൃകലാലയം അഭിമാനപൂർവ്വം സ്മരിക്കുന്നു.

ഈ സ്മരണ നിലനിർത്തുന്നതിനുവേണ്ടി ഒരു എവർറോളിംഗ് ട്രോഫി ഇവിടെ ഉൽഘാടനം ചെയ്യുകയാണ്. പരേതൻെറ സഹോദരൻ അമേരിക്കയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ ഡോമിനിക്ക സിറിയക്കാണ് ട്രോഫി സംഭാവന ചെയ്തിട്ടുള്ളതു്. കോളജിലെ ഏററം മികച്ച ഫുട്ബോൾ താരത്തിന് ഓരോവർഷവും ഈ ട്രോഫി സമ്മാനിതമാകുന്നതാണ്.

സ്മര്യപുരുഷനോടുള്ള ബഹുമാനവും ആദരവും പ്രകടിപ്പിക്കുന്നതിന് എല്ലാവരും ഒരു മിനിററു എഴുന്നേററുനിൽക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

www.malankaralibrary.com



ട്രോഫിയുടെ ഔദ്യോഗികോൽഘാടനം നിർവ്വഹിക്കുന്നതിനു് സ്ക്വാഡ്രൺ ലീഡർ മാത്യു സിറിയക്കിൻെറ വിധവ കാതറൈൻ മാത്യുവിനോടു ഞാൻ അഭ്യർത്ഥിക്കുന്നു.''

മാർ ഈവാനിയോസ് കോളജു ഫുട്ബോൾടീം ക്യാപ്റ്റൻ ശ്രീ പീററർ ബൻജമിൻ അക്കൊല്ലം (1979) ട്രോഫി നേടി.

## XI തൊട്ടതെല്ലാം സ്വർണ്ണമയം

കുലീനതയുടെ ധന്യത പിതൃവഴിയായും മാതൃവഴിയായും മാത്യുവിനു ലഭിച്ചു. അപ്പൻ വി. ജി. സിറിയക്ക ഷെവ. വി. സി. ജോർജിൻെറ പുത്രനും കുറവിലങ്ങാട്ടെ പ്രസിദ്ധമായ വടക്കേക്കര കുടുംബത്തിലെ അംഗവുമാണു്. അമ്മ തങ്കമ്മസിറിയക്കു് ചങ്ങനാശ്ശേരി തോട്ടാശ്ശേരി മാത്യുവിൻെറ പുത്രിയത്രേ. ചങ്ങനാശ്ശേരി മുൻസിപ്പൽ കൗൺസിൽ അംഗം, തിരുവിതാംകൂർ ശ്രീമൂലം അസംബ്ലിമെബർ എന്നീ നിലകളിൽ പ്രസിദ്ധനായ സമുദായനേതാവായിരുന്ന മാത്യു തോട്ടാശ്ശേരി. മാതൃഭവനത്തിലാണു് മാത്യു സിറിയക്കു് പിറന്നതു്.

മാതാമഹനെ അനുസ്മരിച്ചത്രേ മാത്യുവെന്ന പേരു പൗത്രനു ലഭിച്ചതു്. കുട്ടിയെ മാത്യൂസ് എന്നു മാതാപിതാക്കന്മാർ ഓമനിച്ചു വിളിച്ചു. അതിനും ന്യായമുണ്ടായി. 1942 ഡിസംബർ 3-ാംതീയതിയാണു് അവൻെറ പിറവി. സെയിൻറു ഫ്രാൻസിസ് സേവ്യറിൻെറ ദിനമാണതു്. ആ വിശുദ്ധൻെറ പേരിൽനിന്നു എസ് (S) കൂടി മാത്യു എന്നതിനോടു ചേർക്കാൻ അവർക്കു ഇഷ്ടമാ

www.malankaralibrary.com



യി. ''സേവ്യർ'' പദത്തിൻെറ അന്വത്ഥത മരണവേളയിലും അവൻ പ്രകടിപ്പിച്ചതു് ആശ്ചര്യമായിരിക്കുന്നു.

പുത്രൻെറ ഭാഗ്യം പിതാവിനെയും ഭാഗ്യശാലിയാക്കി. ശ്രീ വി. ജി. സിറിയക്ക ആലപ്പുഴ തഹശീൽദാർ ആയി ഉയർത്തപ്പെട്ടു. പ്രൈമറിപള്ളിക്കൂടത്തിൽ ചേക്കുന്നതിനുള്ള പ്രായമേ അന്നു മാത്യുവിനായിട്ടുള്ളു. ബ. സിസ്റ്റേഴ്സ് നടത്തുന്ന തത്തമ്പള്ളി എൽ. പി. സ്കൂളിൽ അവൻ ചേക്കപ്പെട്ടു, ഒന്നും രണ്ടും സ്റ്റാൻഡാർഡുകളിൽ അവിടെയാണു പഠിച്ചതു്.

ഉദ്യോഗക്കയററംകൊണ്ടു ശ്രീ സിറിയക്കു് വീണ്ടും അനുഗ്രഹീതനായി, കോട്ടയത്തെ ഡപ്യൂട്ടികളക്ടറും ഫസ്റ്റ് ക്ലാസ്സ മജിസ്ട്രേറ്ററും ആയി അദ്ദേഹം നിയമിക്കപ്പെട്ടു. ശ്രീ സിറിയക്കിൻെറ കുടുംബം കോട്ടയത്തേക്കു താമസംമാററി. കോട്ടയം എം. ഡി. സിമനാരിയിലെ മൂന്നാം സ്റ്റാൻഡാർഡു വിദ്യാത്ഥിയായി പഠനം തുടരുന്നതിനത്രേ തദവസരത്തിൽ മാത്യുസിനു സാധിച്ചതു്. പിതാമഹൻ പഠിച്ച വിദ്യാലയത്തിൽ പൗത്രനും!

1951-ൽ തിരുവിതാംകൂർ കൊച്ചി പൊതുതിരഞ്ഞെടുപ്പു് നടന്നു. തുടന്നു ശ്രീ എ. ജെ. ജോൺ മുഖ്യമന്ത്രിയായി. കോട്ടയം ഡിസ്ട്രിക്ടിലെ പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ നിന്നാണു് അദ്ദേഹം വിജയിയായതു്. മുഖ്യമന്ത്രിയുടെ പ്രൈവററു സെക്രട്ടറിസ്ഥാനത്തിനു് ശ്രീ വി. ജി. സിറിയക്ക നിർദ്ദിഷ്ടനായി; 8-5-1952-ൽ ആ തസ്ഥിക അദ്ദേഹം സ്വീകരിച്ചു. കുടുംബഹിതം അദ്ദേഹം തിരുവനന്തപുരത്തിനു താമസം മാററി. കോട്ടയം എം. ഡി. സിമനാരി പ്രൈമറിസ്കൂ

www.malankaralibrary.com


ളിൽനിന്നു മാത്യുവിൻെറ പഠിത്തം തിരുവനന്തപുരം കോട്ടൺഹിൽ ഗവമ്മേൻറു ഗേറംസുസ്കൂളിലേക്കു മാററപ്പെട്ടു. IV, V, VI, VII, സ്റ്റാൻഡാർഡുകളിൽ അവിടെയാണ് അവൻ പഠിച്ചതു്. സ്കൂറംമാററം പിന്നെയും ആവശ്യമായി. കോട്ടൺഹില്ലിലെ ഹൈസ്കൂറം ക്ലാസ്സുകളിൽ ആൺകുട്ടികറംക്കു പ്രവേശനം അനുവദിച്ചിരുന്നില്ല. VIII, IX, X എന്നീ സ്റ്റാൻഡാർഡുകളിൽ തിരുവനന്തപുരം മോഡൽ സ്കൂളിലാണ് മാത്യൂസ് പഠിച്ചതു്.

കേവലം പുസ്തകപ്പുഴുവായിരുന്നില്ല മാത്യൂസ്. ഹൈസ്കൂറം പഠനകാലത്തു എൻ. സി. സി. പരിശീലനത്തിൽ അവൻ സജീവപങ്കു വഹിച്ചു, മൂന്നുകൊല്ലത്തെ പരിശീലനത്തിനുശേഷം സർട്ടിഫിക്കററുകറം നേടി. അക്കാലയളവിൽ തന്നെ തിരുവനന്തപുരം റൈഫിറം ക്ലബ്ബു നടത്തിയ റൈഫിറം ഷൂട്ടിംഗു അഭ്യസനം പൂൎത്തിയാക്കയും ചെയ്തു.

ആധ്യാത്മികകാര്യങ്ങളിലും മാത്യുശ്രദ്ധാലുവായി. കോട്ടൺഹില്ലിലെ കാമ്മൽ മൗണ്ടിനടുത്തുള്ള താമസം അതിനു സഹായകമായി. സഹോദരിസഹോദരങ്ങളുമൊത്തു മാത്യു കൊവേന്തപ്പള്ളിയിലെ ആരാധനയിൽ പങ്കെടുക്കും; വേദോപദേശക്ലാസ്സിൽ സംബന്ധിക്കും; ഭക്തസംഘടനകളിൽ പ്രവൎത്തിക്കും. ഫാ. ബർണാഡിൻ ഒ. സി. ഡി., ഫാ. ആൽബർട്ടു ഒ. സി. ഡി., ഫാ. ബ്രോക്കാർഡു ഒ. സി. ഡി എന്നിവരാണു അവിടത്തെ ലിററിൽ ഫ്ളവർ സംഘടനയ്ക്കു നേതൃത്വം നല്കിയതു്. അറംത്താരശുശ്രൂഷകനാകാൻ മാത്യു മടിച്ചില്ല. വേദോപദേശപരീക്ഷകളിൽ അവൻ സമ്മാനാർഹനായി. ഭക്തസംഘടനയുടെ വാർഷികാഘോഷവേളയിലെ കലാപരിപാടികളിലും അവൻ പ്രാമുഖ്യം കാട്ടി.

www.malankaralibrary.com



1959-ൽ മാത്യൂസ് എസ്. എസ്. എൽ. സി. പാസായി. മാർ ഈവാനിയോസ് കോളജിലാണ് തുടന്ന് പഠിച്ചതു്. 1960-ൽ പ്രീഡിഗ്രിയും 1963-ൽ ബി. എസ്സ്സി. യും വിജയിച്ചു.

ഒരു മികച്ച കായികതാരമായിരുന്ന മാത്യൂസ്. ഫുട്ബോളിലും നീന്തലിലുമാണ് അവൻ മികവുകാട്ടിയതു്. കോളജിലെ ഫുട്ബോറം ടീമിലും അവൻെറ അംഗത്വം ഒഴിച്ചുകൂടാത്തതായി. എൻ. സി. സി. യിലും അവൻ താല്പര്യംകാണിച്ചു; സീനിയർ ഡിവിഷൻ എയർ വിംഗിലാണ് പ്രവത്തിച്ചതു്. തിരുവനന്തപുരത്തെ കേരളാ ഫ്ളൈയിംഗ്ക്ലബ്ബിൽ വിമാനം പറപ്പിക്കുന്നതിനുള്ള അതീവസാമർത്ഥ്യം അവൻ വെളിപ്പെടുത്തി.

നാഷണൽ കേഡററ് കോർപ്സിൻെറ ഡയറക്ടർ ബ്രിഗേയ്ഡർ എം. എൽ. വിഗ്ഗ് അക്കാലത്തെക്കുറിച്ചെഴുതി: ''കോളജുപഠനകാലത്തു ഞങ്ങളുടെ സംഘടനയിൽപെട്ട ഒരു കേഡററ് ആയിരുന്ന അദ്ദേഹം. സംഘടനയിലെ ഓരോ വ്യക്തിയുടെയും സ്നേഹമാജ്ജിച്ച ഏററം നല്ലകുട്ടി. സൂക്ഷ്മമായ അച്ചടക്കവും വിശ്വസ്തതയും ധീരതയും പ്രദർശിപ്പിച്ച ഉത്തമനായ പൈലററ്.''

എൻ. സി. സി. അംഗത്വം, റൈഫിറം പരിശീലനം, ഫ്ളൈയിംഗ് കൗതുകം—എല്ലാം മാത്യുവിനെ ചായിച്ചതു് മിലിട്ടറിയിലേക്കാണ്. ആ ജീവിതത്തിൻെറ അപകടസാധ്യത സൂചിപ്പിച്ചവരുണ്ടു്. അവൻ കലുങ്ങിയില്ല. പാദചാരിയേയും ഗഗനചാരിയേയും ഒന്നുപോലെ സംരക്ഷിക്കുന്നതു് കാവൽമാലാഖമാരും ദൈവവുമാണെന്നത്രേ ആ യുവാവിൻെറ ഉറച്ച വിശ്വാസം. ആർമിഓഫീസർതസ്തികയിലേക്കു ഒരു തിര

www.malankaralibrary.com



ഞ്ഞെടുപ്പ് ബാംഗ്ളൂർ നടന്നു, മാത്യു അവിടെ അപേക്ഷകനായി, എങ്കിലും തിരഞ്ഞെടുക്കപ്പെട്ടില്ല. എയർഫോഴ്സിലുള്ള ഓഫീസർ തസ്തികയിലേക്കായിരുന്നു അടുത്തശ്രമം. അതിൽ വിജയിയായി. ട്രെയിനിംഗ് തുടങ്ങി. കോയമ്പത്തൂർ, പട്യാല, അലഹബാദ്, ജോസ്പൂർ എന്നിവിടങ്ങളിലായിരുന്നു പരിശീലനം. ട്രെയിനിംഗ് പൂർത്തിയാക്കി എയർഫോഴ്സിൽ പ്രവർത്തനമാരംഭിച്ചു. പടിപടിയായി ഉയർന്നു. 35-ാംവയസിൽ സ്ക്വാഡ്രൺലീഡർ പദവിയിലെത്തി. വ്യോമസേനയിലെ അപകടസാധ്യതയെക്കുറിച്ചു തള്ളയുടെ ആവലാതി അവൻ ചിലപ്പോഴം കേൾക്കേണ്ടിവന്നിട്ടുണ്ട്. പ്രധാനമന്ത്രി, പ്രമുഖന്മാർ എന്നിവർക്കെല്ലാം വിമാനത്തിൽ പറക്കൽ സർവ്വസാധാരണമാണെന്നും സ്വർഗ്ഗത്തിലിരിക്കുന്ന ദൈവം വ്യോമസേനയെ കാത്തുകൊള്ളുമെന്നും പറഞ്ഞത്രേ അവൻ അമ്മയെ സാന്ത്വനിപ്പിച്ചിട്ടുള്ളതു്. പിതൃസഹോദരനായ ഫാ. ജോസഫ് വടക്കേക്കരയോടു അവൻ ഒരിക്കൽ പറഞ്ഞു: "വിമാനത്തിൽ പറന്നുയരുമ്പോഴം സ്വർഗ്ഗത്തോടും ദൈവത്തോടും സമീപസ്ഥമാകുകയാണു്. അവിടെനിന്നു സ്വർഗ്ഗത്തിലെത്താൻ എളുപ്പമാണു്."

സ്വർഗ്ഗത്തിലേക്കുള്ള ധീരമായ പറന്നുയരലാണു് 1977 നവംബർ 4-ാംതീയതി മാത്യു നിർവ്വഹിച്ചതു്.

നവംബർ മാസം മരിച്ചവരെ അനുസ്മരിക്കുന്നു; ആദ്യവെള്ളി ക്രിസ്തുവിൻെറ കുരിശുമരണത്തെയും. നവംബർ മാസത്തിലെ ആദ്യവെള്ളിയാഴ്ചയാണു് മാത്യുവിൻെറ മരണം.

☆

www.malankaralibrary.com

# II

# മാക്സിമില്യൻ കോൾബെ*

## I കുരുതിക്കളത്തിൽ സൗഗന്ധികം

പോളണ്ടിലെ ക്രാക്കോയിൽനിന്നു അധികദൂരത്തല്ല ഔഷ്വിററ്സ് (Aushchwitz). ഭീകരതയുടെ പര്യായമാണാ തടങ്കൽപ്പാളയം. ഹിററ്ലറിന്റെ ആ കോൺസൻട്രേഷൻ ക്യാമ്പിനെ ഞെട്ടലോടുകൂടിയല്ലാതെ സ്മരിക്കാൻ സാധിക്കയില്ല. മനുഷ്യസൃഷ്ടിയായ കൊടിയ നരകമെന്നും ആ കൊലക്കളത്തെ വിളിക്കാം. അറുപതിനായിരം പേരെ ഒററദിവസംതന്നെ കുരുതികഴിക്കാനുള്ള രാക്ഷസീയസജ്ജീകരണങ്ങൾ ആ തടവറയിൽ ഉണ്ടായിരുന്നു. എന്നിട്ടും അതിനെ പ്രത്യാശയുടെ സ്വർഗ്ഗീയസുഗന്ധം പരത്തുന്ന സ്ഥാനമായി കാണാൻ കർദ്ദിനാൾ വൊയ്ററീവ (ഇന്നത്തെ ജോൺ പോൾ രണ്ടാമൻപാപ്പാ) മടിച്ചില്ല. ആത്മാഹുതിയുടെ ഒരു സംഭവമാണ് അദ്ദേഹത്തെ പ്രത്യാശയ്ക്കു പ്രേരിപ്പിച്ചതു്. കാലുഷ്യത്തിന്റെ കൊടുംവറുതിയിൽ അവിടെ സ്നേഹത്തിന്റെ നറുതേനൊഴുകി; ദീനനായ സുഹൃത്തി

---

* 1990 മെയ്, ജൂൺ ലക്കങ്ങളിലെ 'പ്രേഷിതകേരളത്തിൽ പ്രസിദ്ധീകരിച്ചതു്.

www.malankaralibrary.com




നെ രക്ഷിക്കുന്നതിനുവേണ്ടി ഒരു ഫ്രാൻസിസ്കൻവൈദികൻ ജീവൻ ബലികഴിച്ചു. ധീരോദാത്തനായ മാക്സിമില്യൻ കോൾബേ ഇന്നു പ്രഖ്യാതനാണ്. ആ ത്യാഗിയുടെ സ്മരണസ്തൂമുമ്പിൽ പതിനായിരങ്ങൾ അഞ്ജലീബദ്ധരായിത്തീരുന്നു.

1972-ൽ കർദ്ദിനാൾ വൊയ്റ്റീവ പ്രസ്താവിച്ചു; "മനുഷ്യവ്യക്തിത്വത്തെ ചവിട്ടിത്തേച്ച കുരുതിക്കളമായിരുന്നു ഔഷ്വിറ്റ്സ്. സ്നേഹത്തിന്റെ തെളിയുറവില്ലാതെ അവിടം വററിവരണ്ടു; വിദ്വേഷപ്പട്ടടത്തീയിൽ ദഹിച്ചു; പൈശാചികതയുടെ ക്രൂരവാഴ്ച നൃത്തമാടി. ഇന്നെല്ലാം മാറി; ദൈവപരിപാലന സ്ഥിതിഗതികളെ മാററി. വിദ്വേഷത്തിന്റെ കൂരമ്പുകളുടെ മേൽ സ്നേഹം വിജയംനേടി; മനുഷ്യചൈതന്യം ഉയിത്തെഴുന്നേററു. മാക്സിമില്യൻ കോൾബേയുടെ ജീവിതവും മരണവുമാണ് ഈ അനുഗ്രഹത്തിന്റെ മാററം വരുത്തിയതു്".

## II അറിയപ്പെടുന്ന വൃത്താന്തം

പോളണ്ടിൽ അറിയപ്പെടുന്ന കഥയാണ് ഫാ. കോൾബെയുടേതു്. മരണത്തിനുമുമ്പും അദ്ദേഹം അംഗീകൃതനായിരുന്നു. ആ ഫ്രാൻസിസ്കൻ വൈദികൻ ഉണർത്തിയ ആന്തരികപ്രചോദനംകൊണ്ടു പ്രബുദ്ധരായവർ അനവധിയുണ്ടു്. പോപ്പ് ജോൺപോൾ രണ്ടാമൻ അനുഭവസ്ഥനാണു്. ആധ്യാത്മികചലനങ്ങൾക്കു പോളണ്ടിൽ നേതൃത്വംകൊടുത്ത അതിബൃഹത്തായ ഒരു ആശ്രമമത്രേ "നിപ്പക്കലൊനേ" (Neipokalanow). 1927-ൽ ഫാ. കോൾബെയും സഹസന്ന്യാസികളുംചേർന്നു സ്ഥാപിച്ചതാണതു്.

www.malankaralibrary.com



“എന്റെ ഇംഗിതം എന്തെന്നല്ലേ? വിശുദ്ധനാകൽ. നിങ്ങളും അങ്ങനെ ആകണം. കേവലം അലങ്കാരമല്ല വിശുദ്ധജീവിതം. പിന്നെയോ, ഉത്തരവാദിത്വമത്രേ—ശ്രദ്ധിച്ചാൽ അതു ദുസ്സരമല്ല.”

വി. മാക്സിമില്യൻ കോൾബേ

www.malankaralibrary.com



വിവിധതരം പ്രവൎത്തനങ്ങളുടെ ആസ്ഥാനമായിരുന്നു ''നിപ്പക്കലൊനേ''. ഡോക്ടറന്മാർ, കർഷകർ, സാങ്കേതികവിദഗ്ദ്ധർ, തയ്യൽക്കാർ, കെട്ടിടനിൎമ്മാതാക്കൾ, മുദ്രണക്കാർ, ചെരിപ്പുകുത്തികൾ, പാചകജോലിക്കാർ തുടങ്ങി 752-ഓളം അന്തേവാസികൾ അവിടെയുണ്ടായിരുന്നു. സെമിനാരി, പ്രേഷിതകേന്ദ്രം, മുദ്രാലയം, റേഡിയോസ്റ്റേഷൻ തുടങ്ങി എല്ലാം അവിടെ പ്രവൎത്തിച്ചു. അവിടെനിന്നും ആരംഭമിട്ട ''അമലോത്ഭവസൈന്യം'' മാസിക ആദ്യം 5000 കോപ്പിയാണു് അടിച്ചതു്; അതു എഴുപതിനായിരമായി ഉയൎന്നു. ഏഴുലക്ഷത്തിഅൻപതിനായിരമായി വളൎന്നു. അത്യന്താധുനികസംവിധാനം മുദ്രണകലയിൽ വരുത്താൻ ഫാ. കോൾബേ പ്രേരിതനായി. 1935-ൽ ഒരു പ്രതിദിനപ്പത്രം തുടങ്ങി. അതു പോളണ്ടിൽ ഏറ്റവും പ്രചാരമുള്ള പത്രമായിത്തീൎന്നു. സാധാരണദിവസങ്ങളിൽ അതിന്റെ ഒരുലക്ഷത്തി മുപ്പത്തേഴായിരം കോപ്പികൾ അടിച്ചു; ഞായറാഴ്ചകളിൽ രണ്ടുലക്ഷത്തി ഇരുപത്തയ്യായിരവും. ആധ്യാത്മികചൈതന്യം ഉണൎത്തുന്ന ഒരു റേഡിയോ നിലയവും അവിടെ പ്രവൎത്തിച്ചു തുടങ്ങി.

## III ജപ്പാനിലും ഇന്ത്യയിലും

ഫാ. മാക്സിമില്യൻ കോൾബെ 1930-ൽ ജപ്പാനിലേക്കു പോയി; അവിടെയും പ്രവൎത്തനനിരതനായി. ജപ്പാൻഭാഷ അറിഞ്ഞിരുന്നില്ല; എന്നിട്ടും ''അമലോത്ഭവസൈന്യം'' മാസിക അവിടെയും ആരംഭിക്കാൻ ആഗ്രഹിച്ചു. ഒരു മാസത്തിനുള്ളിൽ പ്രസ്സുവാങ്ങി; മാസിക തുടങ്ങി. അദ്ദേഹത്തിന്റെ രണ്ടു ഡോക്ടർ ബി

www.malankaralibrary.com



രുദങ്ങളെക്കുറിച്ചു. നാഗസാക്കിമെത്രാൻ അറിഞ്ഞു. ത ന്മൂലം, അവിടത്തെ സെമിനാരിയിലെ ഫിലോസഫി പ്രൊഫസറായി ആ പോളിഷുവൈദികൻ നിയമിത നായി.

ജപ്പാനിൽനിന്നു ആ മിഷനറി കേരളത്തിലേക്ക വന്നു. 1932-ലാണതു്. ''അമലോത്ഭവസൈന്യം'' ഇ വിടെയും പ്രവർത്തനക്ഷമമാക്കാൻ ശ്രമിച്ചതാണു്; അ ധികാരികഠം തിരികെ വിളിക്കയാൽ ആഗ്രഹം സാ ധിതപ്രായമാക്കാൻ കഴിഞ്ഞില്ല. റഷ്യയിലൂടെയുള്ള മട ക്കയാത്രയിൽ അവിടത്തെ ഭാഷ പഠിക്കയും സാഹി ത്യജ്ഞാനം അല്പമായി സമ്പാദിക്കയും ചെയ്തു. റഷ്യൻ ഭാഷയിലും ''അമലോത്ഭവസൈന്യം'' പ്രസിദ്ധീകരി ക്കണമെന്നായിരുന്നു ആഗ്രഹം.

1936-ൽ കോഠംബേ പോളണ്ടിലെത്തി; ആരോ ഗ്യം അപ്പോഠം നന്നേ കുറഞ്ഞിരുന്നു; ക്ഷയരോഗത്തി ൻെറ ആക്രമണം ക്രൂരമായുണ്ടായി; തലവേദനയുടെ അ ലട്ടൽ ഏറെ അനുഭവപ്പെട്ടു; വ്രണങ്ങളുടെ വേദനയും സഹിക്കേണ്ടിവന്നു.

## IV ഹിററ്ലറുടെ ചങ്ങല

ഹിററ്ലറുടെ യുദ്ധക്കൊതി ലോകത്തെ വിറപ്പി ച്ചു. ജർമ്മൻ പട്ടാളം പോളണ്ടിനെ ആക്രമിക്കുകയും വേ ട്ടയാടുകയും ചെയ്തു. 1939 സെപ്തംബർ 13-ാംതീയതി അവർ ''നിപ്പക്കലൊനേ'' കൈയേറി. ഫാ. കോഠംബെ യും സഹപ്രവർത്തകരും അറസ്റ്റിനു വിധേയരായി.

മൂന്നുമാസത്തെ ജയിൽവാസത്തിനുശേഷം ഫാ. മാ

www.malankaralibrary.com



ക്സിമില്യൻ കോൾബെ വിമോചിതനായി. "നിപ്പക്കലാനേ" ഒരഭയാർത്ഥികേന്ദ്രമാക്കാൻ അദ്ദേഹം മടിച്ചില്ല. കാലഘട്ടത്തിന്റെ ആവശ്യം അതായിരുന്നു. മൂവായിരം അഭയാർത്ഥികൾക്കാണ് അവിടെ സങ്കേതം നല്കിയതു്. അതിൽ രണ്ടായിരംപേർ യഹൂദരായിരുന്നു. അടിച്ചോടിക്കപ്പെട്ട അവർക്ക് എല്ലാ സഹായങ്ങളും നല്കാൻ സന്ന്യാസികൾ നിശ്ചയിച്ചു. ആ നിസ്സഹായർക്ക് പാർപ്പിടം നല്കി. ഭക്ഷണം കൊടുത്തു; സഹായസഹകരണം ലഭ്യമാക്കി.

"നിപ്പക്കലാനേ"യിലെ അഭയാർത്ഥിസംരക്ഷണം ഹിററ്ലറെ കുപിതനാക്കി. മാക്സിമില്യൻ കോൾബെയുടെ ലേഖനങ്ങൾ "അമലോത്ഭവ സൈന്യ"ത്തിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നു. 1941 ആരംഭത്തിൽ അദ്ദേഹമെഴുതി: "സത്യത്തെ മാററാൻ ആർക്കു കഴിയും? സത്യം കണ്ടുപിടിക്കയും സേവനം അനുഷ്ഠിക്കയുമാണ് നമ്മുടെ ധർമ്മം. ആന്തരികസംഘട്ടനമാണ് ഏററം വലുതു്. നന്മയും തിന്മയുംതമ്മിലും സ്നേഹവും പാപവുംതമ്മിലുമുള്ള സമരം. ആന്തരികസമരത്തിൽ പരാജയപ്പെട്ടന്നെങ്കിൽ പുറമെയുള്ള യുദ്ധക്കളത്തിലെ വിജയംകൊണ്ടു് എന്തു പ്രയോജനം?

## V തടവറയിൽ

1941 ഫെബ്രുവരി 17-ാംതീയതി ഫാ. കോൾബേ വീണ്ടും അറസ്ററുചെയ്യപ്പെട്ടു. പാവിയക്ക് (Pawiak) എന്ന തടവറയിലാണ് അടയ്ക്കപ്പെട്ടതു്. ക്രൂരമായ പെരുമാററത്തിന് അവിടം പേരെടുത്തിരുന്നു. ഫ്രാൻസിസ്കൻ കപ്പായമണിഞ്ഞ ജപമാലധാരിയായ

www.malankaralibrary.com



ആ സന്ന്യാസിയോടു അവിടത്തെ പട്ടാളക്കാരൻ ചോദിച്ചു: ''നിങ്ങഠം ക്രിസ്തുവിൽ വിശ്വസിക്കുന്നുണ്ടോ?''

''തീർച്ചയായും''

ദയയില്ലാത്ത പ്രഹരമായിരുന്നു ഉടനെ ഏല്ക്കേണ്ടിവന്നതു്. ചോദ്യം ആവർത്തിച്ചു. ഉത്തരം പഴയതുതന്നെ. പ്രഹരവും തുടൎന്നുകൊണ്ടിരുന്നു. താമസംവിനാ വൈദികൻെറ ഫ്രാൻസിസ്കൻ ഉടുപ്പു അഴിച്ചുമാററി; തടവുപുള്ളിയുടെ ഉടുപ്പു് അണിയിച്ചു.

തടവുപുള്ളികളെ തിരിച്ചറിഞ്ഞിരുന്നതു് നമ്പർ കൊണ്ടാണു്. 16670 എന്നതായിരുന്നു ഫാ. കോഠംബെയുടെമേൽ പതിഞ്ഞ നമ്പർ. കഠിനാധ്വാനത്തിൽനിന്നു ഒഴിവുകഴിവു ആൎക്കും ലഭിച്ചില്ല. ശ്മശാനത്തിൻെറ മതിൽപ്പണി അന്നു നടന്നിരുന്നു. അതിനു കരികൾ ചുമക്കുന്ന ജോലിയാണു് നമ്പർ 16670 ചെയ്യേണ്ടിയിരുന്നതു്. തടിമുറിക്കൽ, മുട്ടംചുമക്കൽ തുടങ്ങിയ പണി തുടൎന്നുകിട്ടി. വിശ്രമമില്ലാതെ ജോലിചെയ്യേണ്ടിവന്നു. പണി ശീഘ്രമാക്കുവാൻ അടിയും കിട്ടിയിരുന്നു. മാടിനെ പണിയെടുപ്പിക്കാൻ അടിക്കുന്നതുപോലെ. കഠിനജോലികളാണു ചെയ്യിപ്പിച്ചിരുന്നതു്; ശ്വാസകോശം സംബന്ധിച്ച അസുഖംകൊണ്ടു വലഞ്ഞിരുന്നു; എന്നിട്ടും കിട്ടുന്ന ജോലിയേതും ശാന്തതയോടെ ഫാ. കോഠംബേ സ്വീകരിച്ചു. സഹപ്രവൎത്തകരുടെ സഹായം ഉണ്ടാകാതിരുന്നില്ല. പക്ഷേ അവയെ നിരുത്സാഹപ്പെടുത്തുകയായിരുന്നു പതിവു്. മററുള്ളവൎക്കു അപകടമുണ്ടാക്കാൻ അദ്ദേഹം സമ്മതിച്ചില്ല. ആ സംയമശീലൻ പറഞ്ഞു; ''വേണ്ടാ, ദൈവമാതാവു ശക്തിനല്കും. എ

4 ല്ലാം നന്മയിൽ കലാശിക്കും''.

www.malankaralibrary.com



ദുസ്സഹാനുഭവങ്ങൾ ഒന്നും രണ്ടുമല്ല ഉണ്ടായിട്ടുള്ളത്. ആ സന്ന്യാസിയുടെ ചുമലിൽ ഭാരമേറിയ പലക കെട്ടി ഒരുദിവസം ഏററിക്കൊടുത്തു. ചുമടുംപേറി ഓടു ന്നതിനാണ് സുഗ്രീവാജ്ഞ കിട്ടിയത്. ഓടുന്നതിനിട യിൽ ആ ക്ഷീണപരവശൻ വീണുപോയി. കടുത്ത തൊഴിയായിരുന്നു ഉടനെ ഏററത്. മുഖത്തേക്കും വയ ററത്തേക്കും നിർദ്ദാക്ഷിണ്യം തൊഴി. ബോധഹീന നായ വൈദികനെ ചേറിലേക്കു തള്ളിയതേയുള്ളു. അ വിടെ കിടന്നു ചത്തുകൊള്ളുമെന്നത്രേ കരുതിയത്. ര ഹസ്യത്തിൽ ആരോ ക്യാമ്പ്ആശുപത്രിയിലെത്തിച്ചു. വളരെ സഹിക്കുന്നുണ്ടായിരുന്നു. എങ്കിലും, മററുള്ളവരു ടെ പാപസങ്കീർത്തനം ശ്രവിക്കാനും ദൈവസ്നേഹത്തെ ക്കുറിച്ചു അവരോടു പറയാനും മടിച്ചില്ല.

കരളലിയിക്കുന്നതായിരുന്നു ആ തടവറയിലെ അ നുഭവം. ഭക്ഷണം കൊണ്ടുവരുമ്പോൾ എല്ലാവരും ആ ർത്തിയോടെ ഓടിയടുക്കും. ഫ്രാൻസീസ് അസീസിയു ടെ ആ അനുയായിമാത്രം ഒഴിഞ്ഞുമാറിനില്ക്കും. മിച്ചം വരാത്തതുകൊണ്ടു ചിലപ്പോൾ ഭക്ഷണം കിട്ടിയില്ലെ ന്നുവരും; കിട്ടുന്നതുതന്നെ മററുള്ളവർക്കു പങ്കിടുകയും ചെ യ്യും. ജീവൻ നിലനിർത്താൻ തത്രപ്പെടേണ്ട ഘട്ടങ്ങ ളിൽ ഇത്തരം ത്യാഗംകാട്ടൽ ബുദ്ധിശൂന്യതയല്ലേയെ ന്നു ചോദിച്ചവരുണ്ട്. ഫാ. കോൾബേ പറഞ്ഞു: ''എ ല്ലാവർക്കും ലക്ഷ്യമുണ്ട്. തിരിച്ചു വീട്ടിലെത്തി കുഞ്ഞു ങ്ങളെയും ഭാര്യയേയും പ്രാപിക്കയെന്നതാണ് പലർക്കും ലക്ഷ്യം. എനിക്കാകട്ടെ, മററുള്ളവരുടെ നന്മയ്ക്കുവേണ്ടി ജീവൻ വിനിയോഗിക്കയെന്നതും''.

www.malankaralibrary.com



## VI മരണംവരിക്കൽ

ജയിലറയിൽനിന്നു ഒരു കുററവാളി കാണാതായി. ആരോ തടവു ചാടിയത്രേ. പകരം പത്തുപേർ കൊല്ലപ്പെടണമെന്നായിരുന്നു ക്രൂരനിശ്ചയം. പട്ടിണികിടന്നാണ് ആ ദുർഭഗർ മരിക്കപ്പെടേണ്ടതു്. ഭൂഗർഭത്തിലെ ഭയാനകഗുഹകളിൽ വിശപ്പും ദാഹവും സഹിച്ചു ഇഞ്ചിഞ്ചായി മരിക്കണം. (ഒളിച്ചോടിയെന്നു ആരോപിക്കപ്പെട്ട കുററവാളി ക്യാമ്പിലെ കക്കൂസിൽ മുങ്ങിച്ചത്തുകിടക്കുന്നതു ഏറെക്കഴിഞ്ഞു കണ്ടുപിടിക്കപ്പെട്ടു. തന്മൂലം, ആ പ്രതികാരനടപടി തീർത്തും അനാവശ്യമായിരുന്നു).

ചിട്ടിവീണ പത്തു ഭാഗ്യഹീനരിൽ ഒരുവൻ— ഫ്രാൻസിസ് ഗയോണിഷക്ക—ദീനദീനം കരഞ്ഞു. ഭാര്യയേയും കുഞ്ഞുങ്ങളേയും ഇനിയൊരിക്കലും കാണാനൊക്കാത്ത ദുസ്ഥിതി നിനച്ചാണ് ആ വിലാപം. മററുള്ളവർ പകച്ചുനിന്നു. കാണികളെ ആശ്ചര്യപരതന്ത്രരാക്കിയ ഒരു സംഭവം അതിനിടയിലുണ്ടായി. ഗയോണിഷസ്കു പകരം മരണംവരിക്കാൻ ഒരാരം മുമ്പോട്ടുവന്നു. 16670-ാംനമ്പർ തടവുപുള്ളി ഫാ. മാക്സിമില്യൻ കോറംബേ ആയിരുന്നു അതു്.

കമാൻഡർ ഫ്രിക്സ് ഫാ. കോറംബെയോടു ചോദിച്ചു:

''തനിക്കു് എന്തുവേണം?''

''മരിക്കാൻ വിധിക്കപ്പെട്ടവരിൽ ഒരാളുടെ സ്ഥാനം സ്വീകരിക്കാൻ ഞാൻ തയ്യാറാണ്'' ഫാ. കോറംബെ പറഞ്ഞു.

www.malankaralibrary.com



"എന്തുകൊണ്ട്?"

"ഞാൻ വൃദ്ധനും രോഗിയുമാണ്. എന്നെക്കൊണ്ട ഇനി വലിയ ഉപകാരമില്ല. ഭാര്യയും കുട്ടികളുമുള്ള ആ മനുഷ്യനു പകരം മരിക്കാൻ ഞാൻ തയ്യാറാണ്"

ഇത്രയും പറഞ്ഞു ഫാ. കോംബെ ഗയോണിഷക്കിൻെറ നേരെ വിരൽ ചൂണ്ടി.

"താങ്കൾ ആരാണ്?" ഫ്രിസ്ക് വീണ്ടും ചോദിച്ചു.

"ഞാനൊരു പുരോഹിതനാണ്. കത്തോലിക്കാ പുരോഹിതൻ" ഫാ. കോംബേ മറുപടി നല്കി.

അപേക്ഷ സ്വീകൃതമായി. ഭൂഗർഭത്തിലെ മരണ അറയിലേക്ക ഫാ. കോംബെയും കൂട്ടരും നീങ്ങി. ബ്രുണോബർഗോവിഷ് എന്ന പട്ടാളക്കാരൻ ഈ രക്തസാക്ഷിത്വത്തിനു ദൃക്സാക്ഷിയാണ്. അദ്ദേഹം പറയുന്നു:

"ഭൂഗർഭകാരാഗൃഹത്തിൻെറ കാര്യദർശിയായിരുന്നു ഞാൻ. ദ്വിഭാഷിയായും പ്രവർത്തിച്ചു. മരണത്തെ അഭിമുഖീകരിക്കുന്നതിൽ ഫാ. മാക്സിമില്യൻ കോംബെ കാട്ടിയ ധീരത നാസി രഹസ്യപ്പോലീസിനെ അത്ഭുതപ്പെടുത്തി. എന്നെയും അത്ഭുതപ്പെടുത്തി, ആശ്ചര്യത്തിലാഴ്ത്തി. തന്മൂലം, അദ്ദേഹത്തിൻെറ തുടർന്നുള്ള ദിനങ്ങളിലെ ഒരു യഥാതഥ റിപ്പോർട്ട ഞാൻ രേഖപ്പെടുത്തി.

"തുറുങ്കിൻെറ വലതുവശത്താണ് ഞങ്ങളുടെ ബ്ലോക്ക്. ആറുമീററർ ഉയരമുള്ള മതിലിനാൽ ബ്ലോക്ക ചുററപ്പെട്ടിരിക്കുന്നു. ഇതിനടിയിലാണ് ഭൂഗർഭഗ്രഹകൾ. ഓവുചാൽക്കുഴലുകളുടെ നിരയിലാണ് ഈ സെല്ലുകൾ. ഇരുട്ടറകളിൽ ചിലേടത്തെല്ലാം പ്രകാശരശ്മികൾ ക

www.malankaralibrary.com



യറത്തക്കവണ്ണം ചെറുദ്വാരങ്ങളും കിടക്കകളും ഉണ്ടു്. മററു പല അറകളും ഇരുട്ടുനിറഞ്ഞതും കിടക്ക ഇല്ലാത്തതുമാണു്. 1941 ജൂലൈ മാസത്തിൽ ഈ മുറികളിലേക്ക 14-ാം ബ്ലോക്കിലെ തടവുകാരെ (ഫാ. കോംബെയേയും കൂട്ടരെയും) പ്രവേശിപ്പിച്ചു. വസ്ത്രമെല്ലാം അഴിച്ചുമാററിയിട്ടേ ആ ഇരുട്ടുകൂട്ടിൽ അവരെ കയററിയുള്ളു.

''പൊരിയുന്ന വയറിനു ആഹാരമോ വരളുന്ന തൊണ്ടയ്ക്കു ദാഹനീരോ അതിനുശേഷം അവക്ക കിട്ടിയിട്ടില്ല. അവിടെക്കിടന്നു ചത്തൊടുങ്ങണമെന്നേ അവരെക്കുറിച്ചു ഉദ്ദേശ്യമുള്ളു. ഓരോ പ്രഭാതത്തിലും തലേരാത്രി മരിച്ചവരുടെ ശവശരീരം നീക്കം ചെയ്യുന്നതിനു് കാവൽപടയാളികളുടെ വരവുണ്ടു്. ആ സന്ദർശനത്തിൽ ഞാനും പങ്കുചേരും. മരിച്ചയാളിന്റെ നമ്പർ കുറിച്ചെടുക്കുന്നതിനും ജീവിച്ചിരിക്കുന്നവരുമായുള്ള സംഭാഷണം പരിഭാഷപ്പെടുത്തുന്നതിനുമായിരുന്നു ഞാൻ നിയോഗിക്കപ്പെട്ടതു്.

''ഈ മരണമുറിയിൽനിന്നു പ്രാത്ഥനയുടെ സ്വരം ഓരോ ദിവസവും കേട്ടിരുന്നു; ജപമാല പ്രാത്ഥന ഉരുവിടുന്നതും ആധ്യാത്മികഗാനങ്ങൾ ആലപിക്കുന്നതുമായ മധുരശബ്ദം. അടുത്ത അറകളിലെ തടവുകാരും ഈ പ്രാത്ഥനയോടു സഹകരിച്ചു. താഴെയുള്ള തുറുങ്കിലേക്ക ഞാൻ ചിലപ്പോഴെല്ലാം ഇറങ്ങിച്ചെല്ലുകയും അതിവേദനക്കാരെ ആശ്വസിപ്പിക്കയും ചെയ്തിട്ടുണ്ടു്.

''പ്രാത്ഥനകളും ഭക്തഗാനങ്ങളും ഭൂഗർഭഗ്രഹകളിൽ മുഴങ്ങി. ഫാ. മാക്സിമില്യൻ ആണു് പ്രാത്ഥനയ്ക്കു ആരംഭമിട്ടിരുന്നതു്. മററുള്ളവർ ഏററുചൊല്ലി. പ്രാത്ഥനയിൽ പൂണ്ണമായി മുഴുകുന്നതുകൊണ്ടു് കാവൽഭടന്റെ ആഗമനം പലപ്പോഴും അവർ അറിഞ്ഞില്ല.

www.malankaralibrary.com



''കതകു തുറന്നാൽ മതി, ദുർഭഗരുടെ ദീനരോദനം കേൾക്കാം. ഒരുകഷണം റൊട്ടിക്കും ഇത്തിരി വെള്ളത്തിനും വേണ്ടിയുള്ള കരച്ചിൽ. ഒന്നും അവർക്കു കിട്ടിയിരുന്നില്ല. വെള്ളമിറക്കുന്നതിനുപോലും അനുവാദമില്ല. ആരെങ്കിലും ധൈര്യപ്പെട്ടു വാതില്ക്കൽ എത്തിപ്പോയെങ്കിലോ? പട്ടാളക്കാരന്റെ തൊഴിയാണ് ഏററുവാങ്ങേണ്ടിവരിക. ഒററത്തൊഴികൊണ്ടു മറിഞ്ഞുവീഴും; പിടഞ്ഞു കഥകഴിയും. എന്തൊരു രക്തസാക്ഷിത്വം! അവർ മൂത്രംകുടിച്ചു ദാഹമടക്കി.

''വീരോചിതം എന്നത്രേ ആ ഫ്രാൻസിസ്കൻ പാതിരിയുടെ സഹനത്തെ വിശേഷിപ്പിക്കേണ്ടതു്. അദ്ദേഹം വിങ്ങിപ്പൊട്ടിയില്ല; പിറുപിറുത്തുമില്ല; സഹോദരങ്ങൾക്കു ആശ്വാസം നല്കി; ധൈര്യം പകർന്നു. ഏറെ സമയംകൊണ്ടു് എല്ലാവരും അവശരായി. പ്രാർത്ഥന മന്ത്രിക്കുന്നതിനുമാത്രമേ ത്രാണിയുള്ളു എന്നുവന്നു.

''പ്രാർത്ഥിക്കുന്ന തടവുകാരൻ—അങ്ങനെയായിരുന്നു ഓരോ സന്ദർശനവേളയിലും ആ അസാധാരണ മനക്കരുത്തൻ പ്രത്യക്ഷപ്പെട്ടതു്. തുറുങ്കിന്റെ നടുവിൽ മുട്ടിന്മേൽനിന്നുകൊണ്ടുള്ള പ്രാർത്ഥന, അല്ലെങ്കിൽ എഴുന്നേററു കൈകൾ വിരിച്ചുകൊണ്ടുള്ളതു്. സന്ദർശകരെ അദ്ദേഹം ശാന്തമായി നോക്കി. മററുള്ളവർ തറയിൽ വീണു അപ്പോൾ മയങ്ങിക്കഴിഞ്ഞിരുന്നു.

''സാധാരണക്കാരനല്ലിദ്ദേഹം. ഇതുപോലൊരാൾ ഇവിടെ ഇതിനുമുമ്പു വന്നിട്ടില്ല.'' കാവൽഭടന്മാർ അത്ഭുതംപൂണ്ടു. ഫാ. കോൾബെയുടെ അസാധാരണത്വം ശ്രദ്ധിക്കാതിരിക്കാൻ അവർക്കു കഴിഞ്ഞില്ല.

''രണ്ടാഴ്ച കഴിഞ്ഞു, തടവുകാർ ഒരോരുത്തരായി

www.malankaralibrary.com


ചത്തൊടുങ്ങി. മൂന്നാം ആഴ്ചയുടെ അവസാനത്തോടെ നാലുപേർമാത്രം ബാക്കിയായി. ഫാ. മാക്സിമില്യനായിരുന്നു അവരിൽ ഒരാരം. നവാഗതരായ തടവുകാക്ക സെല്ലുകരം തികയാതെവന്നു. മുറികരം ഒഴിവാക്കേണ്ടതു അധികാരികരംക്ക ആവശ്യമായി.

'''ചികിത്സാകേന്ദ്രത്തിന്റെ ഡയറക്ടർ ജമ്മൻകാരനായ ബോക്ക് (Bock) അവിടെ ആനയിക്കപ്പെട്ടു.—1941 ജൂലൈ 14-ാംതീയതി പ്രഭാതത്തിൽ. കാർബോളിക്ക് ആസിഡ് (Carbolic acid) എന്ന മാരകവിഷം അയാരം തടവുപുള്ളികളുടെ ഇടംകൈകളിൽ കുത്തിവെച്ചു. ആരാച്ചാരുടെ മുമ്പിലേക്ക ഫാ. കോരംബെ കൈയുയത്തിക്കൊടുത്തു. അപ്പോഴും ചുണ്ടുകരം കൊണ്ടു പ്രാത്ഥന ഉരുവിട്ടുകൊണ്ടിരുന്നു.

''കണ്ടുനില്ക്കാൻ എനിക്ക കഴിഞ്ഞില്ല. അന്യഥാ ജോലിയുണ്ടെന്ന നാട്യത്തിൽ ഞാൻ അവിടെനിന്നു പോയി. കുത്തിവെച്ച കൊലയാളിയും കാവൽഭടനും സ്ഥലംവിട്ടു.

''സെല്ലിൽ ഞാൻ തിരിച്ചെത്തിയപ്പോരം ഫാ. കോരംബെ മരിച്ചുകഴിഞ്ഞിരുന്നു. കണ്ടാൽ മരിച്ചെന്നു തോന്നിക്കുകയില്ല. പിന്നിലുള്ള ഭിത്തിയിലേക്ക ചാഞ്ഞു്, കണ്ണുകരം തുറന്നു്, തല ഒരു വശത്തേക്ക അല്പം ചരിഞ്ഞു് പതിവുരീതിയിൽ അദ്ദേഹം ഇരുന്നിരുന്നു. ആമുഖം തെളിമയുള്ളതും സൗമ്യവുമായിരുന്നു. മററുള്ളവരുടെ മൃതദേഹങ്ങരം ശോകകാലുഷ്യം വെളിപ്പെടുത്തി''.

www.malankaralibrary.com



## VII അനുഗ്രഹത്തിലാവ്

മൃത്യുഗർത്തത്തിൽനിന്ന മുക്തി കിട്ടിയെങ്കിലും തുറുങ്കിൽനിന്നുള്ള മോചനത്തിന മൂന്നുനാലുകൊല്ലംകൂടി ഗയോണിഷസ്സ് കാത്തിരിക്കേണ്ടിവന്നു. യുദ്ധാനന്തരം വിമോചിതരായ 500പേരിൽ അദ്ദേഹവും ഉണ്ടായിരുന്നു. അപ്പോഴം അവർ തീർത്തും അവശരായിരുന്നു; ദിവസങ്ങളോളം കാൽനടയായി അനേകമൈൽ യാത്രചെയ്യവേണം പുറത്തുകടക്കേണ്ടിയിരുന്നതു്; പട്ടിണിയാലും രോഗത്താലും ഗ്രസിതരായിരുന്നു; പലരും വഴിയിൽ തളർന്നുവീണു മരിച്ചു. ഇരുപതുപേർ മാത്രമായിരുന്നു ജീവനോടെ ശേഷിച്ചതു്. ഗയോണിഷക്ക ആയിരുന്നു ഒരാറം.

ക്ഷയരോഗം ശോഷിപ്പിച്ച ഒരു അസ്ഥിപഞ്ജരമായിട്ടത്രേ ഗയോണിഷക്ക തിരിച്ചെത്തിയതു്. മരണം ആസന്നമെന്നു് അയാറം ഭയപ്പെട്ടു. തനിക്കു പകരം മരിച്ച ധീരാഗ്രണിയെ ആ ദയനീയൻ നന്ദിപൂർവ്വം സ്മരിച്ചു. ''അങ്ങു ഒരിക്കൽ എന്നെ രക്ഷിച്ചുവല്ലോ. വീണ്ടും ഒരിക്കൽക്കൂടി എന്നെ രക്ഷിക്കുക'' എന്നു വിങ്ങിപ്പൊട്ടി പ്രാർത്ഥിച്ചു. ആ അഭ്യർത്ഥന ഫലമണിഞ്ഞു. അത്ഭുതരോഗശമനം ഗയോണിഷസ്സുണ്ടായി. ഇന്നും അദ്ദേഹം വിളിച്ചുപറയുന്നു: ''ഫാ. മാക്സിമില്യൻ എനിക്കുവേണ്ടി മരിച്ചു; അദ്ദേഹം എനിക്കു സൗഖ്യം തന്നു.''

1971 ഒക്ടോബർ 17-ാംതീയതി ധന്യരുടെ നിരയിലേക്കു ഫാ. കോറംബെ ഉയർത്തപ്പെട്ടു. ആറാം പൗലൂസ് പാപ്പായാണു് അതു വിളംബരംചെയ്തതു്. പോളണ്ടിലെ കർദ്ദിനാറം വൊയ്റ്റീവ സ്വന്തനാടിനു ലഭിച്ച ഭാഗ്യത്തിൽ അഭിമാനിച്ചു. ഔഷ്വിററ്സിലെ

www.malankaralibrary.com


ത്യാഗിയെ വിശുദ്ധനെന്നു വിളിക്കാൻ പോളണ്ടിൽനി ന്നു ഒരു പാപ്പാ ഉണ്ടാകുമോ? അന്നാരും കരുതിയില്ല; കരുതുക എളുപ്പമായിരുന്നില്ല. ഇരുമ്പുമറയിലുള്ളവനു കേപ്പാഹായുടെ സിംഹാസനം കൊതിക്കാനാവുമായി രുന്നില്ല. ഇററലിയുടെ അതിർത്തികൾ അപ്പുറത്തുനിന്നുള്ള വൻ ആസ്ഥാനത്തേക്ക് എങ്ങനെ എത്തിനോക്കും? 455 വർഷങ്ങൾക്കിടയിൽ അത്തരം അനുഭവം ഉണ്ടാ യിട്ടില്ല. കണക്കുകൂട്ടലുകൾ തെററിക്കുന്ന മാററംവന്നു. ഫാ. കോൾബെയുടെ ത്യാഗം അത്ഭുതം പ്രവർത്തിച്ചു; ഔഷ്വിററ്സിലെ കുരുതിക്കളത്തിൽനിന്ന് അനുഗ്ര ഹത്തിന്റെ തുനിലാവൊഴുകി. പോളണ്ടിൽനിന്നു പാ പ്പാ ഉയർന്നു. ആ പാപ്പാതന്നെ മാക്സിമില്യൻ കോൾ ബെയെ വിശുദ്ധനെന്നു പ്രഖ്യാപിച്ചു. പോപ്പ് ജോൺ പോൾ രണ്ടാമന്റെ പ്രസ്തുത പ്രഖ്യാപനം 1982 ഒക്ടോ ബർ 10-ാംതീയതി ലോകം ശ്രവിച്ചു.

www.malankaralibrary.com

# III

# മലയാളക്കരയെ സ്നേഹിച്ച രണ്ടു ദൈവദാസൻമാർ*

ഫാ. സക്കറിയാസും ഫാ. ഔറേലിയനും—രണ്ടു പേരും മലയാളികളല്ല; മലയാളക്കരയെ അതിമാത്രം സ്നേഹിച്ചവരാണവർ; ജീവിതത്തിൻെറ സിംഹഭാഗവും ഈ പുണ്യമണ്ണിലത്രേ അവർ ചെലവഴിച്ചതു്; പെരിയാറിൻെറ തീരത്തുതന്നെ അവർ ആശ്രമവാടമുണ്ടാക്കി; ആദിശങ്കരനെ പോററിയതു് ആ നദീതടമാണെന്ന വസ്തുത അവർക്ക് പ്രചോദനം നല്കിയിരിക്കാം.

ഇളയ ആളാണു് ആദ്യം അന്തരിച്ചതു്. നാലുമാസം ഇളപ്പമുണ്ടു് ഫാ. സക്കറിയാസിനു്. മൂപ്പൻ പിന്നെയും ആറുവർഷവും ആറുമാസവും കൂടി ജീവിച്ചു, സക്കറിയാസച്ചൻെറ ദേഹവിയോഗം 1957 മെയ് 23-ാം തീയതിയായിരുന്നെങ്കിൽ ആത്മസുഹൃത്തിൻേറതു് 1963 നവംബർ 16-ാംതീയതിയായിരുന്നു. ഫാ. ഔറേലിയൻ 1887 ജൂൺ 27-ാംതീയതി ജനിച്ചു, ഫാ. സക്ക

* 'ദൈവദാസന്മാരുടെ ജന്മശതാബ്ദി' എന്ന തലക്കെട്ടിൽ 1987 നവംബർ 22-ാംതീയതിയിലെ ദീപികയിൽ ചേർത്തതു്.

www.malankaralibrary.com





www.malankaralibrary.com



റിയാസ് 1887 നവംബർ 5-ാംതീയതിയും. തന്മൂലം, രണ്ടുപേരുടേയും ജന്മശതാബ്ദി 1987-ൽ കേരളം കൊണ്ടാടി.

ഹിസ്പാനിയായാണ് ഇരുവരുടേയും നാട്. ആ രാജ്യത്തിൻെറ വടക്കുകിഴക്കുഭാഗത്തു പശ്ചിമപിരനീസ് പർവ്വതം കിടക്കുന്നു. അതിൻെറ താഴ്‌വരയിലത്രേ അബെദിയാനോഗ്രാമം. അവിടെ ഇബർഗ്ഗുരെൻ എന്ന സ്ഥലത്തു ഫാ. സക്കറിയാസ് ജനിച്ചു. വെനാൻസിയാ വിസ്കാരയും ബത്‌ലോമിയോ സഠത്തരായിന്തുമായിരുന്നു അദ്ദേഹത്തിൻെറ മാതാപിതാക്കൾ. നെൽവിയോൺ നദിയുടെ കരയിൽ അർത്തുംദ്ദവോഗാ എന്ന സ്ഥലത്തു് ഇന്നു് ഒരു ക്രൂററൻഫാക്ടറി കാണാം. ഫാ. ഔറേലിയൻെറ കുടുംബം നിലനിന്ന സ്ഥാനത്തത്രേ ആ ഫാക്ടറി പുകക്കുഴലുകൾ ഉയർത്തിയിരിക്കുന്നതു്. അദ്ദേഹത്തിൻെറ പിതാവു് ഡോൺ പേദ്രോ ലന്തേത്തായും മാതാവു ഡോണാ മരീയ അന്തോനിയായും ആയിരുന്നു.

ഉത്തമകത്തോലിക്കാകുടുംബങ്ങളിലെ പരിശീലനം രണ്ടുപേർക്കും കുട്ടിക്കാലത്തു കിട്ടി. കടുത്ത തപശ്ചര്യയുള്ള കർമ്മലീത്താ സന്യാസസമൂഹത്തിൽ ഇരുവരും അംഗങ്ങളായി. ലെറേയ എന്ന സ്ഥലത്തെ കർമ്മലീത്താഭവനത്തിൽവച്ചാണ് അവർ പരിചിതരായതു്. 1903-മുതലുള്ള ആ ആത്മസൗഹൃദം ആജീവനാന്തം നിലനിന്നു. അവർ മിഷനറിമാരായി ഇന്ത്യയിലെത്തി, മംഗലപ്പുഴ സെമിനാരിയത്രേ പ്രവർത്തനകേന്ദ്രമാക്കിയതു്. കേരളക്കരയിലെ സാമൂഹ്യവും സാംസ്കാരികവും മതപരവുമായ രംഗങ്ങളിൽ വ്യക്തിമുദ്ര പതിക്കുവാൻ അവർക്കു സാധിച്ചു.

www.malankaralibrary.com


മരണത്തോടുകൂടി ആ പുണ്യചരിതരുടെ സ്മരണ നിലച്ചില്ല. ആ ത്യാഗികളുടെ ഭൗതികാവശിഷ്ടം സ്ഥിതിചെയ്യുന്ന മംഗലപ്പുഴയിലെ കുഴിമാടങ്ങളിലേക്കു തീർത്ഥാടകരുടെ വരവു തുടർന്നുകൊണ്ടിരിക്കുന്നു.

വിശുദ്ധപദപ്രഖ്യാപന പ്രക്രിയയുടെ ഒന്നാംഘട്ടം രണ്ടുപേരെ സംബന്ധിച്ചും സമാപിച്ചിരിക്കുകയാണ്. ഫാദർ ഔറേലിയൻെറ കാനനൈസേഷൻ നടപടി 1980 നവംബർ 16-ാംതീയതി ആരംഭിച്ചു. 60-ഓളം സാക്ഷികളെ പ്രസ്തുത ട്രിബ്യൂണൽ വിസ്തരിച്ചു. അവരിൽ 4 ബിഷപ്പുമാരും 6 കന്യാസ്ത്രീകളും 14 അല്മായരും 35 വൈദികരും 1 സന്ന്യാസസഹോദരനും ഉൾപ്പെടുന്നു. റവ. ഡോക്ടർ അനസ്താസിയോ ഗോമസ് ഒ. സി. ഡി. യാണ് വൈസ്പോസ്റ്റുലേറ്ററായി സേവനം അനുഷ്ഠിച്ചതു്. 1984 ജനുവരി 1-ാംതീയതി ഇതിൻെറ ഒന്നാംഘട്ടം സമാപിച്ചു. അന്നുതന്നെ ഫാ. സക്കറിയാസിനെക്കുറിച്ചുള്ള തെളിവെടുപ്പ് ആരംഭിച്ചു. 136 സെഷനുകളിലായി 80 സാക്ഷികളെ വിസ്തരിച്ചു. 1 മെത്രാപ്പോലീത്തയും 5 മെത്രാന്മാരും 10 മോൺസിഞ്ഞോർമാരും വൈദികർ, കന്യാസ്ത്രീകൾ, അല്മായർ എന്നിവർ ചേർന്ന 64 പേരും സാക്ഷികളായി തെളിവു നല്കാൻ ഹാജരായി. തുടർന്നുള്ള നാലു സെഷനുകളിൽ കുഴിമാടം തുറക്കൽ, ഭൗതികാവശിഷ്ടപരിശോധന തുടങ്ങിയവയും നടന്നു. റവ. ഡോക്ടർ ഗബ്രിയേൽ മാളിയേക്കൽ ഒ. സി. ഡി. യാണ് വൈസ്പോസ്റ്റുലേറ്ററായി പ്രവർത്തിച്ചതു്. ഇനിയും മൂന്നു ഘട്ടങ്ങൾ കൂടിയാണ് അവശേഷിച്ചിട്ടുള്ളതു്. വന്ദനീയൻ (Venerable), വാഴ്ത്തപ്പെട്ടവൻ (Blessed), വിശുദ്ധൻ (Saint) എന്നീ വിളികൾക്കർഹതപ്പെടുന്നതിന്

www.malankaralibrary.com



ഈ മൂന്നു ഘട്ടങ്ങളിൽ ഓരോന്നും തരണം ചെയ്യണം. റോമിലെ തിരുസംഘമാണ് ഇവ നിർവ്വഹിക്കേണ്ടത്.

ഒററഞെട്ടിലെ ഇരട്ടപ്പൂക്കൾപോലെ ശോഭിക്കുന്ന ഈ സുകൃതാഗ്രണികളിൽ വൈയക്തികതയുടെ വൈസാദൃശ്യങ്ങളും ദൃശ്യമാണ്. സന്ന്യാസപ്രവേശസന്ദർഭത്തിൽ ഇരുവരും തെരഞ്ഞെടുത്ത നാമധേയങ്ങൾ അവരുടെ സഹജപ്രകൃതി പ്രകടിപ്പിക്കുന്നതാണ്. ദിവ്യകാരുണ്യത്തിൻെറ ഔറേലിയൻ എന്ന് ഒരാൾ അറിയപ്പെടുമ്പോൾ മറേറയാൾ വി. തെരേസായുടെ സക്കറിയാസാണ്. സക്രാരിയിൽനിന്നു ശക്തി സംഭരിക്കുന്നതിനാണ് ഫാ. ഔറേലിയൻെറ യത്നം; വനിതാസോളമൻ എന്ന അപരനാമമുള്ള ആവിലായിലെ വി. തെരേസായുടെ വേദപാരംഗതസ്ഥിതിയോടാണ ഫാദർ സക്കറിയാസിനു കമ്പം.

വി. പീററർ ജൂലിയൻ എയ്മാർഡിൻെറ കർമ്മപദ്ധതി പിഞ്ചെല്ലുവാൻ ഔറേലിയനച്ചൻ തുനിഞ്ഞപ്പോൾ വി. ഫ്രാൻസിസ് സാലസാണ് സക്കറിയാസച്ചനെ വശീകരിച്ച മാർഗ്ഗദീപം. വി. കുർബ്ബാനയുടെ ആരാധനയ്ക്കുവേണ്ടി സ്ത്രീകൾക്കും പുരുഷന്മാർക്കുമായി രണ്ടു സന്ന്യാസസമൂഹങ്ങൾ സ്ഥാപിക്കുകയാണ് വി. എയ്മാർഡു ചെയ്തത്. സാഹിത്യസേവനംകൊണ്ടു സഭയെ പരിപോഷിപ്പിക്കുകയായിരുന്നു വി. സാലസ്. വൈദികരുടെ ദിവ്യകാരുണ്യസഖ്യം, വീടുകളിലെ രാത്രിയാരാധന, ദിവ്യകാരുണ്യകോൺഗ്രസ്, നിത്യാരാധനാദിനം, പെർപ്പെച്ചവൽ കലണ്ടർ (നിത്യാരാധനാപഞ്ചാംഗം) എന്നിവയിലൂടെ ദിവ്യകാരുണ്യഭക്തി ഉറപ്പിക്കാൻ ഫാ. ഔറേലിയൻ യത്നിച്ചു. എസ്. എച്ച്. ലീഗെന്ന പുസ്തകപ്രസിദ്ധീകരണശാല, നിരവധി ഗ്ര

www.malankaralibrary.com



ന്ഥങ്ങളുടെ പ്രസിദ്ധീകരണം, കത്തോലിക്കാകുടുംബം, പ്രേഷിതകേരളം തുടങ്ങിയ ആനുകാലികങ്ങരം, സാഹിത്യസംഘടനകരം ആദിയായ സാഹിത്യപ്രവർത്തനങ്ങളിലൂടെ സക്കറിയാസച്ചൻ കേരളസഭയെ പരിപോഷിപ്പിച്ചു.

ഒരാരം മികച്ച സംഘാടകനായിരുന്നെങ്കിൽ അപരൻ സഭാസ്നേഹിയായ മാടമ്പിയായിരുന്നു. 1931-ലെ ഗോവാദിവ്യകാരുണ്യകോൺഗ്രസ്, 1937-ലെ മദ്രാസ് ദിവ്യകാരുണ്യകോൺഗ്രസ്, 1951-ൽ എറണാകുളത്തു നടന്ന മരിയൻ കോൺഗ്രസ്, 1952-ൽ എറണാകുളത്തു നടന്ന ചരിത്രപ്രസിദ്ധമായ സെൻറ് തോമസ്–സെൻറ് സേവ്യർ ശതാബ്ദിയാഘോഷം എന്നീ അനിതരസാധാരണസംഭവങ്ങരംക്ക ചുക്കാൻപിടിച്ചതു് ഫാ. ഔറേലിയൻെറ സംഘാടകശേഷിയത്രേ. ദുർഘടഘട്ടങ്ങളിൽ സഭയെ സംരക്ഷിക്കുന്ന ധീരോദാത്തമായ യുദ്ധസാമർത്ഥ്യമാണ് ഫാ. സക്കറിയാസ് പ്രദർശിപ്പിച്ചതു്. ഒച്ചപ്പാടുണ്ടാക്കിയ ഐ.സി,—ഡാനിയൽ വ്യവഹാരവേളയിൽ മോൺ. നടുവത്തുശ്ശേരിക്കും ഷെവ. ഐ. സി. ചാക്കോയ്ക്കും സഹായഹസ്തം നല്കി; "ലോകമതങ്ങളിലെ യേശുക്രിസ്തു" എന്ന ക്രിസ്തുമതവിരുദ്ധകൃതിയിലൂടെ സർ സി. പി. ചന്ദ്രഹാസമിളക്കിയപ്പോരം Christianity Vindicated (സർ സി. പി.യും ക്രിസ്തുമതവും) എന്ന സമർത്ഥപ്രതിരോധഗ്രന്ഥം പ്രസിദ്ധീകരിച്ചു; യുക്തിവാദിപ്പോരാട്ടത്തെ നേരിട്ടുകൊണ്ടു് "Is there a God?" എന്ന പുസ്തകം തയ്യാറാക്കി മുന്നോട്ടുവച്ചു; "ആസ്തിക്യവാദം", "ഇരുപതാംനൂററാണ്ടിലോ കത്തോലിക്കാമതം?" എന്നീ കൃതികരം രചിക്കാൻ ശ്രീ എം. പി. പോളിനു പ്രചോദനം നല്കി;

www.malankaralibrary.com



''കേരളത്തിലെ ക്രിസ്തീയസാഹിത്യം'' എന്ന പ്രാമാണികകൃതി തയ്യാറാക്കാൻ ഡോ. പി. ജെ. തോമസിനു് ആധികാരികഗ്രന്ഥങ്ങൾ കൊടുത്തു സഹായിച്ചു— ഒന്നോ രണ്ടോ വിധത്തിലല്ല ഫാ. സക്കറിയാസിന്റെ ധിഷണാവ്യാപാരം.

ഒരാൾ ആധ്യാത്മികതീക്ഷ്ണതയ്ക്കു പ്രാധാന്യം കൊടുത്തപ്പോൾ അപരൻ പ്രേഷിതമുന്നേററത്തിനു ചാലുകം കീറി. ഭക്തിമാർഗ്ഗത്തിലേക്കു് അനേകരെ തിരിക്കാൻ ഫാ. ഔറേലിയനു കഴിഞ്ഞു. വൈദികരുടെ ദിവ്യകാരുണ്യസഖ്യാംഗങ്ങളുടെ സംഖ്യ 3000 ആക്കി; രാത്രിയാരാധകരുടെ എണ്ണം 180000 ആയി ഉയർന്നു; ക്രൂസേയ്ഡ് ഓഫ് പ്രേയറിൽ അനേകലക്ഷങ്ങൾ സഹകരിച്ചു; നിത്യാരാധനാ പെർപ്പെച്ചുവൽ കലണ്ടറിൽ 867 സഭകൾ ഉൾപ്പെട്ടു—ഫാ. ഔറേലിയൻ ഉജ്ജ്വലിപ്പിച്ച ആധ്യാത്മികതീക്ഷ്ണത ചെറുതല്ല. പ്രേഷിതക്കളത്തിലേക്കു് അനേകായിരം യുവതീയുവാക്കന്മാരെ തിരിച്ചുവിടാൻ ഫാ. സക്കറിയാസ് മുൻകൈയെടുത്തു. തൽഫലമായി കേരളത്തിലെ അനേകം ചെറുപ്പക്കാർ ഭാരതത്തിന്റെ വിവിധ മേഖലകളിലേക്കും ഭാരതത്തിനു പുറത്തേക്കും പുറപ്പെട്ടു. ഫാ. ഫിലിപ്പ് കടക്കച്ചിറ, ഫാ. ജോർജ്ജ് വയലിൽ ആദിയായവർ അങ്ങനെ ആദ്യകാലത്തു മുന്നേറിയ മിഷനറിമാരാണ്. ഫാ. സക്കറിയാസ് തുടങ്ങിവച്ച പ്രേഷിതമുന്നേററം ഇന്നും കേരളത്തിൽ തുടരുന്നു.

ഈശ്വരനിന്ദനത്തിനു പരിഹാരം, പാപികളുടെ മാനസാന്തരം, പ്രേഷിതവിജയം എന്നിവയാണ് ഫാ. ഔറേലിയൻ ഉന്നംവച്ചതു്. സാമൂഹ്യജീവിതം ദുസ്സരമാക്കുന്ന അനീതികളെ ചെറുക്കാൻ ഫാ. സക്കറിയാ

www.malankaralibrary.com



സ് മടിച്ചില്ല. ആലുവാ സ്റ്റാൻഡാർഡു പോട്ടറീസി ലെ തൊഴിലാളിപ്രശ്നത്തിലും ആലുവാ സെററിൽ മെൻറിലെ പണിമുടക്കിലും അച്ചൻ ഏർപ്പെടുകയും വിജയംവരിക്കുകയും ചെയ്തിട്ടുണ്ട്.

പ്രസക്തങ്ങളായ സന്ദേശങ്ങളാണ് ആധുനികലോ കത്തിന് ഈ ദൈവദാസന്മാർ നല്കുന്നത്. ദിവ്യ കാരുണ്യകേന്ദ്രീകൃതമായ ക്രൈസ്തവജീവിതമാണ് ഔ റേലിയനച്ചൻ കാണിച്ചുതരുന്നത്. സഭാചൈതന്യ ത്തോടു സമന്വയിക്കുന്ന വേദവിജ്ഞാനീയത്തെ സക്ക റിയാസച്ചൻ മുറുകെപ്പിടിക്കുന്നു. കുരിശുകൂടാതെയുള്ള ക്രിസ്തുവിനെ, ബലികൂടാതെയുള്ള മതത്തെ, ത്യാഗംകൂ ടാതെയുള്ള ജീവിതത്തെ സ്വപ്നം കാണുന്നവർക്കു ദിവ്യ കാരുണ്യകേന്ദ്രീകൃതമായ ജീവിതം നല്ലൊരു സിദ്ധൗഷ ധമായിരിക്കും. ദൈവവിജ്ഞാനീയം കേവലം യുക്തി ചിന്ത മാത്രമായി തരംതാഴാതിരിക്കണമെങ്കിൽ സഭാ ചൈതന്യവുമായി അവിഭക്തബന്ധം പുലർത്തിയേ മതിയാവൂ.

www.malankaralibrary.com

# IV


# ഫാ. സക്കറിയാസ്, അനുരഞ്ജനദൂതൻ*

സ്വന്തം സ്വഭാവത്ത്വങ്ങളും വിശ്വാസങ്ങളും സ്ഫടികസ്ഫുടം അവതരിപ്പിക്കുന്നതിനുള്ള കഴിവ്; ഇതരമതങ്ങളെക്കുറിച്ച് പഠിക്കാനുള്ള അറിവ്; മതവികാരത്തെ മാനിക്കുന്ന മനോഭാവത്തിന്റെ മികവ്; സ്വന്തം മതത്തിന്റെ പ്രബോധനങ്ങളെക്കുറിച്ച് ഇതരന്മാരുടെ അഭിപ്രായം മനസ്സിലാക്കാനുള്ള വകതിരിവ്; സ്വന്തം പ്രയോഗരീതികളും അവതരണസമ്പ്രദായങ്ങളും വിയോജിതഗ്രൂപ്പുകൾക്ക് വരുത്തിക്കൂട്ടുന്ന ബുദ്ധിമുട്ടു ഗ്രഹിക്കുന്ന മഹാമനസ്കതയുടെ തികവ് — ഒരു ഉത്തമ ഡയലോഗുകാരന്റെ ലക്ഷണയുക്തത ഫാ. സക്കറിയാസിനുണ്ട്. സഭയിൽ എക്യുമെനിസം ഉടലെടുക്കുന്നതിന് മുമ്പുതന്നെ ആ ചിന്താധാര പ്രായോഗികമാക്കിയ മഹാനുഭാവനാണദ്ദേഹം. ഹിന്ദുക്കളും മുഹമ്മദീയരും വിവിധക്രിസ്തീയവിഭാഗങ്ങളിൽപ്പെട്ടവരും ഒട്ടനവധി പേർ ആ ഗുരുപാദരുടെ സൗഹൃദവലയത്തിലുണ്ടായിരുന്നു.

---

* പ്രേഷിതകേരളം 1987 നവംബർ–ഡിസംബർ ലക്കത്തിൽ ചേർത്തു.

www.malankaralibrary.com



“അന്നത്തെ ബുദ്ധിജീവികളുടെ സഭാപ്രവർത്തനത്തിന് ഒരു തണൽമരംതന്നെയായിരുന്നു അച്ചൻ. ഇന്നത്തെ ബുദ്ധിജീവികൾക്ക് അതുപോലെ ഒരു തണൽമരം ലഭിക്കുന്നില്ലെന്നതാണ് ദയനീയത.”

www.malankaralibrary.com



കാലിഫോർണിയായിലെ ആൽബർട്ട് കാർഡിനൽ മേയർ (Albert Cardinal Mayer) വരച്ചുകാട്ടുന്ന എക്യുമെനിസത്തിൻെറ വിശാലവൃത്തമാണ് സക്കറിയാസച്ചൻ ഉദ്ദർശനം ചെയ്യുകയും പുലത്തുകയും ചെയ്തിരുന്നതു്. കാർഡിനൽ മേയറിൻെറ അഭിപ്രായപ്രകാരം ക്രിസ്ത്യാനികളുടെ ഇടയിൽ മാത്രമല്ല എക്യുമെനിസം പരക്കേണ്ടതു്. യഹൂദന്മാരിലേക്കും മുഹമ്മദീയരിലേക്കും പൗരസ്ത്യമതസ്ഥരിലേക്കും അതു വ്യാപിക്കണം. പൂർവ്വപിതാവായ അബ്രഹാമിലൂടെ പൊതുബന്ധമുള്ളവരാണ് യഹൂദന്മാർ; ഒരേ ദൈവത്തേയും പ്രവാചകന്മാരേയും സ്വീകരിക്കുന്ന മുഹമ്മദുനബിയുടെ അനുയായികളാണ് മുഹമ്മദീയർ; ഈശ്വരസാക്ഷാത്ക്കാരം അംഗീകരിക്കുന്നവരാണ് പൗരസ്ത്യമതക്കാർ (Albert Cardinal Mayer, The scandal of a devided Christendom, in steps to Christian Unity, Edited by John A'O' Brien Great Britain, 1964). സക്കറിയാസച്ചൻെറ ഐക്യബോധം ഒരു മതസ്ഥരേയും ദൂരസ്ഥരായി കരുതിയില്ല.

ശക്തമായ ആകർഷണവലയമാണ് സക്കറിയാസച്ചൻെറ ആദ്ധ്യാത്മികഗുരുത്വമുയർത്തിയതു്. ആലുവാ യൂ. സി. കോളേജിലെ ഇംഗ്ലീഷ് പ്രൊഫസറായിരുന്ന ഫാ. ററി. വി. ജോൺ എം. എ. എൽ. ററി. ഫാദർ സക്കറിയാസുമായി നടത്തിയ ഒരു സംഭാഷണം അദ്ദേഹം ഉദ്ധരിക്കുന്നു.

"ഫാ. ജോൺ, അങ്ങു കാതോലികസഭയിലേക്കു വരിക."

"കൊള്ളാം! ഞാൻ കാതോലിക സഭയിൽത്തന്നെയാണല്ലോ."

www.malankaralibrary.com



''കാതോലികസഭയുടെ ദൃശ്യമായ ഐക്യത്തിൽത്തന്നെയോ?''

''അങ്ങനെയാവണമെന്നു് അങ്ങു് എന്നോടു് ആവശ്യപ്പെടുന്നതു എന്തുകൊണ്ടാണു്?''

''എന്തുകൊണ്ടെന്നോ? കാതോലികസഭയിൽ അങ്ങു സ്വസ്ഥതയും സമാധാനവും കണ്ടെത്തും''

''അങ്ങേക്കു തീർച്ചയുണ്ടോ?''

''തീർച്ചതന്നെ''

ഈ സംഭാഷണം അനുസ്മരിച്ചുകൊണ്ടു് ഫാ. ജോൺ പറയുന്നു :''എന്റെ കർമ്മപരിപാടികരം ക്രമപ്പെടുത്തുന്നതിനു് ഈ സംഭാഷണവും ഒരു പ്രേരകമായി. എന്റെ പുനരൈക്യവേളയിൽ അദ്ദേഹവും സന്നിഹിതനായിരുന്നുവെന്നതു് സന്തോഷത്തോടെ ഞാൻ സ്മരിക്കുന്നു''. (പ്രേഷിതകേരളം, ജൂൺ, 1957)

## പുനരൈക്യപ്രസ്ഥാനത്തിന്റെ അഭ്യുദയകാംക്ഷി

മാർ ഈവാനിയോസിനാൽ സമാരബ്ധമായ സഭൈക്യപ്രസ്ഥാനത്തോടു അതീവതാത്പര്യമാണു് സക്കറിയാസച്ചൻ പ്രകടിപ്പിച്ചതു്. ആ പ്രസ്ഥാനത്തിന്റെ രജതജൂബിലി പ്രമാണിച്ചു 1955-ൽ അദ്ദേഹമെഴുതി: ''കേരളസഭാചരിത്രത്തിൽ അവിസ്മരണീയമായി നിലകൊള്ളുന്ന ഒരു മഹാപ്രസ്ഥാനത്തിന്റെ രജതജൂബിലി ആഘോഷിച്ചുകൊണ്ടു് കടന്നുപോകുകയാണു് ഇക്കൊല്ലം. ഇരുപത്തഞ്ചാണ്ടുമുമ്പു് സത്യാന്വേഷികളായ അഞ്ചാളുകരം ഒന്നുചേർന്നു തുടങ്ങിവച്ച പുനരൈക്യപ്രസ്ഥാനം വിജയത്തിൽനിന്നും വിജയത്തിലേക്കു മുന്നേറിക്കൊണ്ടിരിക്കുകയാണു്.'' മലങ്കരസഭകളുടെ

www.malankaralibrary.com



ഉൽക്കൃഷ്ടതയാണ് അദ്ദേഹം തുടർന്നുപറയുന്നത്: "മലങ്കരയിലെ എണ്ണപ്പെട്ട രണ്ടു ക്രിസ്തീയ സമുദായങ്ങളാണ് യാക്കോബായസഭയും മാർത്തോമ്മാ സമുദായവും. സാമുദായികവും സാമ്പത്തികവും വൈജ്ഞാനികവും ആയ മണ്ഡലങ്ങളിൽ മുൻപന്തിയിൽ തന്നെയാണവ." സഭകളുടെ സംയോജനത്തെ സംബന്ധിച്ചടത്തോളം റോമിന്റെ നില ആ ഐക്യസ്നേഹി എടുത്തുകാണിക്കുന്നു: "അന്ത്യോക്യയിലെ സിറിയൻ പാത്രിയർക്കീസ് തൽസ്ഥാനത്തേക്കു ഉയർത്തപ്പെട്ട ഉടനെ റോമിൽചെന്നു പന്ത്രണ്ടാംപിയൂസ് തിരുമേനിയെ സന്ദർശിച്ചു. ആ അവസരത്തിൽ പ. പിതാവു അദ്ദേഹത്തെ ആലിംഗനം ചെയ്തുകൊണ്ടു പറഞ്ഞു: "പ്രിയ മകനെ, താങ്കളിൽക്കൂടി പൗരസ്ത്യദിക്കിലെ സമസ്തക്രിസ്ത്യാനികളെയുമാണ് നാം ആലിംഗനം ചെയ്യുക!" (അവതാരിക, ഐക്യത്തിന്റെ വിളി, 1955) മാർപ്പാപ്പയുടെ ഇംഗിതം സാധിതമാക്കുന്ന പ്രവർത്തനത്തെ അദ്ദേഹം സർവ്വാത്മനാ ആദരിച്ചു.

പുനരൈക്യം ലക്ഷ്യം വെച്ചുകൊണ്ടുള്ള ഗ്രന്ഥങ്ങൾ അച്ചൻ എസ്. എച്ച്. ലീഗിൽനിന്നും പ്രസിദ്ധീകരിച്ചു. ശ്രീ. വി. സി. ജോർജ്ജിന്റെ "പുനരൈക്യം," എസ്. തോമസ് അയിരൂരിന്റെ "പുനരൈക്യസാഹ്യം", റവ. ഡോ. എ. ഡി. മററത്തിന്റെ "ശാന്തിനികേതനത്തിലേക്ക്," ഫാ. തോമസ് പരുവനാനിയുടെ "ഗലിലേയന്റെ സേനയിൽ" ഈ ലേഖകന്റെ ഐക്യത്തിന്റെ വിളി" തുടങ്ങിയ പുസ്തകങ്ങൾ അക്കൂട്ടത്തിൽപെടുന്നു.

മംഗലപ്പുഴ സെമിനാരിയിൽ പ്രവർത്തിച്ച "ക്രൂസേയ്ഡ് ഓഫ് ലൗ" (Crusade of love) എന്ന സംഘ

www.malankaralibrary.com



ടന സക്കറിയാസച്ചന്റെ പുനരൈക്യപ്രവർത്തനതീക്ഷ്ണതക്ക വേറൊരു തെളിവാണ്. പ്രാർത്ഥനയാലും കത്തോലിക്കാപ്രസിദ്ധീകരണങ്ങളാലും സ്നേഹസമന്വിതമായ കത്തുകൾ മുഖേനയും "എല്ലാവരും ഒന്നാകുക" എന്ന ലക്ഷ്യം പ്രാവർത്തികമാക്കുകയത്രേ പ്രസ്തുത സംഘടന ചെയ്തത്. അതിന്റെ ഒന്നാം വാർഷികറിപ്പോർട്ടിൽ പറയുന്നു: "മുന്നൂറോളം പുനരൈക്യങ്ങൾ ക്രൂസേയ്ഡിന്റെ നേരിട്ടും അല്ലാതെയുമുള്ള പ്രവർത്തനങ്ങളാൽ സാധിച്ചിട്ടുണ്ട്. അവരിൽ ഒരു പ്രമുഖവ്യക്തിയാണ്. 1953-ൽ തിരുസഭയിൽ ചേർന്ന മി. കെ. എം. മാമ്മൻ ബി. എ., ബി. എൽ. 1954 മാർച്ചിൽ റാന്നിയിൽനിന്നു മി. കെ. സക്കറിയാസ് ബി. എ. ഓണേഴ്സും ഏതാനും മാസങ്ങൾക്കുമുമ്പ് എം. ജി. മത്തായി 70-ഓളം യാക്കോബായ മാർത്തോമ്മാ അംഗങ്ങളോടുകൂടിയും കത്തോലിക്കാസഭയിൽ പ്രവേശിച്ചു."

സക്കറിയാസച്ചന്റെ പ്രചോദനം സെമിനാരിവിദ്യാർത്ഥികളെ ഉണർത്തി. പുനരൈക്യവിഷയങ്ങളിൽ അവർ ഉത്സുകരായി. മോൺ. തോമസ് വടശ്ശേരി, ഫാ. തോമസ് ഇഞ്ചയ്ക്കലോടി എന്നിവരുടെ കൃതികൾക്ക് അവർഹൃദ്യമായ സ്വാഗതമേകി. മംഗലപ്പുഴയിലെ അനുഭവം വെളിപ്പെടുത്തുന്ന ഒരു കത്ത് റവ. ജേക്കബ് ഞായപ്പിള്ളിൽ അന്നെഴുതി. "കത്തോലിക്കാസഭയും യാക്കോബായവാദങ്ങളും" എന്ന ബൃഹൽഗ്രന്ഥം വായിച്ച വൈദികവിദ്യാർത്ഥികളുടെ ഉത്സാഹപ്രകർഷം ഗ്രന്ഥകാരനായ മോൺ. വടശ്ശേരിയെ എഴുതി അറിയിക്കുന്നതാണു കത്ത്: "......ഇത്ര ഉത്സാഹത്തോടും രസത്തോടുംകൂടി ഈ സെമിനാരിയിൽ ആരും ഒരു പുസ്തകം വായിച്ചു ഞാൻ കണ്ടിട്ടില്ല. ഒരു രസികൻ നോവൽ വായിക്കുന്നതിൽ

www.malankaralibrary.com



കൂടുതൽ രസമാണ് എല്ലാവരും കാണിച്ചതു്. ഒരു രണ്ടാഴ്ചത്തേക്ക എവിടെയും ആരുടെ കയ്യിലും ഈ പുസ്തകം മാത്രം. ലളിതവും സുന്ദരവുമായ ഭാഷ; കുറിക്കുകൊള്ളുന്ന പ്രയോഗം. രസം തുളുമ്പുന്ന ആശയപ്രകടനവൈഭവം! പിന്നെ ആരു പുസ്തകം താഴെവക്കും.'' പുനരൈക്യസാഹിത്യത്തിനു് യുവവിദ്യാർത്ഥികൾ നല്കിയ അത്യുത്സാഹം!

## സഭൈക്യമോ? മാനസാന്തരമോ?

സഭൈക്യത്തിനു് ഊന്നൽനല്കൽ മിഷനറിനീക്കങ്ങൾക്കു മങ്ങൽ വരുത്തുമെന്നു കരുതുന്നവരുണ്ടു്. ഫാ. സക്കറിയാസ് ആ ഗണത്തിലല്ല. ഭിന്നിപ്പിന്റെ മാരകമായ രോഗം സഭയുടെ ശ്വാസകോശമായ മിഷനറി സംരംഭത്തെ നിഷ്പന്ദമാക്കുമെന്ന ദൃഢബോധ്യമാണ് ആ വിശാലഹൃദയനുണ്ടായിരുന്നതു്. സഭൈക്യവും അനാഗതമാനസാന്തരവും സഭയുടെ മിഷനറിനീക്കത്തിലെ ഒഴിച്ചുകൂടാനാവതല്ലാത്ത രണ്ടു ഘടകങ്ങളായി അദ്ദേഹം കണ്ടു. അച്ചന്റെ ഈ മനോഭാവം തുറന്നു കാട്ടുന്ന ഒരു സംഭവമുണ്ടായി. പ്രേഷിതകേരളത്തിന്റെ ഒരു വിശേഷാൽപതിപ്പിൽ ഷെവ. ജോസഫ് തളിയത്തിന്റെ ഒരു ലേഖനം ചേർക്കാൻ അന്നത്തെ എഡിറ്റോറിയൽബോർഡു തീരുമാനിച്ചു. ''അടുത്തവരെ മറക്കരുതു്'' എന്ന ലേഖനമാണ് ഷെവലിയറിൽനിന്നു ലഭിച്ചതു്. കാര്യമാത്ര പ്രസക്തമായ ഒരു ലേഖനം. കേരളത്തിലെ പുനരൈക്യനീക്കം ലോകത്തിലെ വലിയൊരു മിഷൻസംരംഭമാണെന്നും അതിനെ പാലൂട്ടിവളർത്താനുള്ള ഉത്തരവാദിത്വം ഇവിടുത്തെ കത്തോലിക്കർക്കു് ഉണ്ടെന്നുമത്രേ ലേഖനത്തിൽ സമർത്ഥിച്ചി

www.malankaralibrary.com


രുന്നതു്. അതു പ്രസിദ്ധീകരിക്കുക സമീചീനമായി എഡിറ്റോറിയൽ ബോർഡു കരുതിയില്ല. തള്ളാനും കൊള്ളാനും വഹിയാതെ അവൻ കുഴങ്ങി; അവസാനം ലേഖനം സൗകര്യപൂർവ്വം മാററിവച്ചു. സക്കറിയാസച്ചൻ ഇക്കാര്യം അറിഞ്ഞിരുന്നില്ല. ഇതറിഞ്ഞ ക്ഷണം അദ്ദേഹം അസന്തുഷ്ടനായി. തുടർന്നുള്ള ലക്കത്തിൽ അതു പ്രസിദ്ധീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. സഭൈക്യയത്നങ്ങളേയും മിഷനറിനീക്കങ്ങളേയും ഒന്നുപോലെ വീക്ഷിക്കുന്നതിനുള്ള സമചിത്തത ആ സഭാസ്നേഹിക്കുണ്ടായിരുന്നു.

## സത്യംവെടിഞ്ഞ സ്നേഹമോ?

സഭാസത്യങ്ങളെ ഗോപനം ചെയ്തു സ്നേഹംകാട്ടുന്നവരും "നല്ല പിള്ള" ചമയുന്നവരും ഇന്നത്തെ എക്യുമെനിസക്കാരിലുണ്ടു്. സഭാതത്ത്വങ്ങൾ സൗകര്യപൂർവ്വം ഒളിച്ചുവെക്കുന്ന കൗശലം! ഈ പ്രവണതയെ റിച്ചാർഡു കാർഡിനൽ കുഷിംഗു അപലപിക്കുന്നുണ്ടു്. (Cfr, Richard Cardinal Cushing, Grass - Roots steps to Unity, scupp 193-196) സഭാതത്ത്വങ്ങളുടെ ശോഭായമാനത മങ്ങൽകൂടാതെ വെളിപ്പെടുത്തുന്നതിൽനിന്നു് ഫാ. സക്കറിയാസ് ഒരിക്കലും പിൻമാറിയിരുന്നില്ല. കത്തോലിക്കാസിദ്ധാന്തങ്ങളുടെ കടയ്ക്കൽ കോടാലിവെച്ചുകൊണ്ടത്രേ കെ. എൻ. ഡാനിയേലിന്റെ "പാപ്പാധിപത്യം" പ്രത്യക്ഷപ്പെട്ടതു്. മോൺ. നടുവത്തുശേരിയും ഷെവ. ഐ. സി. ചാക്കോയും അതിനെ എതിർത്തു. വാദകോലാഹലം മാത്രമല്ല, കോടതി വ്യവഹാരവുമുണ്ടായി. കത്തോലിക്കാപക്ഷം വിജയശ്രീലാളിതമാകുകതന്നെ ചെയ്തു. അതിനു പിന്തു

www.malankaralibrary.com



ണനല്കിയ ബലിഷ്ഠഹസ്തം ഫാ. സക്കറിയാസിൻേറതായിരുന്നു. അന്നത്തെ ബുദ്ധിജീവികളുടെ സഭാപ്രവർത്തനത്തിനു ഒരു തണൽമരം തന്നെയായിരുന്നു അച്ചൻ. ഇന്നത്തെ ബുദ്ധിജീവികൾക്ക അതുപോലെ ഒരു തണൽമരം ലഭിക്കുന്നില്ലെന്നതാണ് ദയനീയത.

## ഭിന്നതയുടെ മൂലച്ഛേദനം

സഭാഭിന്നതയ്ക്കു നിദാനം ദൈവശാസ്ത്രപരങ്ങളായ കാര്യങ്ങ (theological factors) ളാണോ ദൈവശാസ്ത്രപരങ്ങളല്ലാത്ത കാര്യങ്ങ (Non theological factors) ളാണോ എന്നു തർക്കമുണ്ടാകാം. വികാരാവേശത്തിൻേറ ആളിക്കത്തലിലൂടെ രൂപം പ്രാപിക്കുന്ന ചേരിതിരിവിനു അടിത്തറ ഉറപ്പിക്കുന്നതിനുവേണ്ടി പിന്നാലെ കയറിപ്പററുന്നതാണ യുക്ത്യധിഷ്ഠിതകാര്യങ്ങൾ എന്നു പറയുന്നവരുണ്ട്.

പിളർപ്പുണ്ടാകാതെ സൂക്ഷിക്കുകയാണ് വേണ്ടതു്. വികാരാവേശം ഭിന്നതയ്ക്കു ഹേതുവാകും. 1952-ൽ അത്തരമൊരു സന്ദർഭമുണ്ടായി. മാർത്തോമ്മാശ്ലീഹായുടെ ഭാരതപ്രവേശനത്തിൻേറ 19-ാം ശതാബ്ദിയും വി. ഫ്രാൻസിസ്സേവ്യറിൻേറ ആഗമനത്തിൻേറ നാലാം ശതാബ്ദിയും ഒന്നിച്ചാഘോഷിക്കാൻ കേരളം ഒരുക്കം പൂർത്തിയാക്കി. സിഡ്നി മെത്രാപ്പോലീത്താ കാർഡിനൽ ഗിൽറോയി ആയിരുന്നു മാർപ്പാപ്പായുടെ പ്രതിനിധി എന്ന നിലയിൽ ആഘോഷങ്ങൾക്ക ആധ്യക്ഷ്യം വഹിക്കാൻ നിയുക്തനായതു്. പേപ്പൽലെഗേററിനുള്ള അധികാരപത്രത്തിൽ മാർത്തോമ്മാശ്ലീഹായുടെ 19-ാം ശതാബ്ദിക്കാര്യം പറഞ്ഞിരുന്നില്ല. ''ഒസ്സെർവത്തോരെ റോമാനോ''യിലെ അറിയിപ്പിലും അക്കാര്യം ഉണ്ടാ

www.malankaralibrary.com


യിരുന്നില്ല. ഇതു തെററിദ്ധാരണകൾക്ക ഇടംനല്കി. തോമ്മാശ്ലീഹായുടെ ഭാരതപ്രവേശനത്തെക്കുറിച്ചു റോം സംശയിക്കുന്നതായി വ്യാഖ്യാനം വന്നു. അകത്തോലി ക്കരും കിരുകിരുത്തു. ജൂബിലിഘോഷക്കാർക്ക ഇച്ഛാഭം ഗമുണ്ടായി. ജൂബിലി മുടങ്ങുമെന്ന ഘട്ടം വന്നു. വികാര തീവ്രത പലരിലും ഓളം വെട്ടി.

സന്ദർഭത്തിൻെറ ഗൗരവം ഫാ. സക്കറിയാസു് കണ്ടു; ഇത്തരം അവസരങ്ങളിലെ അലസഭാവം ഉണ്ടാ ക്കാവുന്ന ഭവിഷ്യത്തു ആ ക്രാന്തദർശി മനസ്സിലാക്കി. ഇതിനുവേണ്ടിമാത്രം റോമിലേക്ക പറക്കാൻ ആ വ യോധികൻ ബുദ്ധിമുട്ടു പ്രകടിപ്പിച്ചില്ല. ആലോചിച്ചു നില്ക്കാൻ നേരമില്ലായിരുന്നു. ആ നവംബർ 2-ാം തിയതി അദ്ദേഹം റോമിലേക്ക യാത്രയായി. അവിടെ അദ്ദേഹം കയറാത്ത കവാടങ്ങളില്ല; കണ്ടുമുട്ടാത്ത നേ തൃസ്ഥാനങ്ങളില്ല. ഫാ. മൈക്കിൾ ഏങ്ങച്ചൽ, ഫാ. ലൊംബൊർഡി, ഫാ. ഷർഹാവർ, മോൺ. മൊന്തീ നി, കർദ്ദി. ഫ്യൂമസോണി, കർദ്ദി. തിസരോങ്ങ് എ ന്നിവർ അദ്ദേഹം ആശ്രയം തേടിയവരിൽപ്പെടുന്നു. അ ച്ചൻെറ ദൗത്യം വിജയിച്ചു. മാർത്തോമ്മാക്രിസ്ത്യാനി കൾക്ക അനുകൂലമായ തീരുമാനം വത്തിക്കാനിൽ നി ന്നുണ്ടായി. വത്തിക്കാനിലെ ഔദ്യോഗികജിഹ്വയിലൂ ടെ അതു പ്രഖ്യാപിതമാവുകയും ചെയ്തു.

ഫാ. സക്കറിയാസിൻെറ ഈ റോമായാത്രയ്ക്കു സ മാനമായിട്ടുള്ള വേറൊരു റോമായാത്ര ഡോ. കരിയാ ററിയുടേതാണു്. രണ്ടു യാത്രകളും സഭയിൽ വിള്ളൽ തീർക്കുന്നതിനായിരുന്നു. ഒന്നു്, ഉണ്ടായിക്കഴിഞ്ഞ പി ളർപ്പു്, മററതു്, ഉണ്ടാകാമായിരുന്ന ഭിന്നത; ദുർഘടം പിടിച്ചതായിരുന്നു രണ്ടു യാത്രകളും, പാക്കപ്പൽ പോ

www.malankaralibrary.com


കഠ 9 വർഷം ദീർഘിച്ചപ്പോഠം ഗഗനവാഹനയാനം 15 ദിവസം കൊണ്ടു മുഴമിപ്പിക്കാൻ കഴിഞ്ഞു; രണ്ടു യാത്രയും വിജയസമാപ്തിയിലെത്തി. ദൗത്യപ്രാപ്തിയോടെ പ്രത്യാഗമിച്ച സക്കറിയാസച്ചൻ കേരളസഭയെ കോരിത്തരിപ്പിച്ചു, കരിയാററിമല്പാൻ തിരിച്ചെത്തിയിരുന്നെങ്കിൽ ശ്രേയസ്കരങ്ങളായ മാററംമറിവുകഠം ഇവിടത്തെ സഭാചരിത്രത്തിലുണ്ടാകുമായിരുന്നു.

ഫാ. സക്കറിയാസിനെപ്പോലെ സഭൈക്യദാഹികളായിരുന്നില്ല കേരളത്തിലെത്തിയ മിഷനറിമാർ ഏറിയകൂറും. ആയിരുന്നെങ്കിൽ കേരളക്രിസ്ത്യാനികളുടെ ചിത്രം ഇന്നത്തേതാകുമായിരുന്നില്ല. കൂനൻകുരിശും ആലാത്തുകളും ചരിത്രത്തിൽ സ്ഥാനം പിടിക്കുമായിരുന്നില്ല; പുത്തൻകൂർ, പഴയകൂർ വിഭജനം ഉണ്ടാകുമായിരുന്നില്ല; ഡോ. കരിയാററിയുടെ റോമായാത്ര വേണ്ടിവരുമായിരുന്നില്ല; പാദ്രുവാദോപ്രൊപ്പഗാന്താ തർക്കം ആവിർഭവിക്കുമായിരുന്നില്ല, റീത്തുവൈവിധ്യം ഉണ്ടാകുമായിരുന്നില്ല; ഭിന്നതയുടെ നൂലാമാലകഠക്കകളും തെളിയുമായിരുന്നില്ല.

വികാരസ്ഫോടനത്തിന്റെ ഭീഷണി ആ അനരഞ്ജനദൂതൻ അതിസമർത്ഥമായി ഒഴിവാക്കി.

''വരമേകോഗുണി പുത്രോനചമൂർഖശതാന്യപി''

## ലിററർജിയുടെ പ്രാധാന്യം

സക്കറിയാസച്ചന്റെ വാക്കുകഠം ഓർക്കുന്നു; ''ബ്രദർ, മലങ്കരറീത്തല്ലേ? ലിററർജിക്കാര്യത്തിൽ ശ്രദ്ധിക്കണം കേട്ടോ'' മലങ്കരലിററർജി പരിശീലിപ്പിക്കുവാൻ ആലുവാസെമിനാരിയിൽ അന്നാരും ഉണ്ടായിരു

www.malankaralibrary.com



ന്നില്ല; ഒരാളെ നിയോഗിക്കാൻ വൈദികവൈരള്യം മൂലം മലങ്കരകത്തോലിക്കാഹയരാർക്കിക്ക കഴിയുമായിരുന്നില്ല. ഈ നിസ്സഹായതയിൽ സക്കറിയാസച്ചനും സെമിനാരിഅധികൃതർക്കും സഹതാപം തോന്നി. ആലുവായിക്കടുത്തു മേക്കാട്ട് എന്ന സ്ഥലത്തു പുനരൈക്യപ്പെട്ട ഒരു വൈദികനുണ്ടായിരുന്നു, ഫാ. മാത്യു വാഴപ്പിള്ളി. മലങ്കരസുറിയാനി ആരാധനക്രമം പരിശീലിപ്പിക്കുവാൻ അദ്ദേഹം നിയുക്തനായി. അവധിദിവസങ്ങളിൽ അദ്ദേഹം സെമിനാരിയിൽ വന്നു ക്ലാസ്സെടുക്കും. ആ ക്ലാസ്സിൽ ജാഗരൂകത കാട്ടുന്നതിനത്രേ അച്ചന്റെ നിർദ്ദേശം. മലങ്കരലിററർജിയുടെ പ്രാധാന്യം അദ്ദേഹം എടുത്തുപറയും. പാശ്ചാത്യർക്കും പൗരസ്ത്യർക്കും സഭയിലുള്ള സമാവകാശം ഓർമ്മിപ്പിക്കും; അതിനു മാർപ്പാപ്പായുടെ പ്രസ്താവം ഹാജരാക്കും: ''പ്രദേശികമായ ജീവിതരീതികളേയും ആചാരങ്ങളേയും പരിത്യജിക്കണമെന്നു സഭ ആരേയും നിർബന്ധിക്കുന്നില്ല; വൈദേശിക ആചാരങ്ങളെ സ്വീകരിച്ചേ മതിയാവൂ എന്നു ആവശ്യപ്പെടുന്നില്ല; പാശ്ചാത്യർക്കും പൗരസ്ത്യർക്കും സമാവകാശമാണു സഭയിലുള്ളത്. ''(പന്ത്രണ്ടാം പിയൂസ് പാപ്പാ) എന്ന വാക്യം അച്ചൻ പലപ്പോഴും ആവർത്തിക്കും. ഐക്യ (Unity)വും ഐകരൂപ്യ (Uniformity)വും ഒന്നല്ലെന്നും പുനരൈക്യപ്പെടുന്നതിനു സ്വന്തറീത്തിൽ ആരാധന ലഭ്യമാക്കണമെന്നും അദ്ദേഹത്തിനു് നിർബന്ധമുണ്ടായിരുന്നു. സക്കറിയാസച്ചന്റെ നയം സഭാഹൃദയത്തോടു എന്തുമാത്രം ഇഴകി ഇണങ്ങുന്നതു്! പുനരൈക്യപ്പെടുന്നവരെ അന്യറീത്തിൽ ലയിപ്പിച്ചുകളയാമെന്നു കരുതുന്നവരുടെ മനോഭാവം സഭാഹൃദയത്തിൽ നിന്നും എത്രയധികം വിദൂരമായതു്!

www.malankaralibrary.com



മനീഷികൾ നല്കുന്ന പാഠം എത്ര സ്വീകാര്യം! പറവൂർ, തൃപ്പൂണിത്തുറ, മേക്കാട്, മൂക്കന്നൂർ എന്നിവിടങ്ങളിൽ പ്രമുഖവ്യക്തികൾ പുനരൈക്യപ്പെട്ടിട്ടും അവിടെ ഐക്യനീക്കം വളരാതെ പോയതിനു ഹേതു സ്വന്തറീത്തിൽ ആരാധനാസൗകര്യത്തിനു നേരിട്ട അഭാവമല്ലാതെ മറെറന്താണ്?

പന്ത്രണ്ടാംപിയൂസ് പാപ്പായുടെ ഒരു വാക്യം ആ ധന്യാത്മാവ് ആവർത്തിക്കുമായിരുന്നു; ക്രിസ്തീയ ഐക്യത്തെ ഹൃദയംഗമമായി ആഗ്രഹിക്കുന്ന ഏവരും ഒത്തുചേർന്ന് സഭകളുടെ സംയോജിപ്പിനായി, ഐക്യത്തിന്റെയും ശാന്തിയുടെയും വിശുദ്ധിയുടെയും ഉറവിടമായ ദൈവത്തോടു ഹൃദയം തുറന്നു പ്രാർത്ഥിക്കണമെന്നു നാം അഭിലഷിക്കുന്നു.'' മാർപ്പാപ്പായുടെ ഈ അഭിലാഷത്തോടു ഒത്തുചേർന്നവനാണു ഫാ. സക്കറിയാസ്. ക്രൈസ്തവൈക്യത്തിനുവേണ്ടി പിടഞ്ഞ ഹൃദയമാണ് അദ്ദേഹത്തിന്റേത്. അത്തരം സഭാസ്നേഹികൾ തലയുയർത്തുമ്പോൾ സഭൈക്യം തളിർക്കും; അല്ലെങ്കിൽ മുരടിക്കും.

MALANKARA
LIBRARY

www.malankaralibrary.com

# V

# ബിഷപ്പ് വൊയ്റ്റീവ*

''ഇതുകണക്കില്ല വേറെ വിനോദം'' എന്ന അഭിപ്രായമാണ് കായികകലകളെക്കുറിച്ച ഫാ. വൊയ്റ്റീവയ്ക്കുണ്ടായിരുന്നത്. മഞ്ഞിൻപരപ്പിലൂടെ തെന്നിനീങ്ങൽ; ഓളപ്പാത്തികളിൽ കൊതുമ്പുതോണി തുഴയൽ— എന്നീ വിനോദങ്ങളിൽ ആ യുവവൈദികൻ കുതുകിയായി. സഭയുടെ അധികാരസ്ഥാനങ്ങളിലേക്ക അദ്ദേഹം എത്തിനോക്കിയില്ല; അതിന് അവസരം ലഭിച്ചില്ല. മസൂറിയൻ തടാകത്തിലൂടെ ചിറേറാടം തുഴയുന്ന ലഹരിയിൽ പതിവുപോലെ ഒരിക്കൽ അദ്ദേഹം മുഴുകി. അപ്പോഴാണ് മെത്രാനായി ഉയർത്തപ്പെട്ടുവെന്ന വാർത്ത ശ്രവിച്ചതു്. കർദ്ദിനാൾ വിഷിൻസ്കി ആ സന്തോഷവൃത്താന്തം ഔദ്യോഗികമായി പ്രഖ്യാപിച്ചു. പോളണ്ടിലെ ഏററവും പ്രായംകുറഞ്ഞ മെത്രാനായിത്തീർന്നു ഫാ. വൊയ്റ്റീവ. അന്നു അദ്ദേഹത്തിന 38 വയസ്സേ ഉണ്ടായിരുന്നുള്ളു.

ക്രാക്കോ രൂപതയുടെ സഹായമെത്രാനായത്രേ ബിഷപ്പ് വൊയ്റ്റീവ അഭിഷിക്തനായതു്. മോൺ.

---

* പ്രേഷിതകേരളം 1990 ഫെബ്രുവരി, ഏപ്രിൽ ലക്കങ്ങളിൽ ചേർത്തതു്.

www.malankaralibrary.com



ബാസിയാക്ക് ആയിരുന്ന അവിടത്തെ അപ്പസ്തോലിക് അഡ്മിനിസ്ട്രേററർ. 1958 സെപ്റ്റംബർ 28-ാം തീയതി വെയ്വൽ കത്തീഡ്രലിൽവെച്ച് അഭിഷേകകർമ്മം നടന്നു. കൃത്യം ഒരുമാസം കഴിഞ്ഞപ്പോറം പുതിയ പാപ്പാ ഉണ്ടായി. ആഞ്ജലോ റൊങ്കാളി ജോൺ 23-ാമൻ എന്ന പേരോടുകൂടി പാപ്പാസ്ഥാനത്തേക്കു ആരോഹണംചെയ്തു.

സ്ഥാനലബ്ധി ബിഷപ്പു വൊയ്ററീവയുടെ ജീവിതശൈലിയിൽ പരിവർത്തനമുണ്ടാക്കിയില്ല. ശീലിച്ചതു പാലിക്കാൻ അദ്ദേഹം വിരുതു കാട്ടി. രണ്ടു മുറികളുള്ള വസതിയിലാണ് ആ മിതവ്യയശീലൻ താമസിച്ചിരുന്നതു്. കൂടുതൽ അധിവാസയോഗ്യത ആരായേണ്ട കാര്യമൊന്നും കണ്ടില്ല. ഇഷ്ടസവാരികറം സൈക്കിളിൽത്തന്നെ നടത്തി. കീറിത്തുന്നിയ ഉടുപ്പുകളുടെ ഉപയോഗം പഴയപടി തുടന്നു.

## സൗഹൃദത്തിൻെറ വഴികൾ

കൂട്ടായ്മയുടെ അപ്പംമുറിക്കൽ എന്നൊരു പരിപാടി വൊയ്ററീവമെത്രാൻ നടപ്പാക്കി. രാജ്യമൊട്ടാകെ അതു പടർന്നു. ക്രിസ്മസ്രാത്രിയിൽ അപ്പം മുറിക്കയും പരസ്പരം നല്കുകയും ചെയ്യുന്ന പതിവു പോളണ്ടിലുണ്ട്. സൗഹൃദത്തിൻെറ അടയാളമായിട്ടത്രേ ഇതു നടത്തിയിരുന്നതു്. അന്തിമഭോജനത്തിൻെറയും കന്യാംബയുടേയും തിരുപ്പിറവിയുടേയും ചിത്രങ്ങറം ആലേഖിതമായിട്ടുള്ള അപ്പമാണ് ഇതിനു് ഉപയോഗിച്ചിരുന്നതു്. വാഴ്ത്തപ്പെട്ട ഈ അപ്പം വി. കുറുബാനയായിരുന്നില്ല, പിന്നെയോ, ഐക്യദാർഢ്യത്തിൻെറ പ്രതീകം മാത്രമായിരുന്നു. പടിഞ്ഞാറൻനാട്ടിലെ അഗാപ്പേക്കു

www.malankaralibrary.com



“സ്ത്രീപുരുഷന്മാരുടെ ജീവിതം അഭിമുഖീകരിക്കുന്ന ഏററവും വലിയ പ്രശ്നം സാമൂഹ്യമോ രാഷ്ട്രീയമോ അല്ല, പിന്നെയോ, സാന്മാർഗ്ഗികക്രമത്തിനു നേരിട്ടിരിക്കുന്ന ഭീഷണിയാണു്”

ബിഷപ്പ് വൊയ്ററീവ.

www.malankaralibrary.com


സമാനം. ഈ സമ്പ്രക്പെരിപാടി തുടങ്ങിയതു് വിദ്യാത്ഥികഠംക്കുവേണ്ടിയുള്ള സെൻറു് ആൻസു പള്ളിയിലാണു്. അറിഞ്ഞവരെല്ലാം സഹകരിച്ചു; കൂടുതൽ പള്ളികളിൽ വ്യാപൃതമായി.

അവിശ്വാസികളുടെ കൂട്ടായ്മയും ആ അജപാലൻ അഭിലഷിച്ചു; അപ്പംമുറിക്കലിൽ അവരേയും പങ്കെടുപ്പിക്കാൻ ശ്രമിച്ചു. ഭിഷഗ്വരന്മാർ, കലാകാരന്മാർ, ശാസ്ത്രജ്ഞന്മാർ, അഭിഭാഷകന്മാർ, വിദ്യാത്ഥികഠം, തൊഴിലാളികഠം തുടങ്ങിയവരുടെ കൂട്ടങ്ങളെ വിശ്വാസികളെന്നോ അവിശ്വാസികളെന്നോ ഭേദംകൂടാതെ ക്ഷണിച്ചു. ഒരു ചെറിയ ശാലയിൽ എല്ലാവരും ഒന്നിച്ചുകൂടി. സത്ക്കാരമല്ല, പിന്നെയോ അപ്പംമുറിക്കലായിരുന്നു അവിടെ പ്രധാനം. അലങ്കരിച്ച ഒരു ഭക്ഷണമേശയ്ക്കു ചുററും കൂടിയവക്കു് അല്പം വീഞ്ഞുമാത്രമാണു ലഭിച്ചിരുന്നതു്. എങ്കിലും പങ്കുകൊണ്ടവരെല്ലാം ഈ കൂട്ടംകൂടലിനെ വിലമതിച്ചു. ഒരുത്തരും സന്ദർഭം പാഴാക്കിയില്ല. എല്ലാവരുടേയും പേരും പ്രകൃതിയും അഭിവന്ദ്യ ആതിഥേയൻ അടുത്തറിഞ്ഞു. നാടോടിപ്പാട്ടും സംഗീതവുമാണു് അവസാനച്ചടങ്ങു്. എല്ലാവരേയും ഒന്നിപ്പിക്കുവാനുള്ള അസാധാരണപാടവം ആ സൂക്ഷ്മഗ്രാഹിക്കുണ്ടായിരുന്നു.

മെത്രാൻെറ സൗഹൃദം ബുദ്ധിജീവികഠം ഇഷ്ടപ്പെട്ടു. അവരിൽ മാർക്സിസ്ററുചിന്തകരും ഉണ്ടായിരുന്നു. ശാസ്ത്രത്തേയും മതത്തേയും കൂട്ടിയിണക്കുന്ന പാലംപണിയിൽ ആ പണ്ഡിതനുള്ള പാടവം അവർ വിലമതിച്ചു. മതവും ശാസ്ത്രവുംതമ്മിലും ശാസ്ത്രവും വിശ്വാസവുംതമ്മിലും ഒത്തുപോകയില്ലെന്ന കടുംപിടുത്തം ഉള്ളവരുണ്ടു്. ആ ചിന്താഗതിക്കെതിരെ അദ്ദേഹം യുക്തികഠം നിരത്തി. അതു ഡിബേററു ആയിരുന്നില്ല. സ്വന്തം ആശയങ്ങഠം

www.malankaralibrary.com


മററുള്ളവരുടേതുമായി തട്ടിച്ചുനോക്കൽ മാത്രം. വിശ്വാസവിഷയങ്ങളിൽ അവഗാഹതയുണ്ടായിരുന്നു; തന്മൂലം, വിമർശനങ്ങളെ ആ ക്രാന്തദർശി പേടിച്ചില്ല. മററുള്ളവരുടെ ചിന്തയിൽ അദ്ദേഹം പ്രകാശംകൊണ്ടു; സ്വന്തം ചിന്തയുടെ ആഴം മററുള്ളവരെ മനസ്സിലാക്കുകയും ചെയ്തു.

## തീർത്ഥയാത്രകളും മററും

അപ്പംമുറിക്കൽ സമ്മേളനം വേറെ പ്രവർത്തനങ്ങൾക്കു വഴിതുറന്നു. അഭിഭാഷകന്മാരുടേയും ഭിഷഗ്വരന്മാരുടേയും സംഘങ്ങളോടൊപ്പം തീർത്ഥാടനംനടത്തി; ധ്യാനകേന്ദ്രങ്ങൾ സന്ദർശിച്ചു. ഒരു ഭിഷഗ്വരൻ അനുസ്മരിക്കുന്നു: ''കൊടിയ ശൈത്യകാലം, ചുററും മഞ്ഞു മൂടിയിരിക്കുന്നു. ഭിഷഗ്വരന്മാർ എത്തി. കമ്പിളിക്കുപ്പായമുണ്ടായിരുന്നിട്ടും തണുപ്പകററുവാൻ അവർ പാടുപെട്ടു. ബിഷപ്പ വൊയ്ററീവ കീറിയ കുപ്പായം മാത്രമേ ധരിച്ചിരുന്നുള്ളു. തണുപ്പിന്റെ കാര്യം അദ്ദേഹം തെല്ലും ശ്രദ്ധിച്ചില്ല. ഞങ്ങളുടെ തീർത്ഥാടനം മെച്ചപ്പെടുത്തുന്നതിൽ ആ സൂക്ഷ്മഗ്രാഹിയുടെ ശ്രദ്ധ കേന്ദ്രീകൃതമായി. മങ്ങാത്ത സ്മരണ നല്കുന്ന അനുഭവം.''

തിരക്കുകൾ ഏറിക്കൊള്ളട്ടെ, എന്നാലും വിദ്യാർത്ഥികൾക്കുവേണ്ടി ബിഷപ്പ വൊയ്ററീവ സമയം കണ്ടെത്തും. ഇളംപ്രായക്കാരുടെ ഇടയിൽ അദ്ദേഹം ചെറുപ്പക്കാരനായി. മതമൂല്യങ്ങൾ നഷ്ടപ്പെട്ട അന്തരീക്ഷത്തിലാണ് ആ ചെറുപ്പക്കാർ വളന്നതു്. ക്രിസ്തുവിന്റെയും സുവിശേഷത്തിന്റെയും പ്രസക്തി അവരിൽ ഉണർത്തുവാൻ അദ്ദേഹം ഉത്സാഹിച്ചു. സെൻറ് ആൻസു പള്ളിയിൽ അവക്കുവേണ്ടി ധ്യാനപരമ്പര നടത്തി.

www.malankaralibrary.com



പരീക്ഷാവേളയ്ക്കുമുമ്പായി പ്രാർത്ഥനാദിനം സംഘടിപ്പിച്ചു. അവരോടൊത്തു സൈക്കിൾയാത്ര ചെയ്തു; ചിറോറാടംകളിയിൽ മുഴകി; മഞ്ഞുമേഖലയിൽ തെന്നിനീങ്ങുന്ന വിനോദത്തിലേർപ്പെട്ടു. തുറന്ന ഡയലോഗും ധ്യാനവും നടത്തി.

സോക്രട്ടീസ് ഡയലോഗിലൂടെ പഠിപ്പിച്ചു; സംഭാഷണത്തിലൂടെ ക്രിസ്തു ശിഷ്യന്മാരെ ഉത്ബുദ്ധരാക്കി; സൗഹൃദസംവാദത്തിലൂടെ പഠിപ്പിക്കുന്ന രീതിയാണ് ബിഷപ്പു വൊയ്റ്റീവ സ്വീകരിച്ചതു്.

സ്ലെയിംഗു നടത്തവേ കാലൊടിഞ്ഞ ഒരു അമേരിക്കൻ മഹിള ആശുപത്രിയിലാക്കപ്പെട്ടു. അവരെ സന്ദർശിക്കാൻ ഒരുകൂട്ടം ചെറുപ്പക്കാരെത്തി. കൂട്ടത്തിലുണ്ടായിരുന്ന ഗിത്താറിസ്റ്റു ബിഷപ്പു വൊയ്റ്റീവയാണെന്നു വളരെക്കഴിഞ്ഞേ മഹിള മനസ്സിലാക്കിയുള്ളു.

സെൻറു ഫ്ളോറൻസിൽനിന്നുള്ള ഒരു മഹിളയെ ബിഷപ്പു കണ്ടുമുട്ടി. കൂടെത്താമസിക്കുന്ന കുട്ടിയുടെ കഥയാണ് അവൾ പറഞ്ഞതു്. പീററർ എന്നാണ് കുട്ടിയുടെ പേരു്. അവളുടെ സഹോദരീപുത്രൻ. ദുർഭഗനായ കുട്ടിയുടെ മാതാപിതാക്കന്മാർ യുദ്ധകാലത്തു കൊല്ലപ്പെട്ടു. മുത്തശ്ശിയും പിതൃസഹോദരന്മാരും അവനെ മാറിമാറി വളർത്തി. ബിഷപ്പു വിധിച്ചു: "കുട്ടി തീർച്ചയായും ആവശ്യപ്പെടുന്നതു് പിതൃലാളനമാണ്." അന്നു വൈകിട്ടു് ഒരു വൈദികൻ മഹതിയുടെ പാർപ്പിടത്തിലെത്തി. ബിഷപ്പും ഒരു സംഘം വിദ്യാർത്ഥികളും പുറത്തു വാഹനത്തിൽ കാത്തുനില്ക്കുന്നു. സ്ലെയിംഗിനത്രേ യാത്ര. മഞ്ഞുമേഖലയിൽ തെന്നിനീങ്ങുന്നതിനു ഒരാൾക്കുകൂടിയുള്ള ഉപകരണം അവരുടെ പക്കലുണ്ടു്. അവ

www.malankaralibrary.com



രോടൊത്തു ഉല്ലാസയാത്രയിൽ പങ്കെടുക്കാൻ പീററിന്നു താല്പര്യമുണ്ടോ എന്നാണു് അറിയേണ്ടതു്. ഒട്ടും ചിന്തിക്കേണ്ടിവന്നില്ല. പീററർ പടി ചാടി ഇറങ്ങിക്കഴിഞ്ഞു.

## അജപാലനത്തിൻെറ ആഴമേറിയ തലങ്ങൾ

ബിഷപ്പ വൊയ്ററീവ അടുത്തറിഞ്ഞു സമകാലീന ദാർശനികമേഖലകൾ. അജപാലനത്തിൻെറ ആന്തരികതലങ്ങളിലേക്ക അദ്ദേഹമിറങ്ങി. സ്വേച്ഛാധിപത്യരാഷ്ട്രീയനീക്കങ്ങളാണു് ചുററുപാടും. വ്യക്തിത്വനിർമ്മാർജ്ജനം കൊടികുത്തിവാഴുകയാണു്. ഗവണ്മെൻറിൻെറ കർക്കശ നിയന്ത്രണങ്ങൾക്ക വിധേയമാകാത്ത ഒരു മേഖല കമ്യൂണിസ്ററു പോളണ്ടിലുള്ളതു കുടുംബജീവിതം മാത്രമത്രേ. വ്യക്തിത്വവികസനം സാധിക്കാവുന്ന ഒരു രംഗവും തന്മൂലം അതുതന്നെ. വ്യക്തി എന്ന നിലയിൽ മനുഷ്യൻെറ സ്ഥാനത്തെക്കുറിച്ച "സ്നേഹവും ഉത്തരവാദിത്വവും" എന്ന ഗ്രന്ഥം 1960-ൽ ബിഷപ്പ വൊയ്ററീവ പ്രസിദ്ധീകരിച്ചു. ദാർശനികനായ മാക്സ്ഷിലറിൻെറ ചിന്തകൾ ഇക്കൃതിയുടെ രചനയിൽ അദ്ദേഹത്തെ സ്വാധീനിച്ചിട്ടുണ്ടു്. വൈകാരിക വികസനം സാധിക്കണം; വ്യക്തിഗതബന്ധങ്ങൾ ഇടറാതെ തുടരണം—ഇതിനെല്ലാം പ്രേരിപ്പിക്കുന്നതാണീ ഗ്രന്ഥം. കത്തോലിക്കാ ധാർമ്മികദർശനത്തിൻെറ വിസ്തൃതമായ ഒരാവിഷ്കരണമെന്നു ഇക്കൃതിയെ വിളിക്കാം. പുരുഷനും സ്ത്രീയും തമ്മിലുള്ള സ്നേഹം തന്നെയാണു പ്രമേയം. പരസ്പരം ചൂഷണംചെയ്യലല്ല സ്ത്രീപുരുഷപ്രേമം, പിന്നെയോ, പരസ്പരമുള്ള ആത്മസമർപ്പണമാണു്. കേവലം ലൈംഗികാസ്വാദനമല്ല സ്നേഹം. ഒരു വ്യക്തിയെ അപരൻ ഉപയോഗപ്പെടുത്തുന്ന സാധ്യ

www.malankaralibrary.com



തയെ നീക്കംചെയ്യാൻ സ്നേഹത്തിനുമാത്രമേ കഴിയൂ. വൊയ്റ്റീവയുടെ വീക്ഷണത്തിൽ സ്ത്രീപുരുഷന്മാരുടെ ജീവിതം അഭിമുഖീകരിക്കുന്ന ഏറ്റം വലിയ പ്രശ്നം സാമൂഹ്യമോ രാഷ്ട്രീയമോ അല്ല, പിന്നെയോ സാന്മാർഗ്ഗികക്രമത്തിനു നേരിട്ടിരിക്കുന്ന ഭീഷണിയാണ്.

പുസ്തകം പ്രസാധനം ചെയ്തതു് ലൂബ്ലിൻ യൂണിവേഴ്സിററിയാണ്. അത്യാഹ്ലാദപൂർവ്വമായ സ്വീകരണമാണ് ഉണ്ടായതു്. ബുദ്ധിജീവികളുടെ ഗ്രൂപ്പായ ''സ്നാക്ക്'' 1962-ൽ രണ്ടാംപതിപ്പ് പ്രസിദ്ധീകരിച്ചു. അതിൻെറയും കോപ്പികൾ അതിവേഗം വിററഴിഞ്ഞു. 1968-ൽ പുറത്തുവന്ന Humanae Vitae എന്ന ചാക്രികലേഖനത്തെ മുൻകൂട്ടി നിഴലിപ്പിക്കുവാൻ ഇക്കൃതിക്ക സാധിച്ചിട്ടുണ്ടു്. മനുഷ്യൻെറ മഹത്വത്തിനും അനന്യമായ ഉത്തരവാദിത്വത്തിനുമാണ് വൊയ്റ്റീവയുടെ കൃതി ഊന്നൽ കൊടുക്കുന്നതു്.

മനുഷ്യബന്ധങ്ങളിലെ പ്രശ്നങ്ങൾ നാടകരൂപത്തിൽ ആവിഷ്കരിക്കുന്നതാണ് ''രത്നവ്യാപാരിയുടെ കടയ്ക്കുമുമ്പിൽ'' എന്ന കൃതി. ആന്ദ്രേജാവിയൻ എന്ന തൂലികാനാമത്തിലാണ് ഇതു പ്രസിദ്ധീകരിച്ചിരിക്കുന്നതു്.

## രണ്ടാം വത്തിക്കാൻ കൗൺസിൽ

ബിഷപ്പ് വൊയ്റ്റീവയെ രണ്ടാം വത്തിക്കാൻ കൗൺസിൽ സ്വാധീനിച്ചു; മുൻനിരയിൽത്തന്നെ അദ്ദേഹം നിന്നിരുന്നു. പോളണ്ടിൻെറ പരിമിതിക്കപ്പുറമുള്ള ഒരു വിശാലലോകം കൗൺസിൽ ആ യുവചിന്തകനു കാട്ടിക്കൊടുത്തു. വ്യത്യസ്തജീവിതാനുഭവങ്ങളുള്ള

www.malankaralibrary.com


മനുഷ്യരുടെ ആശയചക്രവാളങ്ങരം അദ്ദേഹം ദർശിച്ചു. 'കൗൺസിലിനാൽ രൂപീകൃതനായവൻ', 'കൗൺസിലിനോടൊത്തു വളൎന്നവൻ' എന്നെല്ലാം വൊയ്‌റ്റീവയെ കുറിച്ചു പറയാം. കൗൺസിൽ അദ്ദേഹത്തിന്റെ കണ്ണു തുറന്നു; ലോകവീക്ഷണം അദ്ദേഹത്തിനു പ്രദാനം ചെയ്തു. കൗൺസിലിന്റെ ഫലമായത്രേ 23-ാം ജോൺ പാപ്പായുടെ ചൈതന്യത്തിലേക്കു ബിഷപ്പു വൊയ്‌റ്റീവ ആഴ്‌ന്നിറങ്ങിയതു്.

പാപ്പാസ്ഥാനത്തു ജോൺ 23-ാമൻ അവരോധിതനായതു് 1958-ലാണു്. അദ്ദേഹം വയോധികനായിരുന്നു; ജീവിതശിഷ്ടം തുച്ഛമെന്ന ബോധമുണ്ടായിരുന്നു. ലഭ്യമായ സമയംകൊണ്ടു് എന്തു ചെയ്യണം? ആ പരിശുദ്ധാത്മാവു സംശയാലുവായില്ല. സഭയുടെ മുഖച്ഛായ മാറുന്നതിനുള്ള ശ്രമമാണു നടന്നതു്. കോട്ടകൊത്തളങ്ങളുടെ മതമെന്നു പന്ത്രണ്ടാംപീയൂസ്‌പാപ്പായുടെ കാലത്തെ ക്രിസ്തീയതയെ വിശേഷിപ്പിക്കാം. സെക്കുലർ രാഷ്ട്രങ്ങളുടെ കടന്നാക്രമണങ്ങളെ ചെറുക്കുന്ന കോട്ടകൊത്തളങ്ങളുമായത്രേ സഭ നിലകൊണ്ടതു്. ലോകത്തിന്റെ നടുവിലേക്കു സഭയെ കൊണ്ടുവരണം — അതിനാണു് 23-ാം ജോൺ പാപ്പാ ആഗ്രഹിച്ചതു്. വാതായനങ്ങരം തുറക്കണം; ശുദ്ധവായു പ്രവേശിക്കണം; പൊടിയും കരടും തുടച്ചുമാറ്റപ്പെടണം; സഭ ശുദ്ധീകൃതമാകണം. ശാശ്വതസത്യമാണ് സഭയുടേതു്. ആ സത്യങ്ങരം സുവിശേഷത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിച്ചുകൊടുക്കാൻ അവരംക്കു കടമയുണ്ടു്. ആലയം ക്രമീകൃതമായിരിക്കുമെങ്കിൽ കവാടങ്ങരം തുറക്കുന്നതിൽ എന്താണു തകരാറു്? പരിശുദ്ധാത്മാവു നയിച്ചുകൊള്ളും—പോപ്പു ജോണിനു ശുഭാപ്തിവിശ്വാസമാണു്.

കാര്യങ്ങരം താമസിപ്പിച്ചില്ല. ഒരു പൊതു സുന്ന

www.malankaralibrary.com


ഹദോസിനുള്ള ആഗ്രഹം പാപ്പാ പ്രകടിപ്പിച്ചു. 1959 ജനുവരിയിൽ സഭൈക്യത്തിനായുള്ള അഷ്ടദിനപ്രാർത്ഥനയുടെ അവസാനവേളയിലാണു് ഈ അഭിലാഷം വെളിപ്പെട്ടതു്. കർദ്ദിനാളന്മാർ അമ്പരന്നു; കൗൺസിൽ ഏടാകൂടം ഉണ്ടാക്കുമെന്നു ഭയപ്പെട്ടു. അവരുടെ നല്ല പ്രതികരണം പാപ്പാ പ്രതീക്ഷിച്ചില്ല; പ്രതീക്ഷിച്ചെങ്കിൽ നിരാശനാകുമായിരുന്നു. കർദ്ദിനാളന്മാർ മിണ്ടടങ്ങി; ''ഒസ്സർവത്തോരെ റൊമാനോ''പ്പത്രം നിശ്ശബ്ദത പാലിച്ചു. പിന്നെങ്ങനെ പുതിയ ആശയശിശു വളരും? അതു മുരണ്ടുമുരടിക്കുമെന്നവർ ഓർത്തു. പാപ്പാ പിന്തിരിഞ്ഞില്ല. 1959_ലെ പെന്തിക്കസ്തിപ്പെരുന്നാളിൽ ഒരു പ്രാരംഭ കമ്മീഷൻ സ്ഥാപിതമായി. കൗൺസിലിന്റെ അടിസ്ഥാനഘടകങ്ങളെക്കുറിച്ചു ലോകത്തെമ്പാടുമുള്ള രൂപതകളിൽനിന്നു നിർദ്ദേശങ്ങൾ ആരായുന്നതിനായിരുന്നു അതു്. ഒരു കൊല്ലത്തിനിടയിൽ രണ്ടായിരം നിർദ്ദേശങ്ങൾ പരിശോധിച്ചു. പ്രമാണരേഖകളുടെ കരടുരൂപം ഉണ്ടാക്കുന്നതിനു 11 കമ്മീഷനുകൾ ഏർപ്പെടുത്തി.

1960 നവംബർമുതൽ വിവിധകമ്മീഷനുകൾ പ്രവർത്തനം ആരംഭിച്ചു. 1962 ഒക്ടോബറിൽ എല്ലാ മെത്രാന്മാരും റോമിൽ സമ്മേളിക്കത്തക്കവിധം ക്ഷണക്കത്തുകൾ നീങ്ങി. മെത്രാന്മാർ ഒരുമിച്ചുകൂടുന്നതിനു് ഒരു മാസംമുമ്പ് കൗൺസിലിന്റെ ഉദ്ദേശ്യങ്ങളെക്കുറിച്ചു പോപ്പു ജോൺ ലോകത്തെ അറിയിച്ചു, വത്തിക്കാൻ റേഡിയോവിലൂടെ. ബലിഷ്ഠമായ കോട്ടയുടെ കവചിത ധർമ്മത്തിൽനിന്നു സഭയെ ലോകത്തിന്റെ ആപണവീഥിയിലേക്കു ആനയിക്കുന്നതിനുള്ള ആഹ്വാനമുയന്നു.

കൗൺസിലിന്റെ തുടക്കംമുതൽതന്നെ ബിഷപ്പു

www.malankaralibrary.com



വൊയ്ററിവ ശ്രദ്ധേയനായി. യുവസഹജമായ ചുറുചുറുക്കും ചൊടിചൊടിപ്പുമാണ് അതിനു പ്രേരകമായതു്. അസാധാരണ ഭാഷാപാടവം മറെറാരു കാരണമായി.

കൗൺസിലിൽ അനുഭവപ്പെട്ട സ്വാതന്ത്ര്യം മെത്രാന്മാരെ സംബന്ധിച്ചിടത്തോളം എടുത്തുപറയത്തക്ക ഒരു സവിശേഷതയാണ്. റോമായുടെ നിർദ്ദേശങ്ങൾക്ക് ആജ്ഞാനുവർത്തികളായി കഴിഞ്ഞിട്ടേയുള്ള അവർ ഇതുവരെ. കൂരിയായുടെ നിയന്ത്രണം കൗൺസിൽ ചടങ്ങുകളിൽ പ്രതീക്ഷിച്ചിരുന്നു. തെററിദ്ധരിച്ചുപോയ കൂരിയാ അംഗങ്ങളുമുണ്ട്. മാററത്തിനുള്ള നീക്കത്തെ അവർ ചെറുത്തു. ആ ശ്രമം വൃഥാവിലായി. കൂരിയായുടെ കൗശലപദ്ധതികളെയെല്ലാം പിൻതള്ളിക്കൊണ്ട് പൂർണ്ണസ്വാതന്ത്ര്യം പ്രയോഗിക്കാൻ മെത്രാന്മാർക്ക് കഴിഞ്ഞു. തങ്ങൾ ആഗ്രഹിക്കുന്ന സഭയുടെ മുഖച്ഛായയ്ക്കു് അവർ രൂപംനല്കി.

ഒന്നാം സമ്മേളനത്തിന്റെ നടപടിക്രമം ലത്തീനിലായിരുന്നു. മുതലെടുക്കാമെന്നു കൂരിയാ പ്രതീക്ഷിച്ച ഒരു സൗകര്യാവസ്ഥയാണതു്. കുറെ മെത്രാന്മാർക്ക് ഇതു ബുദ്ധിമുട്ടായി. ബിഷപ്പു വൊയ്ററീവ ചഞ്ചലപ്പെട്ടില്ല. പ്രാചീന ഭാഷകളിലും അർവ്വാചീനഭാഷകളിലും അദ്ദേഹം നിഷ്ണാതനായിരുന്നു. ലാററിൻ, ഇററാല്യൻ, ഇംഗ്ലീഷ്, ഫ്രെഞ്ച്, ജർമ്മൻ, റഷ്യൻ എന്നീ ഭാഷകളിൽ തികഞ്ഞ അവഗാഹത. 'ആരാധനക്രമം' എന്ന ആദ്യത്തെ വിഷയത്തെക്കുറിച്ചും തുടർന്നുവന്ന 'ദൈവാവിഷ്കരണം' എന്ന വിഷയത്തെക്കുറിച്ചുമുള്ള ചർച്ചയിൽ ആ ദൈവശാസ്ത്രജ്ഞൻ സജീവപങ്കാളിയായി. ചർച്ചകൾ ഒരുകാര്യം ബോധ്യപ്പെടുത്തി, കൂ

www.malankaralibrary.com



രിയാ പിടിച്ച യാഥാസ്ഥിതികമായ വഴിയിലൂടെ കാര്യങ്ങരം നീങ്ങുകയില്ലെന്നും.

കൗൺസിലിന്റെ ഊട്ടം പാവും നിരത്തുന്നതിനേ ഒന്നാംസമ്മേളനത്തിനു കഴിഞ്ഞുള്ളു. വീണ്ടും ശരത്ക്കാലവേളയിൽ കൂടുന്നതിനാണു പിരിഞ്ഞതു്. ആ സമ്മേളനം കൂടുന്നതിനുമുമ്പുതന്നെ സുന്നഹദോസിന്റെ വിധാതാവു് അന്തരിച്ചു. പോപ്പ് ജോണിനെ ശക്തമായി പിന്തുണച്ചിരുന്ന ജിയോവാനി ബാപ്റ്റിസ്റ്റാ മൊന്തീനി പാപ്പായായി, പോരം ആറാമൻ എന്ന പേരിൽ സിംഹാസനത്തിലേറി.

ബിഷപ്പ് വൊയ്റ്റീവയുടെ സാന്നിധ്യം നിതരാം അനുഭവപ്പെട്ടതു് കൗൺസിലിന്റെ രണ്ടാംസമ്മേളനത്തിലാണു്. ആ ശബ്ദം സാകൂതം ശ്രദ്ധിക്കപ്പെട്ടു. സെപ്റ്റംബർ 23-ാംതീയതി 'ജനതകളുടെ പ്രകാശം' എന്ന പ്രമാണരേഖയുടെ ചർച്ചയാരംഭിച്ചു. ''ദൈവത്തിന്റെ ജനം'' എന്നു സഭയെ കാണൽ ആദ്യം; സഭാസംവിധാനത്തെക്കുറിച്ചു ചർച്ച പിന്നെ—എന്നായി വൊയ്റ്റീവയുടെ ഉപക്ഷേപം. വൈദികാധിപത്യസമീപനത്തിൽനിന്നും സഭയ്ക്കു് അല്പം അയവു വരുത്തണമെന്നാണു് ഉദ്ദേശ്യം. ഇത്തരം ഉപക്ഷേപം പോളണ്ടുമെത്രാനിൽനിന്നു് ഒരുത്തരും പ്രതീക്ഷിച്ചതല്ല.

അന്താരാഷ്ട്രസംഘടനകളിലെ അംഗത്വംകൊണ്ടു പ്രഖ്യാതനാണു് പാട്രിക് കീഗൻ. അദ്ദേഹം കൗൺസിൽ നിരീക്ഷകനായിരുന്നു. 'ജനതകളുടെ പ്രകാശം' എന്ന പ്രമാണരേഖയ്ക്കു വൊയ്റ്റീവ വഹിച്ച പങ്കിനെപ്പററി അദ്ദേഹം അഭിപ്രായപ്പെടുന്നു: ''സഭയെക്കുറിച്ചുള്ള ധാരണയ്ക്കു് അടിമുടി കുലുക്കമുണ്ടായ ഒരു പുനർവ്വ

www.malankaralibrary.com


പീകരണമാണ് ''ജനതകളുടെ പ്രകാശ''ത്തിലേത്. അതിന്റെ പ്രമുഖശില്പികളിലൊരുവൻ വൊയ്റ്റീവ യത്രേ. രാജകീയപിരമിഡിന്റെ ആകൃതി എന്ന സഭ യെക്കുറിച്ചുള്ള ധാരണ ഇതുമൂലം മാറി; പകരം വിശ്വാ സികരംക്കെല്ലാം തുല്യപ്രാധാന്യമുള്ള ഘടന വന്നു. സഭാദൗത്യനിർവ്വഹണത്തിൽ അല്മായനു ഉത്തരവാ ദിത്വമുണ്ടായി. വത്തിക്കാൻ കൗൺസിൽ വരുത്തിയ ഒരു മൗലികവ്യതിയാനമാണിതു്. ഇതുമൂലം സഭ ഒരു പുതിയ ചാലിലൂടെ ചലിച്ചുതുടങ്ങിയിരിക്കുന്നു.''

1963 നവംബർ 26-ാംതീയതി വത്തിക്കാൻ റേ ഡിയോയിലൂടെ ബിഷപ്പ് വൊയ്റ്റീവ പ്രഖ്യാപി ച്ചു: ''ദൈവത്തിന്റെ ജനം'' എന്ന ആശയത്തിന്റെ മർമ്മം മനുഷ്യവ്യക്തിത്വത്തിന്റെ മൂല്യത്തെക്കുറിച്ചുള്ള അവബോധമാണ്. ശാരീരികമൂല്യം മാത്രമല്ല പിന്നെ യോ ആധ്യാത്മികമൂല്യവും അതിൽപ്പെടും. മനുഷ്യ മഹത്വത്തെക്കുറിച്ചുള്ള അവബോധം സംരക്ഷിക്കാൻ കഴിയണം. ഇതിനുവേണ്ടി രക്തം ചൊരിയുന്നതിനു പോലും മനസ്സാകേണ്ടതാണ്. കർത്താവു നമുക്കുവേണ്ടി ഘോരമചിന്തിയല്ലോ.''

സമകാലീനയാഥാർത്ഥ്യങ്ങളെക്കുറിച്ചുള്ള തികഞ്ഞ ബോധം ബിഷപ്പ് വൊയ്റ്റീവയ്ക്കുണ്ടായിരുന്നു. മത സ്വാതന്ത്ര്യത്തെ അദ്ദേഹം മുറുകെപ്പിടിച്ചു. ഏതു മത സമൂഹത്തിനും ഏതു സാഹചര്യത്തിലും അതു ലഭ്യമാ കണമെന്നാണ് അദ്ദേഹത്തിന്റെ ഉറച്ച നിലപാട്. ഇതിനെക്കുറിച്ചുള്ള ചർച്ചാവേളയിൽ അദ്ദേഹം ആക്രോ ശിച്ചു: ''മതസ്വാതന്ത്ര്യത്തിനുവേണ്ടി ആഹ്വാനം ചെ യ്യാൻ ഒട്ടും മടിക്കേണ്ടതില്ല. കമ്യൂണിസ്റ്റുഭരണത്തിൽ കഴിയുന്ന ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇതു പരമ പ്രധാനമാണ്.''

www.malankaralibrary.com



ജോൺ 23-ാമന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടു് മതസ്വാതന്ത്ര്യത്തെക്കുറിച്ചുള്ള പ്രസ്താവം ബിഷപ്പ് വൊയ്റ്റീവ അരക്കിട്ടുറപ്പിച്ചു. ''ഭൂമിയിൽ സമാധാനം'' (Pacem in terris) എന്ന പേരിൽ മനുഷ്യാവകാശങ്ങളേയും സ്വാതന്ത്ര്യങ്ങളേയും കുറിച്ചുള്ള ചാക്രിക ലേഖനത്തിൽ ജോൺ 23-ാമൻ എഴുതി: ''മനസ്സാക്ഷി പ്രകാരമുള്ള ഈശ്വരാരാധന നടത്തുന്നതിനു് ഓരോ വ്യക്തിക്കും അവകാശമുണ്ടു്; രഹസ്യമായും പരസ്യമായും മതം പ്രകടിപ്പിക്കാനും അവകാശമുണ്ടു്.''

''സഭ ആധുനികയുഗത്തിൽ'' എന്ന പ്രമാണരേഖയുടെ ചർച്ചാവേളയിൽ ബിഷപ്പ് വൊയ്റ്റീവ അഭിപ്രായപ്പെട്ടു: ''അവിശ്വാസികളുടെമേൽ അധികാരം ചെലുത്തുക സഭയുടെ ജോലിയല്ല. നമ്മളും സമകാലികരും ഒരു അന്വേഷണത്തിൽ മുഴുകിയിരിക്കുകയാണു്. സത്യത്തിന്റെ കുത്തക സഭയ്ക്കാണെന്ന അവകാശവാദം നമുക്കു ഉപേക്ഷിക്കാം.''

''സഭ ആധുനികയുഗത്തിൽ'' എന്നതു് ഒരു അജപാലനരേഖയായിരിക്കണമെന്നു നിർദ്ദേശിച്ചതു് ബിഷപ്പ് വൊയ്റ്റീവയാണു്. പ്രായോഗികജീവിതവുമായി ബന്ധപ്പെടണമെന്നാണു് അതുകൊണ്ടു ഉദ്ദേശിച്ചതു്. വിവാഹം, സമാധാനം, സാമ്പത്തികവികസനവും അന്തരാഷ്ട്രസംഘടനയും തുടങ്ങിയ വിഷയങ്ങൾ തന്മൂലമാണു് അതിൽ പെടുത്തിയതു്. 'വിവാഹവും കുടുംബവും' എന്ന അധ്യായം പ്രമാണരേഖയിൽ ഉൾപ്പെടുത്താൻ കൗൺസിലിനെ പ്രേരിപ്പിച്ചതും വൊയ്റ്റീവ തന്നെ. മാതൃത്വത്തിന്റെയും പിതൃത്വത്തിന്റെയും പൂർണ്ണതയിലേക്കു നയിക്കുന്ന സ്നേഹത്തിന്റെ സമൂഹം എന്നത്രേ കുടുംബത്തിനു നല്കപ്പെട്ടിരിക്കുന്ന സ്ഥാനം.

★

www.malankaralibrary.com

# VI

# മാർ യൗസേപ്പ് കരിയാററി*

കരിയാററിമെത്രാപ്പോലീത്താ ദിവംഗമിച്ചിട്ട് 1986 സെപ്റ്റംബർ 9-ാം തീയതി 200 വർഷം തികഞ്ഞിരിക്കുന്നു. 45-ാം വയസ്സിൽ ആ സഭാസ്നേഹിക്കു സംഭവിച്ച അത്യാഹിതം അക്ഷരാത്ഥത്തിൽ രക്തസാക്ഷിത്വം തന്നെയാണ്. 1786 സെപ്റ്റംബർ 9-ാം തീയതി ഉണ്ടായ ആ മരണത്തിന്റെ കാരണത്തെക്കുറിച്ച് ചരിത്രകാരന്മാർ ഏകാഭിപ്രായക്കാരല്ല.

ഗോവയിൽ വെച്ചാണ് ഡോക്ടർ കരിയാററി അന്തരിച്ചത്. 1777-ൽ കേരളത്തിൽനിന്നു യാത്രതിരിച്ച ശേഷം ജന്മനാട്ടിൽ തിരിച്ചെത്താൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. 9 വർഷക്കാലം റോം, പോർച്ചുഗൽ തുടങ്ങിയ സ്ഥലങ്ങളിൽ ആ ധീരൻ അലഞ്ഞുതിരിഞ്ഞു. സമുദായലക്ഷ്യങ്ങൾക്കുവേണ്ടിയുള്ള സന്ധിയില്ലാത്ത പോരാട്ടമായിരുന്നു അത്. വിജയശ്രീലാളിതമായ മടക്കയാത്രയ്ക്കിടയിൽ മരണം ആ ധന്യജീവിതത്തെ ഒടുക്കി.

അപകടം പതിയിരിക്കുന്നതായിരുന്നു അന്നത്തെ

* ഐക്യദീപം 1986 നവംബർ ലക്കത്തിൽ ചേർത്തത്.

www.malankaralibrary.com



യാത്ര. ആഫ്രിക്കാഭൂഖണ്ഡം ചുററി പാക്കപ്പെലിലുള്ള പോക്ക്. പത്തുമാസം വേണ്ടിവന്നു കപ്പൽ പോർച്ചുഗലിലെത്താൻ. യാത്രയ്ക്കിടയിലുണ്ടായ ക്ലേശങ്ങൾ ഒന്നുംരണ്ടുമായിരുന്നില്ല. ചുഴലിക്കാററു ചീറിയടുത്തു; ദീനങ്ങളുണ്ടായി; ഭക്ഷണം നന്നായി കിട്ടിയില്ല; ചൂട് അസഹ്യമായിരുന്നു; നിരുവന്നു് കാലുവീത്തു; കുഷ്ഠം പോലെയുള്ള ചിരങ്ങു ദേഹത്തുപൊങ്ങി; ശ്വാസംമുട്ടൽ അനുഭവപ്പെട്ടു; മരിക്കുമെന്നുള്ള സ്ഥിതിവരെയെത്തി — എല്ലാം സഹിക്കേണ്ടിവന്നു. ഈ സാഹസികയാത്രയുടെ സരസവിവരണമത്രേ ''വത്തമാനപ്പുസ്തകം'' എന്ന പ്രസിദ്ധഗ്രന്ഥം. ഭാരതീയ ഭാഷകളിലെ പ്രഥമയാത്രാവിവരണഗ്രന്ഥമെന്നറിയപ്പെടുന്ന ഇതിന്റെ കർത്താവു ഡോ. കരിയാററിയുടെ സഹചരനും സഹപ്രവത്തകനുമായ പാറേമ്മാക്കൽ തോമ്മാക്കത്തനാരാണ്.

കൊടുങ്ങല്ലൂർ, ചേന്ദമംഗലം, ആലങ്ങാട് എന്നീ കേന്ദ്രങ്ങളിൽ അന്നു സെമിനാരികൾ ഉണ്ടായിരുന്നു. ആലങ്ങാട് സെമിനാരിയിലെ മൽപ്പാനായിരുന്നു ഡോ. കരിയാററി. കേരളസഭയുടെ അഭിമാനസ്തംഭമായി ആ അഗാധപണ്ഡിതൻ ശോഭിച്ചു. റോമിലെ പ്രോപ്പഗാന്താ കോളജിലാണ് അദ്ദേഹം അഭ്യസനം നടത്തിയതു്. തത്വശാസ്ത്രം, ദൈവശാസ്ത്രം, കാനൻനിയമം എന്നിവയിൽ ഡോക്ടർബിരുദം നേടാൻ ആ ധിഷണാശാലിക്കു പ്രയാസം നേരിട്ടില്ല. ഭാരതീയരിലാരും ഇതിനുമുമ്പു ഒരു പാശ്ചാത്യസർവ്വകലാശാലയിൽനിന്നു് ഡോക്ടർസ്ഥാനം നേടിയിട്ടില്ല. ലത്തീൻ, പോർച്ചുഗീസ്, ഇററാലിയൻ, ഫ്രഞ്ചു തുടങ്ങിയ പാശ്ചാത്യഭാഷകളിലും സംസ്കൃതം, തമിഴ്, കന്നട, തെലുങ്ക് തുടങ്ങിയ ഭാരതീയ ഭാഷകളിലും ആ വ്യുൽപത്തിമന്നു അവഗാഹതയുണ്ടായിരുന്നു.

www.malankaralibrary.com



''അങ്ങേക്കുവേണ്ടി ഞാൻ വീണ്ടും റോമ്മയിൽ പോകുന്നതും കാര്യം സാധിക്കുന്നതിനു വേണ്ടി പ്രയത്നിക്കുന്നതുമാണ്''

മാർ യൗസേപ്പ് കരിയാററി.

www.malankaralibrary.com



സമുദായസ്നേഹം ജ്വലിക്കുന്ന ഹൃദയമായിരുന്നു കരിയാററിമൽപ്പാൻേറതു്. ബുദ്ധിമുട്ടുനിറഞ്ഞ ദീർഘയാത്രയ്ക്കു ആ ധീരാത്മാവിനെ പ്രേരിപ്പിച്ച കാരണം മറെറാന്നായിരുന്നില്ല. അന്നു കേരള സുറിയാനിസമൂഹം ഇരുചേരികളിലായി കീറിമുറിഞ്ഞു കഴിഞ്ഞിരുന്നു. സഭാഗാത്രത്തിലേ ആ മുറിവിൽ വേദനിക്കാത്തവർ അന്നുണ്ടായിരുന്നില്ല.

സുറിയാനിസമൂഹം പിളർന്നിട്ടു ഒരു നൂററാണ്ടു കഴിഞ്ഞിരുന്നു. 1656 ജനുവരി 3-ാം തീയതിയാണു് കൂനൻ കുരിശുസത്യം നടന്നതു്. ആ നിർഭാഗ്യസംഭവമല്ല സുറിയാനിസമുദായത്തെ പിളർത്തിയതു്. നസ്രാണികളുടെ സിംഹഭാഗവും ആ ഉഗ്രശപഥത്തിനു പിന്നിലുണ്ടായിരുന്നു. ശപഥം ചെയ്ത കക്ഷിക്കു മെത്രാനുണ്ടായിരുന്നില്ല. പന്ത്രണ്ടു അച്ചന്മാർകൂടി ഒരു മെത്രാനെ വാഴിച്ചു. '' എലികളൊരായിരമൊരുമിച്ചാലൊരു പുലി '' ആകയില്ല എന്നായി ഒരു കൂട്ടരുടെ വാദം. അങ്ങനെ നസ്രാണിക്കൂട്ടം രണ്ടായിപ്പിരിഞ്ഞു. അച്ചന്മാർ വാഴിച്ച മെത്രാനെ സ്വീകരിച്ചവർ ഒന്നു്, സ്വീകരിക്കാത്തവർ മറെറാന്നു്.

രണ്ടു കൂട്ടരും — പുത്തൻകൂറുകാരും പഴയകൂറുകാരും — ആദ്യമാദ്യം ഒരേ ദൈവാലയത്തിൽ ആരാധന നടത്തി. പിറവം, കോട്ടയം, അങ്കമാലി, അകപ്പറമ്പു്, തൃപ്പൂണിത്തുറ, പറവൂർ തുടങ്ങി അനേക പള്ളികൾ രണ്ടു കൂട്ടരും കൈവശം വെച്ചനുഭവിച്ചുപോന്നു.

പുത്തൻകൂറുകാർ യാക്കോബായ കൂട്ടുകെട്ടിൽ പെട്ടുപോയി. അവർക്കു പട്ടം നല്കുവാൻ 1665-ൽ ഗ്രീഗോറിയോസു് എന്ന യാക്കോബായ മെത്രാനാണു് സന്മനസ്സുണ്ടായതു്. സഭൈക്യശ്രമം ആരംഭംമുതലേ നടന്നു

www.malankaralibrary.com



വന്നു. ഒന്നാം മാർ ദീവന്യാസ്യോസ് എന്നപേരിൽ അറിയപ്പെടുന്ന ആറാം മാർത്തോമ്മായുടെ ശ്രമങ്ങളിൽ സഹകരിക്കാതിരിക്കാൻ സമുദായസ്നേഹം യൗസേപ്പു മൽപ്പാനെ അനുവദിച്ചില്ല.

1765 — 1808 വരെയാണ് ആറാംമാർത്തോമ്മായുടെ കാലം. പുത്തൻകൂറിലെ നിരണം ഭദ്രാസനം അദ്ദേഹം ഭരിക്കുന്നു. കുറവിലങ്ങാട്ട് പകലോമററം കുടുംബത്തിൽപെട്ടവനത്രേ ആ സമുദായനേതാവ്. ഐക്യദാഹം ആ ചിന്തകനെ പുനരൈക്യത്തിനു പ്രേരിപ്പിച്ചു. വരാപ്പുഴമെത്രാൻ ഫ്രാൻസിസ്കോസ് സാലസിൻെറ മുമ്പിൽ അദ്ദേഹം അഭ്യർത്ഥന ഉയർത്തി. കരിയാററി മൽപ്പാൻെറ സന്നിധിയിലും ആ സഹായപ്രാർത്ഥന എത്തിച്ചേർന്നു.

അർത്ഥശങ്കയ്ക്കിടയില്ലാത്ത മറുപടിയത്രേ സാലസ് മെത്രാനിൽനിന്നു സിദ്ധിച്ചതു്. മാർത്തോമ്മാക്കു് അനുകൂലമായിരുന്നില്ല ആ പ്രത്യുത്തരം: ''മാർത്തോമ്മായെ മെത്രാനായി തുടരുവാൻ അനുവദിക്കുകയില്ല. മറെറന്തെങ്കിലും സ്ഥാനം റോമ്മിൽനിന്നു വാങ്ങിക്കൊടുക്കാൻ ശ്രമിക്കാം. മെത്രാൻസ്ഥാനം കൂടിയേ കഴിയൂ എങ്കിൽ യൂറോപ്പിലേക്കു അദ്ദേഹത്തെ അയയ്ക്കാൻ ശ്രമം ചെയ്യാം.''

മാർത്തോമ്മായുടെ ഹൃദയംനൊന്തു. കരിയാററിയും ചിന്താവ്യഥയിൽ മുഴുകി. സമുദായഗാത്രത്തിലെ മുറിവു കരിക്കുന്നതിനേക്കാറം ഉപരിയായ ഒരുകാര്യം അദ്ദേഹത്തിനുണ്ടായിരുന്നില്ല. പണ്ഡിതനായ ആ ഹൃദയാലു മാർത്തോമ്മായെ സമീപിച്ചു സാന്ത്വനം നല്കി: ''അങ്ങേക്കുവേണ്ടി ഞാൻ വീണ്ടും റോമ്മയിൽ പോകുന്നതും

7 കാര്യം സാധിക്കുന്നതിനുവേണ്ടി പ്രയത്നിക്കുന്നതുമാ

www.malankaralibrary.com



ണ്."  ബുദ്ധിമുട്ടേറിയ യാത്രയ്ക്കു മൽപ്പാനെ പ്രേരിപ്പിച്ച സാഹചര്യം ഇതാണ്. കസേരയിലിരുന്ന കാര്യം കാണാൻ വ്യഗ്രതകാട്ടുന്ന പണ്ഡിതന്മാരുടെ പ്രകൃതി ആ പ്രയത്നശാലിക്കുണ്ടായിരുന്നില്ല.

പോർച്ചുഗലിലെ മേരിരാജ്ഞിയെയാണ് മൽപ്പാൻ ആദ്യമായി സമീപിച്ചത്. കേരളത്തിലെ പറങ്കികൾ പ്രതിബന്ധം ഉണ്ടാക്കാതിരിക്കയില്ല. അതിനു മുൻകരുതൽ വേണം. രാജ്ഞിയെ സമീപിച്ചതു ആ ആവശ്യത്തിനു വേണ്ടിയത്രേ. അവിടെ സമർപ്പിച്ച നിവേദനത്തിൽ പറഞ്ഞിരുന്നു: "അൻപതിനായിരം വിശ്വാസികളോടുകൂടി നിരണം ഭദ്രാസനത്തിൻെറ മാർത്തോമ്മാമെത്രാൻ ശുദ്ധമാന കത്തോലിക്കാപ്പള്ളിയുടെ വിശ്വാസം സ്വീകരിക്കാൻ മനസ്സായിരിക്കുന്നു. ആകുന്ന സഹായങ്ങളെല്ലാം അതിനു ചെയ്യാൻ തിരുമനസ്സുണ്ടാകണം."

മൽപ്പാൻ റോമിലെത്തിയതു് 1780 ജനുവരി 3-ാം തീയതിയാണ്. ആറാം പീയൂസ് മാർപ്പാപ്പായെ സന്ദർശിച്ച് അഭ്യർത്ഥന ഇങ്ങനെ സമർപ്പിച്ചു: "ശുദ്ധതനിറഞ്ഞ പിതാവേ, കഷ്ടപ്പാടുകൾ ഏറിയതായിരുന്നു ഞങ്ങളുടെ യാത്ര. റോമാപുരി കാണുന്നതിനായിട്ടല്ല ഈ ക്ലേശങ്ങൾ ഞങ്ങൾ സഹിച്ചതു്. ............മാർത്തോമ്മായുടെയും ആ ഇടവകയിലുള്ള തലപ്പെട്ടവരൊക്കെയുടെയും അപേക്ഷമൂലമത്രേ ഈ നീണ്ടയാത്ര ഞങ്ങൾ നടത്തിയതു്. വഴിച്ചെലവിനു വേണ്ടുന്നതൊക്കെയും ആ സമൂഹംതന്നെ പിരിവെടുത്തു തന്നിട്ടുള്ളതാണ്. ഞങ്ങളുടെ അപേക്ഷ അങ്ങയുടെ ശുദ്ധത കൈക്കൊള്ളുമെന്നതിൽ ഞങ്ങൾക്കു സംശയമില്ല. കാതോലിക്കായിക്കൂട്ടത്ത ഐകമത്യത്തിലേക്കു കൂടുവാൻ ആഗ്രഹിക്കുന്ന മക

www.malankaralibrary.com


നായ മാത്തോമ്മായെ അനുഗ്രഹമുള്ള ബാവായെപ്പോലെ അങ്ങു സ്വീകരിക്കണേ. ബാല്യകാലത്തു പള്ളിയോടു ചൊല്ലുവിളിയുള്ള പുത്രനായിരുന്നു മാത്തോമ്മാ. പിന്നീട്, പുത്തൻകൂറിൽ അകപ്പെട്ടു. അവിടെനിന്നു യാക്കോബായ ശീശ്മയിൽ വീണുപോയി. മാർ ഗ്രിഗോറിയോസ് എന്ന യാക്കോബായ മെത്രാപ്പോലീത്തായിൽനിന്നു 1772-ാമാണ്ടിൽ മെത്രാൻസ്ഥാനം കൈക്കൊണ്ടു. നിരണമെന്ന ഇടവകയാണ് അദ്ദേഹം ഭരിക്കുന്നത്. പട്ടാങ്ങപെട്ട വിശ്വാസത്തിലേക്കു വീണ്ടും തിരിച്ചുവരുന്നതിന് അദ്ദേഹത്തിന് ആഗ്രഹമുണ്ട്. നിരണത്തിന്റെ മെത്രാനായി തുടരുന്നതിന് അനുവാദം കിട്ടണമെന്നുമുണ്ട്. എങ്കിലേ, ജനങ്ങൾ തന്നോടുകൂടെ പട്ടാങ്ങയായ വിശ്വാസത്തിലേക്കു തിരികെ വരാൻ സംഗതിയാകയുള്ളു.''

ആറാം മാത്തോമ്മായുടെ നിവേദനം മൽപ്പാൻ കൈവശം കൊണ്ടുപോയിരുന്നു. അതു മാർപ്പാപ്പാക്കു സാദരം സമർപ്പിച്ചു. ആ അപേക്ഷയിൽ പറയുന്നു:

''ലോകത്തിലുള്ള പള്ളികളൊക്കെയുടേയും മാതാവാകുന്ന എന്ന ശുദ്ധറോമാപ്പള്ളിയുടെ തലവനും മിശിഹായുടെ സ്ഥാനത്തിരിക്കുന്നവനുമായ ഞങ്ങളുടെ ശുദ്ധമുള്ള പിതാവു് ആറാംപീയൂസ് പാപ്പാ തിരുമനസ്സു കൊണ്ടു ബോധിപ്പാൻ.

ദീവന്ന്യാസ്യോസ്മെത്രാപ്പോലീത്താ എന്ന ബലഹീനനായ ഞാൻ തോമാ എപ്പിസ്കോപ്പാ എന്ന പേരും കൈയേററിരിക്കുന്നു... കൈക്കൊണ്ടിരുന്ന ചെറിയപട്ടങ്ങളും വലിയപട്ടങ്ങളും മെത്രാന്റെ സ്ഥാനങ്ങളും പട്ടാങ്ങയുള്ളതല്ലെന്നു് അറിയുകകൊണ്ടു് യാക്കോബായ

www.malankaralibrary.com


ക്കാരൻ മെത്രാപ്പോലീത്തായുടെ കൈയാലെ പട്ടവും മെത്രാന്റെ സ്ഥാനവും ഞാൻ കൈയേററിട്ടുണ്ട്. ശുദ്ധറോമാപ്പള്ളിയുടെ വിശ്വാസമത്രെ പട്ടാങ്ങയുള്ളതാകുന്നുവെന്നും ഈ വിശ്വാസം കൈക്കൊള്ളുന്നില്ല എന്ന ആത്മാവുകൾ ഒക്കെക്കും രക്ഷയില്ലെന്നും ഞാൻ അറിയുന്നു. കൊടുങ്ങല്ലൂർത്രൂപതയുടെയും കൊച്ചിത്രൂപതയുടെയും മേല്പട്ടക്കാരോട് എന്റെ മനസ്സു പരസ്യപ്പെടുത്തി ഞാൻ അറിയിച്ചിട്ടുണ്ട്. ശുദ്ധറോമാപ്പള്ളിയുടെ വിശ്വാസത്തിൽ എന്നെയും എനിക്കു കീഴ്പ്പെട്ടിരിക്കുന്ന 50000 ജനത്തെയും ചേർപ്പിക്കണമെന്നു ഞാൻ അഭ്യർത്ഥിച്ചിട്ടുള്ളതാണ്. ഈ ത്രൂപതകളുടെ യജമാനന്മാർ എന്റെ അപേക്ഷ കൈക്കൊണ്ടില്ല. മെത്രാപ്പോലീത്താ ആയിരിക്കുന്ന ഞാൻ അല്മേനി ആയിരുന്നുകൊണ്ടു ശുദ്ധപള്ളിക്കു വഴക്കം ചെയ്യണമെന്ന് അവർ ശഠിക്കയും ചെയ്തു. ഇതുകാരണത്താൽ ഞങ്ങളുടെ ആവലാതികളും സങ്കടങ്ങളും ശുദ്ധസിംഹാസനത്തിൽ എത്തിക്കേണ്ടതിന് ഉടയതമ്പുരാന്റെ സഹായത്താലെ ബ. കരിയാററിൽ യൗസേപ്പു മല്പാനേയും പാറേമ്മാക്കൽ തോമ്മാക്കത്തനാരച്ചനേയും അയയ്ക്കുന്നു. ഞങ്ങൾ പലരുംകൂടി ചെലവിന്നെടുത്തുകൊടുത്തത്രേ ഇവരെ യാത്രയാക്കുന്നത്. ബലഹീനമെത്രാപ്പോലീത്താ ദീവന്ന്യാസ്യോസ് ആയ ഞാൻ, ഈ പട്ടക്കാരുടെ അപേക്ഷ കൈക്കൊണ്ട് എന്റെ ദോഷങ്ങളും കുററങ്ങളും പോക്കി എന്നെയും എന്റെ കീഴുള്ള ജനങ്ങളെയും ശുദ്ധറോമ്മാപ്പള്ളിയുടെ സഭക്കൂട്ടത്തിൽ കൂട്ടി ഒന്നിപ്പിച്ചുകൊള്ളണേ. സുറിയാനിപ്പേച്ചുകൾ കുറവുതീർത്തു ഞങ്ങളെ പഠിപ്പിക്കേണ്ടതിന്നു നല്ലവണ്ണം സുറിയാനി അറിയാവുന്നവരിൽ നാലു മല്പാന്മാരെ ഇവരോടുകൂടി അയച്ചുതരണേ...... അച്ചന്മാരുടെ അച്ചനും ഇടയന്മാരുടെ ഇടയനുമായിരിക്കു

www.malankaralibrary.com



ന്ന ഞങ്ങളുടെ ബാവായേ, ഇടയനില്ലാത്ത ആടുകളെ പ്പോലെയും അച്ഛനില്ലാത്ത അടിയാരെപ്പോലെയും ഞങ്ങളായിരിക്കകൊണ്ടു്...... ഞങ്ങളുടെ അപേക്ഷ കൈക്കൊണ്ടു് ഞങ്ങളുടെ ദോഷങ്ങളെ പോക്കി ഞങ്ങളെ രക്ഷിക്കണമെന്നു ഞങ്ങളപേക്ഷിക്കുന്നു—1778-ാംകാലം മീനം 19-ാംതീയതി എഴുതി.''

നൈയാമികത്വം ഉൾക്കൊള്ളുന്നതായിരുന്നു മല്പാന്റെ നിവേദനം. അതിന്റെ സാധുതയിൽ വത്തിക്കാനിലെ നിയമവിദഗ്ദ്ധന്മാർക്കു പൊതുവെ എതിരഭിപ്രായമുണ്ടായിരുന്നില്ല. വേദപ്രചാരസംഘത്തിന്റെ സെക്രട്ടറിസ്ഥാനത്തുനിന്നു് അന്നു വിരമിതനായി കഴിഞ്ഞിരുന്ന കർദ്ദിനാൾ മറെഫോസ്സി, റോമാപ്പട്ടണത്തിന്റെ വികാരിജനറാൾ യൊർദാനൊ മെത്രാൻ തുടങ്ങിയവർ അനുകൂലഭാവം പ്രകടിപ്പിച്ചവരാണു്. എന്നാൽ, അന്നത്തെ വേദപ്രചാരസംഘാദ്ധ്യക്ഷൻ കർദ്ദിനാൾ കസ്റ്റെല്ലിക്കും സെക്രട്ടറി മോൺ. ബോർജിയായ്ക്കും ഈ നിവേദനം ആദരണീയമായി തോന്നിയില്ല. മല്പാന്റെ ഉദ്ദേശ്യശുദ്ധിയെ സംശയിക്കാനും അവർ മടിച്ചില്ല. തിരുസിംഹാസനത്തിന്റെ പ്രതികരണം നിരാശാജനകമല്ലായിരുന്നു. മാർത്തോമ്മായുടെ പുനരൈക്യക്കാര്യം അന്വേഷണത്തിനുശേഷം വിധിപറയുന്നതാണെന്ന അവിടത്തെ തീരുമാനം പ്രത്യാശയ്ക്കു വക നല്കി.

കേരളത്തിലെ പോർച്ചുഗീസുവൈദികരുടെ കത്തുകൾ വത്തിക്കാനിലേക്കു് ഒഴുകിക്കൊണ്ടിരുന്നു. മല്പാനു പ്രതികൂലമായിരുന്നു അവയെല്ലാം. ലൗകികലക്ഷ്യമാണു് മല്പാനും കത്തനാർക്കുമുള്ളതു്; തിരുവിതാംകൂർ രാജാവിനു് അവരോടു നീരസമാണു്; അവരുടെ തിരി

www.malankaralibrary.com



ച്ചുവരവോടെ ഇവിടെ കലഹങ്ങളുയരും; സ്വജാതി മെത്രാന്മാർക്ക കീഴ്വഴങ്ങുന്നവരല്ല മലങ്കരയിലുള്ളവർ; അവർ മല്ലാനെ മെത്രാനായി സ്വീകരിക്കയില്ല; മാർ ത്തോമ്മാമെത്രാൻ കത്തോലിക്കനായാൽ ജനങ്ങരം അദ്ദേഹത്തെ കൈവെടിയും; മാർത്തോമ്മാ വിശ്രദ്ധവസ്തുക്കരം ക്രയവിക്രയം ചെയ്യുന്നവനാണ്—തുടങ്ങിയ കാര്യങ്ങളാണ് കത്തുകളിൽ കൊള്ളിച്ചിരുന്നതു്.

മല്ലാനും സഹപ്രവർത്തകനും 1780 ജൂൺ 30-ാംതീയതി പോർച്ചുഗലിലെത്തി. തലസ്ഥാനമായ ലിസ്ബണിലാണവർ താമസിച്ചതു്. കൊടുങ്ങല്ലൂർ അതിരൂപതയുടെ മെത്രാപ്പോലീത്തായായി ഡോ. കരിയാററിയെ നിയോഗിച്ചുകൊണ്ടുള്ള കല്പന 1782 ഡിസംബർ 16-ാംതീയതിയുണ്ടായി. 11-ാം ക്ലമൻറ് മാർപ്പാപ്പായാണ് ആ നിയമനം നടത്തിയതു്. ലിസ്ബൺ നഗരത്തിൽവച്ചു് 1783 മാർച്ചുമാസത്തിൽ അഭിഷേക കർമ്മം നിർവ്വഹിച്ചു.

ആഹ്ലാദംകൊണ്ടു കരിയാററിമെത്രാപ്പോലീത്തായെ കോരിത്തരിപ്പിച്ച ഒരു തീരുമാനം തുടർന്നും റോമിൽ നിന്നുണ്ടായി. തങ്ങളുടെ യാത്രയുടെ പരമോദ്ദേശ്യമാണ് അതുമൂലം സാധിതപ്രായമായതു്. മാർത്തോമ്മായുടെ പുനരൈക്യം സംബന്ധിച്ച ആകാംക്ഷാനിർഭരമായ കാര്യം. ആ പുനരൈക്യം നടത്തുന്നതിനുള്ള അധികാരം മെത്രാപ്പോലീത്താക്കു ലബ്ധമായി. ഗോവാ മെത്രാപ്പോലീത്തായുടെ ഒരു പ്രതിപുരുഷൻെറ സന്നിധിയിൽവച്ചു പുനരൈക്യം നടത്തുന്നതിനായിരുന്നു നിർദ്ദേശം.

ആഫ്രിക്കാവൻകര ചുററിയുള്ള ദുർഘടതനിറഞ്ഞ വഴിയേതന്നെയാണ് മടക്കയാത്രയും നടത്തേണ്ടിയിരു

www.malankaralibrary.com



ന്നതു്. ക്ലേശംനിറഞ്ഞതെങ്കിലും സംതൃപ്തമായ ആ യാത്ര 1785-ൽ പോർച്ചുഗലിൽനിന്നാരംഭിച്ചു. 1786 മെയ്മാസം 1-ാംതീയതി ആ കേരളപുത്രൻ ഗോവയിലെത്തി; സഭാസംബന്ധമായ കാര്യങ്ങൾക്കുവേണ്ടി അവിടെയും കുറെനാൾ താമസിക്കേണ്ടിവന്നു. ഞെട്ടിക്കുന്ന ഒരു വാർത്ത ആ സെപ്റ്റംബർ 9-ാംതീയതിയുണ്ടായി; വളരെ ആകസ്മികമായി കരിയാററിമെത്രാപ്പോലീത്താ അന്തരിച്ചു.

സുപ്രതീക്ഷാവിജയിയായ ആ നസ്രാണിനേതാവു് വിജയശ്രീലാളിതനായിട്ടത്രേ നാട്ടിലേക്കു കുതിച്ചതു്. എങ്കിലും, ആ ധീരൻ നേടിയെടുത്ത സൽഫലം നുകരുവാൻ ഹതഭാഗ്യയായ കേരളസഭയ്ക്കു സാധിച്ചില്ല. ആ ധീരനായകൻെറ സ്മരണയിൽ അഭിമാനംകൊള്ളുന്നവരാണു് കേരളീയർ. ആ ഭൗതികാവശിഷ്ടങ്ങൾ ജന്മനാട്ടിലെത്തിക്കുവാൻ അവർ അത്യധ്വാനം ചെയ്തു. 1961 ഏപ്രിൽ 11-ാംതീയതിയാണു് അതു സാധിച്ചതു്. ഗോവയിൽനിന്നു കൊണ്ടുവന്ന ഭൗതികാവശിഷ്ടങ്ങൾ ഇടവകയായ ആലങ്ങാട്ടുപള്ളിയിൽ സ്ഥാപിച്ചു.

പാറേമ്മാക്കലച്ചനെ സ്മരിക്കവേ പാലാബിഷപ്പ് മാർ സെബാസ്റ്റ്യൻ വയലിൽ പ്രസംഗിച്ചു: ''...... ആ വിശ്വാസതീക്ഷ്ണതയോടും സേവനതൃഷ്ണയോടും കൂടെ അദ്ദേഹത്തിൻെറ പിൻഗാമികൾ സഭയെ ഭരിച്ചിരുന്നെങ്കിൽ കേരളസഭാചരിത്രംതന്നെ മറെറാന്നാകുമായിരുന്നു.'' മുൻമുറക്കാരായ മഹാന്മാരെ വിസ്മരിക്കുന്ന സമുദായം സാംസ്കാരികമായി വളരുകയില്ല.

''താതൻ മറന്നാൽ തനയൻ തുടർന്നു
തദ്വൃത്തഖണ്ഡം പരിപൂർണ്ണമാക്കും''

www.malankaralibrary.com



എന്നതാണ് സ്വീകാര്യമായ നയം. കരിയാററിമെത്രാപ്പോലീത്താ കഠിനയത്നം ചെയ്തു നേടാൻ കൊതിച്ച സഭൈക്യക്കാര്യം ഇനിയും നിറവേറിയിട്ടില്ല, അതു് അപരിഹൃതമായി നിലകൊള്ളുന്നു. ധന്യനായ കരിയാററിയുടെ പിൻമുറക്കാരും മാർത്തോമ്മായുടെ പിൻമുറക്കാരും ഇന്നുമുണ്ടു്. അന്നത്തെ പ്രതിബന്ധം നീങ്ങിയിട്ടുണ്ടെന്നതു നേരുതന്നെ. എന്നാലും, അവക്കിടയിലുള്ള അകലം ഇനിയും കുറഞ്ഞിട്ടില്ല; സമുദായഗാത്രത്തിലെ ആ മുറിവു കരിഞ്ഞിട്ടില്ല. ഐക്യബോധവും സൗഹൃദാന്തരീക്ഷവും ലോകമെമ്പാടും വളരുന്നുണ്ടു്. ''മാംസത്തിൽനിന്നുള്ള മാംസവും രക്തത്തിൽനിന്നുള്ള രക്ത''വുമായ കേരളസഭയിലെ ഏററം അടുത്തവർ തമ്മിലുള്ള അകലം കുറയുന്നില്ല. അതിൻെറ ആവശ്യബോധം ആക്കും ഉണ്ടാകുന്നില്ല. ധീരനായ മാർ കരിയാററിയുടെ ത്യാഗോജ്ജ്വലത ഒരിക്കൽക്കൂടി വെളിച്ചം തെളിക്കാൻ എത്തിയെങ്കിൽ!

⁂

www.malankaralibrary.com

# രജതരശ്മികൾ

വി. കിളിച്ചിമല

ത്യാഗോജ്ജ്വലതയുടെ ആറു ചിത്രീകരണങ്ങൾ. സ്ക്വാഡ്രൺ ലീഡർ മാത്യു സിറിയക്കു്, മാക്സിമില്യൻ കോൾബേ, ഫാ. ഔറേലിയൻ, ഫാ. സക്കറിയാസ്, ബിഷപ്പ് വൊയ്റ്റീവ, മാർ യൗസേപ്പ് കരിയാററി എന്നീ ധീരമതികളാണ് അണിനിരക്കുന്നതു്. ആത്മത്യാഗത്തിന്റെ അന്യാദൃശത, ആത്മാഹുതിയുടെ അനർഘത, ആധ്യാത്മികോദ്ധൃതിയുടെ ഉത്തുംഗത, അനുരഞ്ജനത്തിന്റെ വശ്യത, ധാർമ്മികസ്ഫുലിംഗത്തിന്റെ ചാരുത, രക്തസാക്ഷിത്വത്തിന്റെ സാഹസികത തുടങ്ങി ഉദാത്തതയുടെ കഥ ഓരോ ചിത്രവും പറയും. ആദർശചരിതങ്ങൾ ആവശ്യമുണ്ടോ? ഈ ചിത്രീകരണങ്ങൾ സ്വീകരിക്കുക. ഇതിലെ ചടുലമായ ഭാഷയും സരസമായ അവതരണവും നിങ്ങളെ വശീകരിക്കാതിരിക്കയില്ല.

പ്രസാധകർ

എസ്. എച്ച്. ലീഗ്

ആലുവാ-683 103

വില രൂ. 12

www.malankaralibrary.com

MALANKARA
LIBRARY